**ദരിദ്രർക്ക് അവരുടെ ഏതൊരു ആവശ്യത്തിനും ലളിതമായ രീതിയിൽ വായ്പ ലഭ്യമാകുന്നു എന്നുള്ളതു മാത്രമല്ല സ്വയംസഹായസംഘങ്ങളുടെ പ്രാധാന്യം. അവരിലെ ലഘുസമ്പാദ്യങ്ങൾ സ്വരൂപിക്കുവാനും ഉത്പാദന മേഖലക്ക് ഉപയോഗപ്പെടുത്തുവാനും കഴിയുകവഴി അംഗങ്ങളെ ശാക്തീകരിക്കുവാനും രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുവാനും കഴിയുന്നു.**

# തൊഴിൽസംരംഭങ്ങൾക്ക് സ്വയംസഹായസംഘങ്ങൾ

**ടി.എസ്. ചന്ദ്രൻ**

യൂണൈറ്റഡ് നേഷൻസ് 2005-ാമാണ്ടിനെ മൈക്രോ ഫൈനാൻസ് വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിൽ നിന്നു തന്നെ മൈക്രോ ഫൈനാൻസിന്റെ ആഗോള പ്രാധാന്യം നമുക്ക് വ്യക്തമാകുന്നു. ലോക രാജ്യങ്ങളുടെ ദാരിദ്ര്യ നിർമാർജനത്തിനുള്ള ഏറ്റവും ഫലപ്രദമായ ഒരു പദ്ധതിയായാണ് സ്വയംസഹായസംഘങ്ങളിലൂടെയുള്ള മൈക്രോ ഫൈനാൻസുകളെ, കാണുന്നത്. 100 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ഗ്ലോബൽ മൈക്രോ ക്രെഡിറ്റ് സമ്മേളനം നടന്നത് 2000-ാമാണ്ടിലാണ്. ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾ സംബന്ധിച്ച ഈ സമ്മേളനത്തിന് നേതൃത്വം വഹിച്ചത് അമേരിക്കൻ പ്രസിഡന്റ് ക്ലിന്റന്റെ പ്രിയ പത്നി ഹിലാരി ക്ലിന്റൺ ആയിരുന്നു. 2005-ാമാണ്ടോടു കൂടി ലോകത്തെ ദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിന് ഏറ്റവും ശക്തമായ ആയുധമായി സ്വയംസഹായസംഘങ്ങൾ വഴിയുള്ള മൈക്രോ ഫൈനാൻസുകളെ ഉപയോഗപ്പെടുത്തുവാൻ ഈ സമ്മേളനം ആഹ്വാനം ചെയ്തു.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധനകാര്യമന്ത്രിയായിരുന്ന യശ്വന്ത് സിൻഹ ഈ ആശയത്തിന് ഭാരതമെമ്പാടും വലിയ പ്രാധാന്യമാണ് നൽകിയത്. 2005-06-ലെ കേന്ദ്രബഡ്ജറ്റിൽ 200 കോടി രൂപയാണ് കേന്ദ്ര ധനമന്ത്രിയായ ശ്രീ.ചിദംബരം നീക്കി



വച്ചിരിക്കുന്നത്. ഇതിൽ നിന്നും കേന്ദ്ര സർക്കാർ എത്ര വലിയ പ്രാധാന്യമാണ് സ്വയംസഹായസംഘങ്ങളുടെ രൂപീകരണത്തിനും, മൈക്രോ ഫൈനാൻസിന്റെ വ്യാപനത്തിനും നൽകുന്നതെന്ന് വ്യക്തമാകുന്നു. ദരിദ്രരിൽ ദരിദ്രരായവരെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരുന്നതിന് ഇതല്ലാതെ വേറൊരു പോംവഴി ഇല്ലെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

ദരിദ്രർക്ക് അവരുടെ ഏതൊരു ആവശ്യത്തിനും ലളിതമായ രീതിയിൽ വായ്പ ലഭ്യമാകുന്നു എന്നുള്ളതു മാത്രമല്ല സ്വയം സഹായസംഘങ്ങളുടെ പ്രാധാന്യം. അവരിലെ ലഘുസമ്പാദ്യങ്ങൾ സ്വരൂപിക്കുവാനും ഉത്പാദന മേഖലക്ക് ഉപയോഗപ്പെടുത്തുവാനും കഴിയുകവഴി അംഗങ്ങളെ ശാക്തീകരിക്കുവാനും രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുവാനും കഴിയുന്നു. അംഗങ്ങളിൽ നിന്നും ആഴ്ചകൾ തോറും പിരിക്കുന്ന ത്രിഫ്റ്റ് അവരുടെ ആവശ്യം കഴിഞ്ഞ് മാറ്റിവക്കുന്ന സമ്പാദ്യമല്ല മറിച്ച് ആവശ്യത്തിലെ ചില ഘടകങ്ങൾ വേണ്ടെന്ന് വച്ച് മാറ്റിവക്കപ്പെടുന്ന ത്യാഗത്തിന്റെ ഫലമാണ്. അതുകൊണ്ട് തന്നെ ഈ പണത്തിന്റെ മൂല്യം വളരെ കൂടുതലാണ്. തൊട്ടാൽ പൊള്ളുന്ന പണമായാണ് എസ്. എച്ച്. ഗ്രൂപ്പിലെ ത്രിഫ്റ്റിനെ കാണുന്നത്.

സ്വാതന്ത്ര്യത്തിന് ശേഷം ഭാരതത്തിൽ ദാരിദ്ര്യ നിർമാർജനവും ദരിദ്രരുടെ സർവ്വതോന്മുഖമായ പുരോഗതിയും ലാക്കാക്കി നിരവധി ക്ഷേമപദ്ധതികൾ സർക്കാരുകൾ പ്രഖ്യാപിക്കുകയുണ്ടായി. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ധാരാളം പണവും സർക്കാർ വ്യയം ചെയ്തു. ദരിദ്രരുടെ അടിസ്ഥാന ആവശ്യങ്ങൾക്കും താത്പര്യങ്ങൾക്കും നിപുണതക്കും ഈ പദ്ധതികളിൽ ആവശ്യമായ പരിഗണന ലഭിക്കുകയുണ്ടായില്ല. അതുകൊണ്ട് തന്നെ ദരിദ്രരായവരിൽ ഏറെയും ഇപ്പോഴും ദരിദ്രരായിത്തന്നെ തുടരുകയാണ്. പാവപ്പെട്ടവർക്ക് വളരെ ചെറിയ തുകകൾ നിരന്തരം ആവശ്യമുണ്ട്. എന്നാൽ സർക്കാരിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പാ വിതരണം പലപ്പോഴും ആവശ്യസമയത്ത് വേണ്ടരീതിയിൽ ഉപയോഗപ്പെടാറില്ല . നിയമങ്ങളും ചട്ടങ്ങളും നൂലാമാലകളും ജാമ്യ വ്യവസ്ഥകളും മറ്റും പലപ്പോഴും ബാങ്ക് വായ്പ ഈ ദുർബലവിഭാഗങ്ങൾക്ക് അപ്രാപ്യമാക്കി തീർക്കുന്നു. അതുകൊണ്ട് കൊള്ളപലിശക്ക് പണം വാങ്ങുവാൻ ഈ വിഭാഗങ്ങൾ നിർബന്ധിതരായി തീരുന്നു. അംഗങ്ങളിൽ നിന്നു തന്നെ നിശ്ചിതമായി പിടിക്കുന്ന ത്രിഫ്റ്റുകൾ ഒത്തുചേർത്തുകൊണ്ട്, പ്രസ്തുത തുക അവർക്കു തന്നെ വായ്പയായി നൽകുന്നു. വായ്പ നൽകാവുന്ന പരിധിയിൽ കൂടുതൽ അപേക്ഷകരുണ്ടായാൽ അവരിലെ മുൻഗണനാ ക്രമം അവർ കൂട്ടായിത്തന്നെ നിശ്ചയിക്കുന്നു. അങ്ങനെ വീട്ടുമുറ്റത്തൊരു ബാങ്കായി മൈക്രോ ഫൈനാൻസ് സംവിധാനം അറിയപ്പെടുന്നു. സ്വാഗതപ്രസംഗവും അദ്ധ്യക്ഷപ്രസംഗവും ചർച്ചകളും ത്രിഫ്റ്റ് കളക്ഷനും, വായ്പ വിതരണവും വായ്പാ തിരിച്ചടവും ഉപസംഹാരപ്രസംഗവും എല്ലാം ഓരോ അംഗവും നിരന്തരമായി ആഴ്ചകൾതോറും ചെയ്തു വരുന്ന രീതിയാണ് സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനത്തിലുള്ളത്. ഇതുവഴി അംഗങ്ങളിലെ നേതൃത്വ ഗുണവും പൊതുവിഷയങ്ങളിലെ അറിവും വർദ്ധിപ്പിക്കുവാനും, അത് രാജ്യത്തിന് മുതൽക്കൂട്ടുവാനും സാധിക്കുന്നു.

10 മുതൽ 20 വരെ അംഗങ്ങളുള്ളതും ഒരേ സാമ്പത്തിക സാമൂഹ്യ നിലവാരത്തിലുള്ളതും ജനാധിപത്യ രീതിയിൽ അധിഷ്ഠിതവുമായ അംഗങ്ങളുടെ ഗ്രൂപ്പുകളാണ് സ്വയംസഹായസംഘങ്ങൾ. സാമൂഹ്യമായ ഒത്തുചേരലിലൂടെ രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക, ദാരിദ്ര്യ നിർമാർജനം സാധ്യമാക്കുക, സൂക്ഷ്മ സാമ്പത്തിക വായ്പകളും സഹായങ്ങളും ലഭ്യമാക്കുക എന്നിയെല്ലാമാണ് സ്വയം സഹായ സംഘങ്ങളുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

രൂപീകരണത്തിൽ തുടങ്ങി അംഗങ്ങളുടെ സ്വയം പര്യാപ്തതയോടെയുള്ള ശാക്തീകരണത്തിൽ അവസാനിക്കുകയല്ല



10 മുതൽ 20 വരെ അംഗങ്ങളുള്ളതും ഒരേ സാമ്പത്തിക സാമൂഹ്യ നിലവാരത്തിലുള്ളതും ജനാധിപത്യ രീതിയിൽ അധിഷ്ഠിതവുമായ അംഗങ്ങളുടെ ഗ്രൂപ്പുകളാണ് സ്വയം സഹായസംഘങ്ങൾ.

മറിച്ച് അതിന് സ്ഥായിയായ നിലനില്പ് കൂടി ഉണ്ടെങ്കിലേ ലക്ഷ്യം പൂർത്തിയാകുന്നുള്ളു. താത്കാലികമായ സാമ്പത്തിക നേട്ടങ്ങളല്ല സ്ഥിരമായ സാമ്പത്തിക- സാമൂഹിക ഉന്നമനമാണ് ഇവ ലക്ഷ്യമാക്കുന്നത്. അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും മാനസികവുമായ തലങ്ങളിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് ഹേതുവായി സ്വയം സഹായസംഘങ്ങൾ മാറുകയാണ് ചെയ്യുന്നത്.

മൈക്രോ ഫൈനാൻസിലൂടെ കടന്നു വരുന്ന ഈ സംഘങ്ങൾ മൈക്രോ എന്റർപ്രൈസസിലേക്ക് കടക്കുമ്പോഴാണ് അത് സമൂഹത്തിന് മൊത്തത്തിൽ മുതൽക്കൂട്ടായി മാറുന്നത്. ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുവാനും പ്രാദേശിക വിഭവങ്ങൾ വ്യവസായികമായി ഉപയോഗപ്പെടുത്തുവാനും അംഗങ്ങളുടെ സ്കിൽ വർദ്ധിപ്പിക്കുവാനും പ്രാദേശികമായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമീണരുടെ തൊഴിൽ തേടിയുള്ള പട്ടണത്തിലേക്കുള്ള ഒഴുക്ക് നിയന്ത്രിക്കുന്നതിനും പ്രാദേശികമായി മൂലധന സ്വരൂപണവും നിക്ഷേപവും നടത്തുന്നതിനും കാർഷിക ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും, ഡിമാന്റും ഉറപ്പാക്കുന്നതിനും പ്രദേശിക വ്യാവസായിക പുരോഗതിയിലൂടെ രാജ്യത്തെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും മൈക്രോ എന്റർപ്രൈസുകളിലൂടെ കഴിയുന്നു. ഗ്രാമീണമേഖലയിൽ പാഴായിപോകുന്ന അദ്ധ്വാന ശക്തി പ്രത്യേകിച്ച് സ്ത്രീകളുടെ ശക്തി ഉത്പാദന മേഖലക്ക് മുതൽക്കൂട്ടുന്നതിന് കഴിയുക എന്നത് നിസ്സാര കാര്യമല്ല. ഈ അദ്ധ്വാന ശക്തിയെ സംസ്കരിച്ച് ഉത്പാദനക്ഷമമാക്കി രൂപപ്പെടുത്താനുള്ള പരിശീലന കേന്ദ്രങ്ങളായി സ്വയംസഹായസംഘങ്ങൾ മാറുകയാണ് ചെയ്യുന്നത്. മൈക്രോ ഫൈനാൻസ് പ്രവർത്തനങ്ങൾ 6 മാസമെങ്കിലും പൂർത്തിയാക്കിവരുന്ന സംഘങ്ങളെ ഗ്രേഡിങ്ങ് നടത്തിയാണ് ഗവൺമെന്റോ, എൻ.ജി.ഒ.യോ ഇവരെ മൈക്രോ എന്റർപ്രൈസിന്റെ തലത്തിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നത്.

ഇന്ന് സ്വയംസഹായസംഘങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ലാഭകരമായി ചെയ്യാൻ കഴിയുന്ന മൈക്രോ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിന് കഴിയുന്നില്ല എന്നതാണ്. ഇതുകൊണ്ട് തന്നെ പാകമായ സംഘങ്ങളെ മൈക്രോ എന്റർപ്രൈസസുകളിലേക്ക് കൊണ്ടുവരുവാനും വ്യാവസായികമായി വളർത്തുവാനും കഴിയുന്നില്ല. ഇവിടെയാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാധാന്യമർഹിക്കുന്നത്. കുടുംബശ്രീ പദ്ധതിപ്രകാരമുള്ള അയൽക്കൂട്ടങ്ങളെയും ഗ്രാമവികസനവകുപ്പിന്റെ വികസനബ്ലോക്കുകൾ വഴി നടപ്പാക്കിവരുന്ന സ്വയംസഹായസംഘങ്ങളെയും നിരവധി സാമുദായികസംഘടനകളും ചാരിറ്റബിൾ സംഘടനകളും നേതൃത്വം നൽകുന്ന എൻ.ജി.ഒ.കൾ വഴി പ്രവർത്തിക്കുന്ന മൈക്രോ ഫൈനാൻസിൻസ് സംഘങ്ങളേയും, വരുമാനമുണ്ടാക്കാവുന്ന തൊഴിൽ സംരംഭങ്ങളായി ഉയർത്തികൊണ്ടു വരാനുള്ള പ്രവർത്തനങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സേവനം ലഭ്യമാണ്. വികസന ബ്ലോക്കുകൾ മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ വികസന ഓഫീസർമാരിൽ നിന്നും താലൂക്ക്-ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിന്റെ ഓഫീസുകളിൽ നിന്നും മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഉപദേശങ്ങളും നിർദേശങ്ങളും സഹായങ്ങളും, എസ്കോർട്ട് സർവീസും ലഭ്യമാണ്. പ്രാദേശിക വിഭവങ്ങൾ കണ്ടെത്തൽ, രജിസ്ട്രേഷനും സഹായ നിരക്കിൽ വൈദ്യുതി കണക്ഷനും ഏർപ്പാടാക്കൽ, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ വിപണി



**മൈക്രോ ഫൈനാൻസിലൂടെ കടന്നു വരുന്ന ഈ സംഘങ്ങൾ മൈക്രോ എന്റർപ്രൈസസിലേക്ക് കടക്കുമ്പോഴാണ് അത് സമൂഹത്തിന് മൊത്തത്തിൽ മുതൽക്കൂട്ടായി മാറുന്നത്.**



സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കൽ, സ്ഥിര വായ്പയോ, പ്രവർത്തന മൂലധന വായ്പയോ ആവശ്യമുണ്ടെങ്കിൽ അവ ഏർപ്പാടാക്കൽ, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ഏർപ്പാടാക്കൽ, ലാഭകരമായി സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ നൽകൽ, ഈ വിധത്തിൽ എല്ലാം തന്നെ മൈക്രോ എന്റർപ്രൈസസുകളെ വളർത്തികൊണ്ടു വരുന്നതിന് വ്യവസായ വകുപ്പിന് കഴിയുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒന്നരലക്ഷത്തോളം വരുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും, ഒരു ലക്ഷത്തോളം വരുന്ന ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങളെയും, സമുദായ സംഘടനകളിൽ ഉൾപ്പെടെയുള്ള എൻ.ജി.ഒ.കളുടെ കീഴിൽ പ്രവർത്തിക്കുന്ന ഒന്നരലക്ഷത്തോളം വരുന്ന മൈക്രോ സംഘങ്ങളെയും തൊഴിൽ സംരംഭങ്ങളിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ പ്രാദേശിക വികസനത്തിൽ ഒരു നാഴികക്കല്ലായി മൈക്രോ എന്റർപ്രൈസസുകൾ മാറുന്നതാണ്. 1970-കളിൽ ബംഗ്ലാദേശിൽ നിലനിന്നിരുന്ന കടുത്ത ദാരിദ്ര്യത്തെ മറികടക്കുന്നതിന് പ്രൊഫസർ മുഹമ്മദ് യൂനസ് എന്ന സാമൂഹ്യചിന്തകനാണ് മൈക്രോ സംരംഭങ്ങൾക്ക് വിത്ത് പാകിയത്. മൈക്രോ ഫൈനാൻസും, കമ്മ്യൂണിറ്റി ബാങ്കിംഗും എന്ന ആശയം ഗ്രാമീണ സ്ത്രീകളുടെ ഉന്നമനത്തിനുള്ള ആയുധമാക്കി മാറ്റുകയാണ് അദ്ദേഹം ചെയ്തത്. ബംഗ്ലാദേശ് ഗ്രാമീൺ ബാങ്ക് ഇതിന്റെ പ്രചാരണത്തിനും ഫലപ്രദമായ നടത്തിപ്പിനും വലിയ പങ്കാണ് വഹിക്കുന്നത്. ഇന്ത്യയിൽ സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയും (എസ്.ഐ.ഡി.ബി.ഐ.) നബാർഡും മൈക്രോ ഫൈനാൻസുകളുടെ വ്യാപനത്തിനും വളർച്ചക്കും സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകികൊണ്ടിരിക്കുന്നു. ഭക്ഷ്യ സംസ്കരണം ഗൃഹ ഉപകരണഉത്പന്നങ്ങൾ റബ്ബർ അധിഷ്ഠിത സംരങ്ങൾ, ഗാർമെന്റ്സ് ബേക്കറി, കേര-ഉത്പന്നങ്ങൾ, ആയുർവേദ ഔഷധ ഉത്പന്നങ്ങൾ, പേപ്പർ/പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ, ജൈവകൃഷി, ഹോട്ടൽ/റസ്റ്റോറന്റ് തുടങ്ങിയ മേഖലകളിലെല്ലാം കൂട്ടായ സംരംഭങ്ങൾക്ക് വലിയ സാധ്യതകൾ ഉണ്ട്. ഈ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മൈക്രോ ഫൈനാൻസ് സംഘങ്ങളെ മൈക്രോ എന്റർപ്രൈസസ് സംഘങ്ങളാക്കി ഉയർത്തിക്കൊണ്ടുവന്നെങ്കിൽ മാത്രമേ ഈ പ്രാദേശിക ശക്തിസ്രോതസ്സുകളെ വ്യവസായ വികസനത്തിന് ഉപയോപ്പെടുത്തുവാൻ സാധിക്കൂ . ■





എം. ആർ. ശശിധരൻ

# പ്രൊഫസർ എം. കൃഷ്ണൻനായർ

## (1923-2006)

സാഹിത്യത്തിൽ സത്യമേയുള്ളൂ; പ്രിയമായാലും അപ്രിയമായാലും. സത്യം സത്യം മാത്രം. ഈ സിദ്ധാന്തം അക്ഷരംപ്രതി പ്രാവർത്തികമാക്കിയ ഒരേ ഒരു നിരൂപകനേയുള്ളൂ, പ്രൊഫ. എം. കൃഷ്ണൻനായർ. മുഖം നോക്കാതെ വിമർശനം എന്നത് രചനകളിൽ മാത്രം ശ്രദ്ധിക്കുന്നവർക്കുള്ള അപാരമായ സിദ്ധിയാണ്. കൃഷ്ണൻനായർക്ക് മാത്രം അവകാശപ്പെടാവുന്നതും അതാണ്.

മലയാള സാഹിത്യത്തെ എന്നപോലെ ലോകസാഹിത്യത്തെയും സാധാരണക്കാർ ഉൾപ്പെടെ എല്ലാ അനുവാചകർക്കും പരിചയപ്പെടുത്തിക്കൊടുക്കുന്ന കാര്യത്തിൽ അദ്ദേഹം വിജയിച്ചു. സാഹിത്യ നിരൂപണത്തിന് നല്കിയ പുത്തൻ ശൈലി അനുകരിക്കാൻ മറ്റാർക്കും കഴിയാതെ പോയതുതന്നെ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് തിളക്കം കൂട്ടുന്നു. സ്ഥിരമായ മിത്രവും സ്ഥിരമായ ശത്രുവുമില്ലാത്ത നിർഭയന് സത്യം ഉറക്കെപ്പറയാൻ അവകാശമുണ്ട്; ആ ധർമം കൃത്യമായി നിർവഹിച്ച കൃഷ്ണൻനായർക്ക് സാഹിത്യത്തോട് മാത്രമായിരുന്നു പ്രതിബദ്ധത. എന്നാൽ വ്യക്തിബന്ധവും സ്നേഹവും അങ്ങേയറ്റം നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. സൗഹൃദബന്ധം എക്കാലവും ഊഷ്മളമായി നിലനിർത്താൻ അവസാന ദിവസം വരെയും ശ്രദ്ധിച്ചിരുന്നു.

"എന്റെ വീട്ടിലെ പുഷ്പഭാജനത്തിൽ പൂക്കൾ അടുക്കിയത് ഭംഗിയായില്ല എന്ന് എനിക്ക് തോന്നുന്നതിന് ഹേതു താങ്കളുടെ വീട്ടിലെ പുഷ്പസംവിധാനം രമണീയമാണ് എന്നത്രെ. രണ്ടാമൂഴം പോരാ എന്ന് തോന്നുന്നത് യയാതി വായിച്ചതിനാലാണ്. ചെമ്മീൻ നല്ല പ്രേമകഥയാണെങ്കിലും യുക്തിയോമിഷിമയുടെ 'The Sound of the Waves' എന്ന നോവലിന് ഉത്കൃഷ്ടത കൂടും. ഈ താരതമ്യ വിവേചനമില്ലാതെ ആസ്വാദനം സാധ്യമല്ല....." കൃഷ്ണൻ നായരുടെ സത്യസന്ധതയും നിർഭയ നിരൂപണവും വ്യക്തമാക്കാൻ ഈ അഭിപ്രായം ധാരാളം. ■

# പുതിയ മാനങ്ങൾ തേടി ആറന്മുള കണ്ണാടി

ഡോ. എൽസി. സി. ആർ

**പലരാജ്യങ്ങളും ഭൂപ്രദേശ സംരക്ഷണ നിയമങ്ങൾ സമർത്ഥമായി ഉപയോഗിച്ച് ആഗോളതലത്തിൽ തങ്ങളുടെ ഉത്പാദനങ്ങളെ ഉയർത്തിക്കാട്ടി നേട്ടങ്ങൾ കൊയ്തു. പാരമ്പര്യ സാങ്കേതികവിദ്യയും കേരളീയ സംസ്കാരവും പ്രതിഫലിക്കുന്ന ആറന്മുളക്കണ്ണാടിയെയും ഇത്തരത്തിൽ ലോകവിപണിയിൽ എത്തിക്കാൻ സജീവ ശ്രമം നടന്നുവരുന്നു.**



ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന പരമ്പരാഗത ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട ആഗോള വിപണി കണ്ടെത്തുവാനും, അത്തരം ഉത്പന്നങ്ങൾ നിർമിക്കുന്ന പരമ്പരാഗത ഉത്പാദകരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുമായി ലോക വ്യാപാര സംഘടനക്കു കീഴെ ഒട്ടേറെ കരാറുകളും നിബന്ധനകളും നിലവിലുണ്ട്. പ്രത്യേക ഭൂപ്രദേശങ്ങളിൽ നിർമിക്കപ്പെടുന്നതുമൂലം സവിശേഷമായ ഗുണങ്ങളും ഖ്യാതിയും കൈവരുന്ന ഉത്പന്നങ്ങളെ സൂചിപ്പിക്കാൻ ഭൂപ്രദേശസൂചകങ്ങൾ (Geographical indications) എന്ന പദമാണ് ആഗോളതലത്തിൽ ഉപയോഗിച്ചു വരുന്നത്. നമ്മുടെ നാട്ടിലെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ പദമാണെങ്കിലും, യൂറോപ്പിലുള്ള പരമ്പരാഗത വീഞ്ഞുകളായ ഷാംപെയ്ൻ, കോണ്യാക് തുടങ്ങിയവയുടെ നിർമാതാക്കൾ ഭൂപ്രദേശ സൂചകസംരക്ഷണ നിയമങ്ങൾ സമർത്ഥമായി ഉപയോഗിച്ച് ആഗോളതലത്തിൽ പരമാവധി അവകാശങ്ങൾ നേടിയെടുക്കുന്നതിൽ അസൂയാവഹമായ സാമർത്ഥ്യം പ്രകടിപ്പിക്കുന്നുണ്ട്. പ്രത്യേക ഭൂപ്രദേശങ്ങളാൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതു ഉത്പന്നങ്ങളുടെ സംരക്ഷണത്തിനും രജിസ്ട്രേഷനുമായി, ഇന്ത്യയിൽ 1999-ൽ അംഗീകരിക്കപ്പെട്ട ഭൂപ്രദേശസൂചകങ്ങളുടെ സംരക്ഷണവും രജിസ്ട്രേഷനും സംബന്ധിച്ച ആക്ട്, 2005 മുതൽ നടപ്പിലായിക്കഴിഞ്ഞു. പ്രത്യേക ഭുപ്രദേശങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്നതു മൂലം ഗുണമേന്മയും ഖ്യാതിയും കൈവരുന്ന കരകൗശലവസ്തുക്കൾ, ഭക്ഷ്യവിഭവങ്ങൾ, കാർഷിക ഉത്പന്നങ്ങൾ, പ്രകൃതി വിഭവങ്ങൾ എന്നിവയെയെല്ലാം ഈ നിയമത്തിന് കീഴെ രജിസ്റ്റർ ചെയ്ത് അവയുടെ ഉത്പാദകർക്ക് ലോകവ്യാപാര സംഘടന നൽകുന്ന അവകാശങ്ങൾ നേടിയെടുക്കാവുന്നതാണ്. ഇന്ത്യയിൽ നിന്നുള്ള ചുരുക്കം ചില ഉത്പന്നങ്ങളേ ഈ നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. നമ്മുടെ കൊച്ചു കേരളത്തിൽ നിന്നും ഭൂപ്രദേശ സൂചകമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരേ ഒരു ഉത്പന്നം ആറന്മുള കണ്ണാടിയാണ്. ഈ ലോഹക്കണ്ണാടിയുടെ നിർമാണ ചരിത്രവും, ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്യപ്പെടാനുണ്ടായ സാഹചര്യവും അറിയുന്നത് രസാവഹമാണ്.

ഇന്ന് നാം വ്യാപകമായി ഉപയോഗിക്കുന്ന സിലിക്കൺ കണ്ണാടികൾ നിർമിക്കാൻ തുടങ്ങിയതിന് മുമ്പേ തന്നെ ആറന്മുളക്കണ്ണാടി നിർമിച്ചു തുടങ്ങിയിരുന്നു. ഈജിപ്റ്റ്, റോം തുടങ്ങിയ നാടുകളിലും ലോഹക്കണ്ണാടി നിർമാണം നിലനിന്നിരുന്നുവെങ്കിലും അവയ്ക്കൊന്നും ആറന്മുളക്കണ്ണാടിയുടെ സവിശേഷതകളും, ഗുണമേന്മയും ഇല്ലായിരുന്നുവത്രെ. പാരമ്പര്യസാങ്കേതിക വിദ്യയും സംസ്കാരവും സമന്വയിക്കുന്നതായ അറന്മുളക്കണ്ണാടിയുടെ നിർമാണം 18-ാം നൂറ്റാണ്ടിലാണ് ആരംഭിച്ചത് എന്ന് ചരിത്രം പറയുന്നു. ലോഹസാങ്കേതിക വിദ്യക്ക് ദ്രാവിഡ സംസ്കാരം നൽകിയ ഉജ്ജ്വലമായൊരു സംഭാവനയായി ഈ ലോഹക്കണ്ണാടി പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്നു. മാത്രമല്ല ഈ ലോഹക്കണ്ണാടിക്ക് ദൈവികമായ ഒരുപരിവേഷമുണ്ട്. പാർവതീദേവിയുടെ കണ്ണാടി എന്നാണ് ആറന്മുളക്കണ്ണാടി വിശേഷിപ്പിക്കപ്പെടുന്നത്. ആറന്മുളക്കണ്ണാടി സൂക്ഷിച്ചിരിക്കുന്ന ഭവനത്തിൽ സർവ ഐശ്വര്യങ്ങളും വാഴും എന്ന് വിശ്വസിക്കപ്പെടുന്നു. അതുകൊണ്ട് ഭവനങ്ങളിൽ ആറന്മുളക്കണ്ണാടിക്ക് ഏറ്റവും ശ്രേഷ്ടമായ സ്ഥാനം തന്നെ നൽകി വരുന്നു.



തിരുവിതാംകൂറിലെ രാജാവായിരുന്ന ശ്രീ അനിഴം തിരുനാൾ മാർത്താണ്ഡവർമയുടെ കാലത്താണ് ആറന്മുളക്കണ്ണാടിയുടെ നിർമാണരഹസ്യം ആകസ്മികമായി ഉരുത്തിരിയുന്നത്. തെക്കൻകേരളത്തിലെ പത്തനംതിട്ട ജില്ലയിലെ ആറന്മുളയിലേക്കുള്ള പാർത്ഥസാരഥിക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് ഒരു ലോഹകിരീടം നിർമിക്കാനായി തമിഴ്നാട്ടിലെ തിരുനെൽവേലിയിലുള്ള ശങ്കരൻകോവിൽ എന്ന സ്ഥലത്ത് നിന്ന് രാജശാസനപ്രകാരം കൊണ്ടുവന്ന ലോഹപ്പണി വിദഗ്ധരാണ് ഈ കണ്ണാടിയുടെ ലോഹക്കൂട്ട് ആകസ്മികമായി ആദ്യം കണ്ടെത്തുന്നത്. ഓടും ചെമ്പും മറ്റു ലോഹങ്ങളും പല അനുപാതത്തിൽ ഉരുത്തിയെടുത്ത് കിരീട നിർമാണത്തിനായി പരീക്ഷിക്കുന്നതിനിടയിൽ അതീവ പ്രതിഫലനശേഷിയുള്ള ഒരു പ്രതലം ലഭിച്ചുവെന്നും, അത് തേച്ചുമിനുക്കി ആദ്യത്തെ ആറന്മുളക്കണ്ണാടി നിർമിച്ചുവെന്നും ചരിത്രം പറഞ്ഞവസാനിപ്പിക്കുന്നു. പക്ഷേ വാമൊഴിയായി കഥ പിന്നെയും നീളുന്നു. ആദ്യം കണ്ണാടി പ്രതലം നിർമിച്ച വിദഗ്ധർക്ക് അതിനുപയോഗിച്ച ലോഹമിശ്രിതത്തിന്റെ കൂട്ട് പുനർനിർമിക്കാൻ കഴിയാതെ വന്നുവെന്നും, പിന്നീട് ഈശ്വരകൃപയാൽ, ആ വിദഗ്ധരുടെ തന്നെ സമുദായത്തിൽപ്പെട്ട പാർവതിയെന്നൊരു വിധവയ്ക്ക് ഉറക്കത്തിൽ ലോഹക്കൂട്ടിന്റെ അനുപാതം വെളിവാക്കപ്പെട്ടുവെന്നും, അതിൻ പ്രകാരം ലോഹക്കൂട്ട് ഉരുക്കിയെടുത്ത് കണ്ണാടി നിർമാണം തുടർന്നുവെന്നും വിശ്വസിക്കപ്പെടുന്നു. ആറന്മുളക്കണ്ണാടിയെ പാർവതീദേവിയുടെ കണ്ണാടിയായി കരുതുന്നതിൽ ഈ കഥയും ഒരു നിമിത്തമായി വർത്തിക്കുന്നുണ്ടാകാം.

ലോകത്തിൽ വളരെ ചുരുക്കം ഇടങ്ങളിൽ മാത്രം നിർമിക്കപ്പെടുന്ന ലോഹക്കണ്ണാടികളേക്കാൾ ആറന്മുളക്കണ്ണാടിക്ക് ഒട്ടേറെ സവിശേഷതകളുണ്ട്. അതിനാൽ തന്നെ സ്വദേശത്തെയും, വിദേശത്തെയും ഒട്ടേറെ സർവകലാശാലകൾ ഇതിന്റെ നിർമാണരീതിയെപ്പറ്റിയും സാങ്കേതികവിദ്യയെപ്പറ്റിയും വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. 1992-93 കാലയളവിൽ പെൻസിൽവാനിയ യൂണിവേഴ്സിറ്റി നടത്തിയ പഠനം ഇതിൽ ഏറെ ശ്രദ്ധേയമാണ്. ഈ പഠനത്തിലൂടെ ലഭ്യമായ അറിവുകൾ ആർക്കിയോ മെറ്റലർജി എന്ന ശാസ്ത്രശാഖയ്ക്ക് മുതൽക്കൂട്ടാവുകയും ചെയ്തു.

ആറന്മുളക്കണ്ണാടിയുടെ നിർമാണത്തിലുപയോഗിക്കുന്ന ലോഹമിശ്രിതത്തിൽ ഏതാണ്ട് 70 ശതമാനത്തോളം ചെമ്പാണ്. ടിൻ, നാകം, ഫോസ്ഫറസ്, ഇരുമ്പ്, നിക്കൽ തുടങ്ങിയ ലോഹങ്ങളും ഇതിന്റെ ചേരുവകളായിട്ടുണ്ട്. ചില രഹസ്യലോഹങ്ങൾ ഇതിന്റെ മിശ്രിതത്തിന് സവിശേഷഗുണങ്ങൾ നൽകുന്നുവെന്ന ഒരു വിശ്വാസം നിലനിൽക്കുന്നുവെങ്കിലും ശാസ്ത്രീയ പഠനങ്ങളിൽ അവയുടെ സാന്നിധ്യം തിരിച്ചറിഞ്ഞിട്ടില്ല. ആറന്മുളക്കണ്ണാടിയ്ക്കുവേണ്ട ലോഹക്കൂട്ട് ഉരുക്കിച്ചേർക്കുമ്പോൾ ചില ചെടികളുടെ ഇലകൾ പൊടിച്ചു ചേർക്കുന്നതായും പറയപ്പെടുന്നു. ഈ ലോഹക്കൂട്ട് ഉരുക്കുന്നതും തണുപ്പിക്കുന്നതും വിവിധഭാഗങ്ങൾ ഉരുക്കിച്ചേർക്കുന്നതും പ്രത്യേക താപനിലകളിലും പ്രത്യേക ഇടവേളകളിലുമാണ്. കണ്ണാടിക്കുവേണ്ട മൂശയുണ്ടാക്കുന്നതിന് ആറന്മുളയിലെതന്നെ കളിമണ്ണാണ് ഉപയോഗിക്കുന്നതും. സവിശേഷമായ ലോഹക്കൂട്ടും, നിർമാണവിദഗ്ധരുടെ കരവിരുതും ഒത്തു ചേരുമ്പോഴാണ് ആറന്മുളക്കണ്ണാടിക്ക് തനതായ സവിശേഷതകൾ കൈവരുന്നതെങ്കിൽ ആ സവിശേഷതകൾ പൂർണമാകുന്നത് കണ്ണാടിപ്രതലത്തിന് നൽകുന്ന മിനുക്കലിലൂടെയാണ്. അവസാനഘട്ടത്തിലെ ഈ മിനുക്കൽ ഒട്ടേറെ ക്ഷമയും, അർപ്പണബോധവും, ശ്രദ്ധയും, വൈദഗ്ധ്യവും ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് കണ്ണാടിയുടെ ലോഹമിശ്രിതത്തിന്റെ അനുപാത രഹസ്യം പുറത്തറിയുമ്പോഴും, ആറന്മുളക്കണ്ണാടിയുടെ തനതു ഗുണങ്ങളും സവിശേഷതകളും സമഞ്ജസമായി ഒത്തുചേരുന്ന ലോഹക്കണ്ണാടികൾ മറ്റെങ്ങും പിറക്കാത്തത്.

സവിശേഷമായ ഈ ലോഹക്കണ്ണാടിയുടെ മഹത്വം കടലിനക്കരെവരെ ചെന്നെത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ പാരമ്പര്യ നിർമാതാക്കൾക്ക് വേണ്ടത്ര പ്രോത്സാഹനമോ, അംഗീകാരമോ ലഭിച്ചിട്ടില്ല എന്നതാണ് സത്യം. എന്നിരിക്കലും പുതിയ ആഗോള വാണിജ്യവ്യവസ്ഥിതിയിൽ ലോകവ്യാപാര സംഘടന ഇത്തരം ഉത്പന്നങ്ങളുടെ നിർമാതാക്കൾക്ക് പ്രത്യേക പരിഗണനകൾ നൽകുന്നുവെന്നത് ആശാവഹമാണ്. ഇതിനായി ഇത്തരം ഉത്പന്നങ്ങളെ ഭൂപ്രദേശ സൂചകങ്ങളായി രജിസ്റ്റർ ചെയ്യുകയാണ് വേണ്ടത്. ഇന്ത്യയിൽ നിന്നുള്ള ഡാർജലിങ് തേയില, ബസുമതി അരി, കാഞ്ചീപുരം പട്ട്, പോച്ചംപള്ളി സാരി, മൈസൂർ സിൽക്ക്, മൈസൂർ ചന്ദനത്തിരി, ഭവാനി ജമുക്കാളം എന്നിവ ഇങ്ങനെ ഭൂപ്രദേശസൂചകങ്ങളായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഉത്പന്നങ്ങളാണ്. ആറന്മുളക്കണ്ണാടിയുടെ പരമ്പരാഗതനിർമാതാക്കളല്ലാത്ത ചിലർ, ഇതിന്റെ സവിശേഷതകളും, കമ്പോള സാധ്യതയും കണ്ടു മോഹിച്ച് വ്യാജരൂപങ്ങൾ നിർമിക്കാൻ തുടങ്ങിയപ്പോഴാണ് ഈ കണ്ണാടിയെ ഒരു ഭൂപ്രദേശസൂചകമായി രജിസ്റ്റർ ചെയ്തത്. ഇനിയിപ്പോൾ വ്യാജക്കണ്ണാടി നിർമാണത്തെ നിയമത്തിന്റെ വഴിയിലൂടെത്തന്നെ നേരിടാനാകും. ആറന്മുളക്കണ്ണാടി പരമ്പരാഗതമായി നിർമിക്കുന്ന ആറു കുടുംബക്കാരുടെ നേതൃത്വത്തിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന പാർത്ഥസാരഥി കരകൗശലവസ്തുകേന്ദ്രമാണ് ഇതിന്റെ ഭൂപ്രദേശസൂചക സംരക്ഷണത്തിനായി മുൻകൈ എടുത്ത് പ്രവർത്തിച്ചത്. ആറന്മുളക്കണ്ണാടിയുടെ ഗുണമേന്മ ഒട്ടും ചോർന്നു പോകാതെ വരും നാളുകളിലും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നതിനോടൊപ്പം ഇതിന്റെ പരമ്പരാഗത നിർമാതാക്കൾക്ക് സാമ്പത്തിക ഉന്നതിയും കൈവരേണ്ടതുണ്ട്. ആറന്മുളക്കണ്ണാടിയെ ഭൂപ്രദേശസൂചകമായി അംഗീകരിച്ചത് ഈ ലക്ഷ്യത്തിലേക്കുള്ള ഒരു പ്രധാന കാൽവെയ്പായി കണക്കാക്കാവുന്നതാണ്. ഭൂപ്രദേശ സൂചകങ്ങളായ തനതു ഉത്പന്നങ്ങളുടെ നിർമാതാക്കൾക്ക് അനുകരണീയമായൊരു മാതൃകയായി ആറന്മുളക്കണ്ണാടിയെ കേരളത്തിന് അഭിമാനപൂർവം ഉയർത്തിക്കാണിക്കാം. ■



# കാടുകൾ ഉണ്ടാകുന്നത്...

**നാഫി മുഹമ്മദ്**

**സാധാരണക്കാരനായ ഒരു മധ്യവയസ്കൻ ഗ്രാമീണന് ഇന്ത്യയുടെ ഏറ്റവും വലിയ എണ്ണക്കമ്പനിയെ പ്രചോദിപ്പിക്കാൻ കഴിഞ്ഞതെങ്ങനെ? അതിനുള്ള ഉത്തരമാണ് ഈ ലേഖനം.**

മുംബെയിലെ കോൺക്രീറ്റ് വനങ്ങളിൽ വീർപ്പുമുട്ടുമ്പോൾ, മണൽകാടുകളിലെ വൻനഗരങ്ങളിലേക്ക് പറക്കുമ്പോൾ അബ്ദുൽ കരീമിന് ഒരു സ്വപ്നമുണ്ടായിരുന്നു; സ്വന്തമായി ഒരു കാടു വേണം! യഥാർത്ഥ കാട്. വനവൃക്ഷങ്ങൾ പടർന്നു പന്തലിച്ച, കാട്ടുവള്ളികൾ കെട്ടുപിണഞ്ഞ, പക്ഷികൾ പാടുന്ന, മൃഗങ്ങൾ വസിക്കുന്ന കൊടുംകാട്.

അതിന് കരീം തെരഞ്ഞെടുത്തതോ തന്റെ ജില്ലയായ കാസർഗോട്ടെ പരപ്പയ്ക്കടുത്ത് പുളിയങ്കുളം ഗ്രാമത്തിലെ പുല്ലുമുളയ്ക്കാത്ത പാറക്കെട്ടും. അവിടെ കാൽ നൂറ്റാണ്ടോളം മുമ്പ് 32 ഏക്കർ സ്ഥലം വില കൊടുത്തു വാങ്ങിയപ്പോൾ നാട്ടുകാരും ബന്ധുക്കളും കരീമിനെ അരക്കിറുക്കനെന്നു വിളിച്ചു.

പക്ഷേ ഈ മനുഷ്യന്റെ നിശ്ചയദാർഢ്യത്തിന് മുന്നിൽ പുളിയങ്കുളത്തെ പാറക്കെട്ടുകൾ പച്ചപ്പണിഞ്ഞു. പൂത്തു തളിർത്തു. ഇവിടം ഇന്ന് കരീമിന്റെ സ്വന്തം വനം. പകൽപോലും വെളിച്ചം കടക്കാത്ത നിബിഢ വനം. ദേശാടന പക്ഷികൾ അപൂർവ വനവൃക്ഷങ്ങളുടെ വിത്തുകളുമായി ഇവിടെ വിരുന്നെത്തുന്നു. പാറക്കെട്ടുകളിൽ കൊഴിഞ്ഞ ഇലയുടെ അടരുകൾ അത്ഭുതകരമായ ആവാസ വ്യവസ്ഥയുടെ വിളനിലം തീർക്കുന്നു. എണ്ണിയാലൊടുങ്ങാത്ത സൂക്ഷ്മജീവികളും ഇഴജന്തുക്കളും മറ്റുജീവജാലങ്ങളും കുടിപാർക്കുന്നു. ലോകത്തെമ്പാടു നിന്നും പരിസ്ഥിതി സ്നേഹികൾ ഒരു തീർത്ഥാടന കേന്ദ്രത്തിലേക്കെന്ന വണ്ണം സന്ദർശനത്തിനെത്തുന്നു.

കേരളത്തിലെ സ്കൂൾ പാഠപുസ്തകത്തിൽ മാത്രമല്ല, ഇന്ത്യയിലെയും വിദേശത്തെയും സർവകലാശാലകളിലെ പാഠ്യപദ്ധതികളിൽ പോലും കരീമും കാടും ഇടം നേടി. നാട്ടിൽ കാടു വളർത്തുന്ന കരീമിനെക്കുറിച്ച് ആറാം ക്ലാസിലെ പാഠപുസ്തകത്തിൽ കേരളത്തിലെ കുട്ടികൾ പഠിക്കുന്നു. ജോർജു ബുഷും ജിമ്മികാർട്ടറും പഠിച്ച അമേരിക്കയിലെ ട്രിനിറ്റി കോളേജിൽ പരിസ്ഥിതി ശാസ്ത്രത്തിലെ ഗവേഷണ വിദ്യാർത്ഥികളും ഇതു പഠിക്കുന്നു.

ഇന്ത്യാ ഇൻസ്പേർഡ് പരസ്യത്തിലേക്ക് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ രാജ്യത്ത് നിന്നും തെരഞ്ഞെടുത്ത നാല് വ്യക്തിത്വങ്ങളിലൊരാൾ കരീമാണ്. അവർ കരീമിന്റെ കഥയ്ക്ക് ഇങ്ങനെ തലക്കെട്ടു നൽകി. അരക്കിറു



ക്കനായ ഒരു മധ്യവയസ്കൻ ഗ്രാമീണന് ഇന്ത്യയുടെ ഏറ്റവും വലിയ എണ്ണക്കമ്പനിയെ പ്രചോദിപ്പിക്കാൻ കഴിഞ്ഞതെങ്ങനെ (How an eccentric middle-aged villager was able to inspire Indias largest oil company?)

1947–ൽ മഞ്ചേശ്വരത്താണ് പി.അബ്ദുൽ കരീമിന്റെ ജനനം. പ്രീഡിഗ്രി കഴിഞ്ഞ് മുംബെയിലേക്ക് തൊഴിൽ തേടി പോയി. 1969–ൽ തിരിച്ചു വന്നു. 1970കളിൽ ഗൾഫ് കുടിയേറ്റം ആരംഭിച്ചതോടെ ട്രാവൽ രംഗത്തേയ്ക്ക് തിരിഞ്ഞു. നിരവധി തവണ യു.എ.ഇ. സന്ദർശിക്കാൻ അവസരം ലഭിച്ചു. അതിൽ നിന്നും ലഭിച്ച വരുമാനംകൊണ്ടാണ് തന്റെ സ്വപ്നപദ്ധതിയ്ക്ക് കരീം തുടക്കമിട്ടത്.

മഞ്ചേശ്വരത്തു നിന്നും 20 കി.മീ. അകലെ പുളിയങ്കുളമാണ് കരീമിന്റെ ഭാര്യ ഷരീഫയുടെ നാട്. ഭാര്യയുമൊത്ത് അവിടം സന്ദർശിക്കവെയാണ് പുളിയങ്കുളത്തെ വനമാക്കി മാറ്റണമെന്ന ചിന്ത ഉദിച്ചത്. ദശകങ്ങളായി ഒരു വിളയും ഉണ്ടായിട്ടില്ലാത്ത, കുടിവെള്ളം പോലുമില്ലാത്ത മൊട്ടക്കുന്നുകളായിരുന്നു അവിടെ. ആദ്യം അഞ്ച് ഏക്കർ വാങ്ങി. ഉപയോഗശൂന്യമായ ഭൂമിക്ക് വില നൽകാൻ തയ്യാറായി കരീം മുന്നോട്ടു വന്നപ്പോൾ സ്ഥലവാസികൾ വാ പൊളിച്ചു. വീണ്ടും വാങ്ങി. ആകെ 32 ഏക്കർ. കരീം അങ്ങനെ ഒരു പരിഹാസപാത്രമായി മാറി.

ആദ്യം വാങ്ങിയ അഞ്ച് ഏക്കറിലെ കിണറായിരുന്നു നിർദ്ദിഷ്ട കാടിന്റെ ഏക ജലസ്രോതസ്. അതിൽ നിന്നും ഒരു തവണ കോരാവുന്ന വെള്ളമോ കഷ്ടിച്ച് അഞ്ചു ലിറ്ററും. കോരിക്കഴിഞ്ഞാൽ വീണ്ടും ഊറാൻ ഏറെ നേരം കാത്തിരിക്കണം. മഴക്കാലത്ത് പാറക്കെട്ടുകളിലൂടെ വെള്ളം കുത്തിയൊഴുകി നഷ്ടപ്പെടുമ്പോൾ പോലും കിണർ വരണ്ടു കിടക്കുമായിരുന്നു. അത്തരമൊരു പ്രദേശം നിബിഢവനമായി പരിവർത്തിക്കപ്പെട്ടതിന്റെ അറിവും അനുഭവവും ഒരിടത്തു നിന്നും കരീമിന് ലഭിച്ചിരുന്നില്ല.

സ്വന്തം ഇച്ഛാശക്തി മാത്രം കൈമുതലാക്കി കരീം വരണ്ട ഭൂമിയിൽ തന്റെ പ്രയത്നം ആരംഭിച്ചു. പാറക്കെട്ടുകൾക്കിടയിൽ വനവൃക്ഷങ്ങളുടെ തൈകൾ നട്ടു. കിലോമീറ്റർ അകലെ നിന്നും പാത്രങ്ങളിൽ വെള്ളം നിറച്ച് മോട്ടോർ സൈക്കിളിൽ കൊണ്ടുവന്ന് നനച്ചു. മൂന്നു വർഷം ഇത് തുടർന്നു. അടുത്ത വർഷം ഭൂമി പ്രതികരിച്ചു തുടങ്ങി. മരങ്ങൾ തലയെടുത്തു. കിണറ്റിൽ ജലനിരപ്പുയർന്നു. പ്രകൃതി പിന്നീട് കരീമിന്റെ വനം ഏറ്റെടുത്തു. വൃക്ഷങ്ങളുടെ വിത്തുകളുമായി പക്ഷികൾ പറന്നെത്തി. മൊട്ടക്കുന്നിലെ വനത്തെക്കുറിച്ച് കേട്ടറിഞ്ഞിട്ടെന്നോണം അസംഖ്യം ജീവികളെത്തി. അതിഥികളെ കരീം കരുണയോടെ സ്വീകരിച്ചു. അവയുടെ ആവാസ വ്യവസ്ഥയുടെ കാവൽക്കാരനായി.

"വനങ്ങൾ വെള്ളം ഉത്പാദിപ്പിക്കുന്നു" –കരീം പറയുന്നു. കരീംവനം അതു തെളിയിച്ചു. അഞ്ചു ലിറ്റർ വെള്ളം കിട്ടിയിരുന്ന കിണറിൽ നിന്നും ഇന്ന് ഒറ്റത്തവണ ഒരു ലക്ഷം ലിറ്റർ പമ്പ് ചെയ്യാം. മാത്രമോ ഒരു നാടിന്റെയാകെ ജലസ്രോതസ്സായി വനം മാറി. പത്തു കി.മീറ്റർ ചുറ്റളവിൽ കാളിയാനം, വരഞ്ഞൂർ തുടങ്ങിയ പ്രദേശങ്ങളിൽ ജലനിരപ്പ് ഉയർന്നു. താൻ നടാത്ത അപൂർവ ഇനം ഔഷധ സസ്യങ്ങൾ പോലും ഇന്ന് കരീംവനത്തിൽ വളർന്നിരിക്കുന്നു.

കഴിഞ്ഞ പത്ത് വർഷമായി വനത്തിനുള്ളിലെ വീട്ടിലാണ് കരീമിന്റെ താമസം. പ്ലാസ്റ്റിക്, വാഹനം, ശബ്ദകോലാഹലം, പുകവലി, തീ തുടങ്ങിയവയൊക്കെ വനത്തിൽ നിരോധിച്ചിരിക്കുകയാണ്. "പ്രകൃതിയുമായി വിച്ഛേദിക്കപ്പെട്ടതാണ് മനുഷ്യന്റെ മിക്ക പ്രശ്നങ്ങൾക്കും കാരണം. അതിലേക്കുള്ള തിരിച്ചു പോക്കാണ് അവയുടെ പരിഹാരം"–കരീം പറയുന്നു. പ്രകൃതിയെക്കുറിച്ച് പഠിക്കാൻ സ്കൂൾ കുട്ടികളടക്കം ആയിരക്കണക്കിന് പേർ വർഷം തോറും വനം സന്ദർശിക്കാൻ എത്തുന്നുണ്ട്.

കരീമിനെ തേടി പുരസ്കാരങ്ങൾ എത്തിക്കൊണ്ടിരിക്കുകയാണ്. 1998–ൽ സഹാറ ഇന്ത്യാ ഗ്രൂപ്പിന്റെ പരിസ്ഥിതി അവാർഡ് ലഭിച്ചു. അതേ വർഷം തന്നെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കരീമിനെ ആദരിച്ചു. ജില്ലയുടെ ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായ ജലസംരക്ഷണ പ്രവൃത്തി സ്വയം വികസിപ്പിച്ചു പ്രാവർത്തികമാക്കിയ വ്യക്തിക്ക് കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഏർപ്പെടുത്തിയ ജലമിത്ര അവാർഡാണ് ഏറ്റവും ഒടുവിൽ കരീമിന് ലഭിച്ചത്. ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസിൽ നിന്നും കരീം അവാർഡ് ഏറ്റുവാങ്ങി. ബഹുമതികൾ ഒന്നൊന്നായി എത്തിക്കൊണ്ടിരിക്കുമ്പോഴും കരീമിന്റെ കാട് വളർന്നുകൊണ്ടേയിരിക്കുകയാണ്. ■





# പാരമ്പര്യവും സംസ്ക

കാരയ്ക്കാമണ്ഡപം വിജയകുമാർ



**കമ്പ്യൂട്ടർകലയിൽ എത്തിനില്ക്കുമ്പോൾ പോലും പാരമ്പര്യത്തിന്റെ സത്ത ഉൾക്കൊള്ളുന്ന സൗന്ദര്യദർശനത്തിന്റെ ലഹരി നമ്മെ കൈവിടുന്നില്ല.**

ഭൂതകാലത്തിന്റെ രചനകൾ വർത്തമാനകാലത്തിന്റെ മാധ്യമത്തിൽ ഭാവിയിലേക്കുള്ള ആസ്വാദനതലങ്ങളിലേക്ക് ആവിഷ്കരിക്കുന്ന ചിത്ര-ശില്പ സൃഷ്ടികളിലാണ് കലയുടെ പരിണാമഘട്ടം പൂർത്തിയാകുന്നത്. ചിത്രകലാദർശനത്തിന്റെ അത്യന്താധുനിക കലാവീക്ഷണമായി ഈ പ്രക്രിയയെ കാണാനാവില്ലെങ്കിലും സജീവമായ ചില വ്യതിയാനങ്ങൾ ചിത്രകലയിലുണ്ടായിരുന്നു. സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രതീകങ്ങളെ സ്വീകരിച്ചുകൊണ്ട് കാഴ്ചയുടെ പുതിയൊരു സംസ്കാരമാണ് ദേശീയ ചിത്രകലാരംഗം നമുക്ക് സംഭാവന ചെയ്യുന്നത്. പരമ്പരാഗത പ്രതിരൂപങ്ങളെ കലാസ്വാദകരുടെ അഭിരുചിക്കിണങ്ങും വിധം മാധ്യമ പ്രത്യേകതകൾ പരിഗണിക്കാതെ ആവിഷ്കരിച്ച് പുതിയ തലമുറയിലേക്ക് കരുതിവയ്ക്കുകയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന രചനകളും ധാരാളമായി നമുക്കുണ്ട്. ഈ രചനകൾക്ക് ഊർജമാകുന്ന നമ്മുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും കലാധാരകളുടെ വ്യതിയാനങ്ങൾ സജീവമാകുന്നത് എപ്പോൾ എവിടെ നിന്നാണെന്ന് നോക്കാം.

19-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്താണ് ഭാരതീയ ചിത്രകലാരംഗത്ത് നവീനമായ ചിന്താധാരകൾ രൂപമെടുത്തത്. ബംഗാൾ സ്കൂൾ അഥവാ ഇന്ത്യനാർട്ട് ശൈലി എന്നറിയപ്പെടുന്ന ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനം മുതൽ ഗ്രാമീണ ശൈലിയും



പുതുമയാർന്ന താന്ത്രിക ശൈലിയും ചുവർ ചിത്രരചനാശൈലിയും പരിശോധിച്ചാൽ കലയിലെ വ്യത്യസ്ത രീതികൾ മനസ്സിലാക്കാനാകുമെങ്കിലും പ്രകൃതി, മനുഷ്യൻ, കല എന്നീ പാരമ്പര്യത്തനിമയുടെ കൂടിച്ചേരൽ കലയിലെ പുതിയ ശൈലീസങ്കേതങ്ങൾക്ക് കാരണമായി. ചിത്രതലത്തിലെ വിഷയം, ആവിഷ്കാരം, ആസ്വാദനം എന്നിവയും നവോത്ഥാന ചിത്രകലാപ്രസ്ഥാനത്തിലെ ശ്രദ്ധേയ ഘടകമായി മാറി.

ഭാരതീയ കലയുടെ പാരമ്പര്യവീക്ഷണം ആശയപരമായി ക്ലാസിസത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നതെങ്കിലും അതിന്റെ നിയതമായ സാങ്കേതിക മികവും, രേഖയിലും രൂപത്തിലും, വർണത്തിലുമുള്ള ശക്തിയും സൗന്ദര്യദർശനവും അതിനെ ആസ്വാദകരിലേക്കെത്തിക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്. മനുഷ്യരൂപങ്ങളും പ്രതീകാത്മകമായ മനുഷ്യാവസ്ഥയുമൊക്കെ ചിത്രകാരന്റെ ആവിഷ്കാരത്തിലൂടെ മാത്രം ഒരു നവീനചിത്രഭാഷയായി രൂപം കൊള്ളുന്നവയാണ്. ഇത്തരം സൃഷ്ടികളുടെ ആവിഷ്കാര പ്രത്യേകതകളിൽ നിന്നും ഇക്കാര്യം വേർതിരിച്ചറിയാൻ കഴിയും.

19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ ബംഗാൾ നവോത്ഥാന പ്രസ്ഥാനം കൂടുതൽ സജീവമാകുകയും അബനീന്ദ്രനാഥ ടാഗൂറിന്റെ നേതൃത്വത്തിൽ അജന്ത, എല്ലോറ, ബാഗ്, സിത്താനവാസൽ, സോമപ്പിള്ളി, അമരാവതി, തഞ്ചാവൂർ, തിരുനന്ദിക്കര എന്നിവിടങ്ങളിലെ ചുവർ ചിത്രങ്ങളിലും രാജസ്ഥാൻ മിനിയേച്ചർ ശൈലി


# ാരവും ചിത്രകലയിൽ

യിലും വ്യക്തമായ പുനരാവിഷ്കാരങ്ങളുണ്ടാവുകയുമായിരുന്നു ഈ ശൈലീ സങ്കേതങ്ങളുടെ പ്രത്യേകത. ആദ്യം രേഖാചിത്രണം നടത്തുകയും അതിനുള്ളിൽ ജലച്ചായത്തിലുള്ള നിറങ്ങൾ നിറയ്ക്കുകയും ചെയ്യുന്ന രചനാ സമ്പ്രദായമാണ് ഇക്കാല ചിത്രകാരന്മാർ സ്വീകരിച്ചിരുന്നത്. മനുഷ്യരൂപങ്ങൾക്ക് താരതമ്യേന നീണ്ട ശരീരവും താളാത്മകമായ ശരീരഘടനയും മുഖത്തിന്റെ സൗന്ദര്യശാസ്ത്രവുമൊക്കെച്ചേർന്ന ശൈലീ സങ്കേതങ്ങളാണ് ഇവർ സ്വീകരിച്ചിരുന്നത്.

ബ്രിട്ടീഷ് ആധിപത്യത്തോടൊപ്പം ഭാരതത്തിൽ രൂപംകൊണ്ട ക്ലാസിക്കൽ/നിയോക്ലാസിക്കൽ ചിത്രകലാ പ്രസ്ഥാനങ്ങളെ തടഞ്ഞുനിർത്താൻ നവോത്ഥാന/ഇന്ത്യനാർട്ട് ശൈലികൾക്ക് പൂർണമായും കഴിഞ്ഞില്ല. ഇന്ത്യനാർട്ട് ശൈലി കുറേയൊക്കെ വികാസം പ്രാപിച്ചുവെങ്കിലും, ഇന്ന് നാം അഭിമാനത്തോടെ ഇത്തരം രചനകളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ഭാരതീയ ചിത്രകലാരംഗത്ത് കൂടുതലുണർവുണ്ടാക്കാനോ സജീവമാകാനോ ചിത്രകാരന്മാർക്ക് കഴിഞ്ഞില്ല. എന്നാൽ ചിത്രകലാ രംഗത്തിന് ശക്തിപകരാൻ ബംഗാളി ചിത്രകാരനായ ജാമിനിറോയിക്ക് തന്റെ ഗ്രാമീണശൈലിയിലുള്ള രചനകളിലൂടെ കഴിഞ്ഞു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരമ്പര്യത്തിന്റെ സ്വരൂപം ഈ രചനകളിൽ ദൃശ്യമായി.



മറ്റൊന്ന് ഗ്രാമീണ ഭാരതത്തിന്റെ സംഭാവനയായ നാടൻ കലകളാണ്. നാടിന്റെ ഹൃദയസ്പന്ദനങ്ങളായ ഈ കലാരൂപങ്ങൾ ജനതയുടെ കൂട്ടായ്മയിലൂടെയും സൗന്ദര്യസങ്കല്പങ്ങളിലൂടെയും സാംസ്കാരിക പുരോഗതിയുടെ പരിണാമദശയിലെ നാഴികക്കല്ലുകളായി. നാടൻ കലകളിൽ പലതും അനുഷ്ഠാനകലാരൂപങ്ങളുടെ പട്ടികയിലാണ് ശ്രദ്ധേയമാവുന്നത്. നമ്മുടെ ഗോത്രസംസ്കൃതിയുടെ ചിന്താധാരകളും കലാനൈപുണ്യവും ആവാഹിക്കുന്ന നാടൻകലകൾ (വേഷവിധാനം, മുഖത്തെഴുത്ത് ഇവയൊക്കെ ചേർന്നത്) നമ്മുടെ ചരിത്ര പാഠങ്ങളാണ്. ഈ കലാ രൂപങ്ങളിലൂടെ/അവയുടെ അവതരണത്തിലൂടെ ജലച്ചായത്തിലും, ടെംപറ പൗഡറിലും പ്രകൃതിവർണങ്ങളിലും ദൃശ്യങ്ങൾ ആവിഷ്കരിച്ചപ്പോഴാണ് പുതിയൊരു ചിത്രകലാ സങ്കേതം രൂപം കൊണ്ടത്. ഗ്രാമീണ ശൈലിയുടെ പിൻബലവും ചൂടും ചൂരുമുൾക്കൊണ്ട കലാ പ്രസ്ഥാനമാണ് കെ.സി.എസ്. പണിക്കർ രൂപം നൽകിയ താന്ത്രിക് ശൈലിയെന്നു നാം വിളിച്ച 'വാക്കുകളും പ്രതീകങ്ങളും' പരമ്പരയും അദ്ദേഹത്തിന്റെ മറ്റു ചിത്രങ്ങളും. നമ്മുടെ നാടിന്റെയും സംസ്കാരത്തിന്റെയും ചിഹ്നങ്ങളും നിറങ്ങളുമൊക്കെയായി നിറയുന്ന നിറ സാന്നിധ്യമായിരുന്നു 'വാക്കുകളും പ്രതീകങ്ങളും' പരമ്പര. പാശ്ചാത്യ ചിത്രകാരന്മാരായ പോൾക്ലീയും കാൻ ഡിൻസ്കിയും രൂപം കൊടുത്ത അമൂർത്ത കലയുടെ സത്ത ഉൾക്കൊണ്ട് തന്റേതായ രചനാശൈലിയിലൂടെ വികസിപ്പിച്ചെടുത്തതാണ് ഈ പരമ്പരച്ചിത്രങ്ങൾ. തുടർന്ന് നിരവധി പരീക്ഷണ നിരീക്ഷണങ്ങൾ നമ്മുടെ ചിത്രകലാരംഗത്തു



ണ്ടായിട്ടുണ്ടെങ്കിലും ദേശീയമായി എടുത്തുപറയാവുന്നവ ഒന്നുമില്ല തന്നെ. ചുവർചിത്രരചനാ സമ്പ്രദായത്തിലെ വിഷയങ്ങളിൽ പുതുമ സൃഷ്ടിച്ചുവെന്ന് പറയാമെങ്കിലും അവിടെയും കാര്യമായ വ്യതിയാനങ്ങളുണ്ടായിട്ടില്ല. പാരമ്പര്യത്തിന്റെ പുനരാവിഷ്കാരങ്ങളായ ചിത്രകലാ പ്രസ്ഥാനങ്ങളിൽ നമ്മുടെ നാടൻ കലാരൂപങ്ങളുടെയോ, ചുവർ ചിത്രങ്ങളുടെയോ, കളമെഴുത്തിന്റെയോ ഒക്കെ നവീന രൂപകല്പന അറിഞ്ഞോ അറിയാതെയോ കടന്നുകൂടിയിട്ടുണ്ടെന്ന് മാത്രം.

ഇന്ന് കമ്പ്യൂട്ടർ കലയിൽ നാം എത്തി നില്ക്കുമ്പോൾ പാരമ്പര്യത്തിന്റെ സത്ത ഉൾക്കൊള്ളുന്ന പുതിയൊരു സൗന്ദര്യദർശനമാണ് ചിത്രകലയിലും ശില്പകലയിലും സ്വരൂപിക്കേണ്ടിയിരിക്കുന്നത്. ഭാരതീയ പാരമ്പര്യദർശനത്തിലധിഷ്ഠിതമായ ഒരു ചിത്രസൃഷ്ടി കാണുന്ന ദൃഷ്ടാവിന് വർത്തമാനകാലത്തിന്റെ കലാരീതി നേരിട്ടറിയാനും കഴിഞ്ഞകാലത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ഭാവി പരിണാമം വിഭാവനം ചെയ്യാനും പ്രചോദനമാകുന്നു. ആസ്വാദനത്തിന് പുതിയൊരു കാഴ്ചപ്പാടുണ്ടാക്കാനും അതുവഴി ആസ്വാദനത്തിന്റെ വേളയിൽ വച്ചു തന്നെ സ്വയം ഉത്തരം കണ്ടെത്താനും സഹായമാവുന്നു. അങ്ങനെ നമ്മുടെ പാരമ്പര്യവും സംസ്കാരവും നിലനിറുത്തുകയും സംരക്ഷിക്കുകയുമാവാം. ■

('നാടൻകലകളുടെയും മുഖത്തെഴുത്തിന്റെയും സ്വാധീനം സമകാലീന ചിത്രകലയിൽ' എന്ന വിഷയത്തിൽ കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെല്ലോഷിപ്പ് ലഭിച്ച ലേഖകൻ അതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പഠനത്തിൽ നിന്ന്)







# യുഗപ്രഭാവനായ കർമയോഗി

എ. നാസർബാബു

ഇന്ത്യയുടെ ആധ്യാത്മിക സാമൂഹിക രംഗത്തെ മേഘഗർജനമായിരുന്നു സ്വാമി വിവേകാനന്ദൻ. ആധ്യാത്മികാചാര്യൻമാർക്ക് ദേശത്തോടും സമൂഹത്തോടും ഉത്തരവാദിത്തവും കടപ്പാടുമുണ്ടെന്ന് ഉറച്ച് വിശ്വസിച്ച് പ്രവർത്തിച്ച തികഞ്ഞ കർമയോഗിയായിരുന്നു അദ്ദേഹം. ഉപനിഷത്തുകളുടെ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുമ്പോൾ തന്നെ അസമത്വങ്ങൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും അദ്ദേഹം പട പൊരുതി. ജാതി-മത വർഗവ്യത്യാസങ്ങൾക്കപ്പുറം ദേശത്തിന്റെയും സംസ്കാരത്തിന്റെയും അഭിമാനം ഉയർത്തിപ്പിടിച്ച് ജീവിക്കാനായിരുന്നു സ്വാമിയുടെ ദർശനം. യുവാക്കളുടെ ആത്മവീര്യം ഉണർത്തി മാനവസേവനത്തിന് മുന്നിട്ടിറങ്ങാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനങ്ങൾ ഇന്ന് സജീവവും പ്രസക്തവുമാണ്.

1863 ജനുവരി 12-ാം തീയതി, കൃഷ്ണപക്ഷം, സപ്തമി, മകര സംക്രാന്തി, തിങ്കളാഴ്ച സൂര്യൻ ഉദിച്ചതോടെ സൂര്യ കോടി പ്രഭാവനായ ഒരു ആൺ കുട്ടിയെ കൽക്കട്ടയിൽ താമസിച്ചിരുന്ന ബിശ്വനാഥദത്തയുടെ ഭാര്യയായ ഭുവനേശ്വരിദേവി പ്രസവിച്ചു. വീരേശ്വരൻ എന്നാണ് ആദ്യം വിളിക്കപ്പെട്ടതെങ്കിലും നരേന്ദ്രനാഥനായിട്ടാണ് ആ ശിശു വളർന്നത്. കാശിവിശ്വനാഥ ക്ഷേത്രത്തിലെ വീരേശ്വരനെ ഭജിച്ചതുകൊണ്ട് ലഭിച്ച സന്താനമാകയാലാണ് കുട്ടിയ്ക്ക് ആദ്യം വീരേശ്വരൻ എന്ന നാമം തന്നെ നൽകാൻ ഭുവനേശ്വരി ദേവി സന്നദ്ധയായത്. വീരൻ എന്ന് കുട്ടിയെ വിളിച്ചു പോന്നു. എങ്കിലും അധികം താമസിയാതെ തന്നെ നരേന്ദ്രനാഥൻ എന്ന പൂർണനാമം നിശ്ചയിക്കപ്പെട്ടു, മാതാപിതാക്കൾ സ്വപുത്രനിലുണ്ടെന്ന് കരുതിയ ശിവാനുഗ്രഹവും ശിവശക്തിയുമാണ് നരേന്ദ്രനാഥനെ പില്ക്കാലത്ത് അതിസമർത്ഥനും അജയ്യനും ആയ ഒരു സന്യാസിവര്യനാക്കി തീർത്തതെന്ന് വിശ്വസിക്കപ്പെടുന്നു.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം നരേന്ദ്രൻ ബിരുദ പഠനത്തിന് സ്കോട്ടിഷ് ജനറൽ മിഷനറി-ബോർഡ് നടത്തിയിരുന്ന ജനറൽ അസംബ്ലീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. കോളേജിൽ അദ്ദേഹം മിടുക്കനായ വിദ്യാർത്ഥിയായിരുന്നു. 1884-ൽ ബിരുദം നേടി. എന്നാൽ നരേന്ദ്രൻ കേവലം പുസ്തക പഠനങ്ങളിൽ മാത്രം ഒതുങ്ങി നിന്നില്ല. തത്വശാസ്ത്ര സംബന്ധിയായ നിരവധി ചിന്തകളിൽ അദ്ദേഹം മുഴുകുകയുണ്ടായി. ആദ്ധ്യാത്മികമായിരുന്നു നരേന്ദ്രന് ഏറ്റവും ഇഷ്ടപ്പെട്ട രംഗം. ഈശ്വരനുണ്ടോ? ഉണ്ടെങ്കിൽ ഈശ്വരന്റെ രൂപം എങ്ങനെ? തുടങ്ങി നിരവധി ചോദ്യങ്ങൾ അദ്ദേഹം സ്വയം ചോദിച്ചു. തന്റെ ചോദ്യ

ങ്ങൾക്കെല്ലാം ശരിയായ മറുപടി നൽകാനുതകുന്ന ഒരു ഗുരുവിനെ ആ മനസ്സ് അന്വേഷിച്ചു. പലരെയും സമീപിച്ചെങ്കിലും ആർക്കും ആ യുവാവിന്റെ പ്രതിഭയെ തൃപ്തിപ്പെടുത്താനായില്ല.

ആര്യസമാജം, ബ്രഹ്മസമാജം തുടങ്ങിയ പരിഷ്കാര സംഘടനകളുടെ ആവിർഭാവ കാലമായിരുന്നു അന്ന്. രാജാറാം മോഹൻ റോയിയുടെ ഹിന്ദു സമുദായ പരിഷ്കരണശ്രമങ്ങളാണ് ബ്രഹ്മസമാജത്തിന്റെ ആവിർഭാവ കാരണമായത്. കേശവചന്ദ്രസേനൻ, മഹർഷി ദേവേന്ദ്രനാഥ ടാഗൂർ എന്നിവരും അതിന്റെ സ്ഥാപകരിൽ പ്രമുഖരായിരുന്നു. ബഹുദേവതാവാദം, വിഗ്രഹാരാധന, വൈദിക ധർമത്തിന്റെ യാഥാസ്ഥിതികത്വം, അവതാരങ്ങളിലെ വിശ്വാസം ഇവയൊന്നും ബ്രഹ്മസമാജക്കാർക്ക് ഇഷ്ടമായിരുന്നില്ല. ജാതിവർണത്തിലുള്ള എതിർപ്പ്, സമത്വബോധം, സ്ത്രീ വിദ്യാഭ്യാസ പ്രചാരണം, സ്ത്രീ സ്വാതന്ത്ര്യം, വിവാഹപ്രായമുയർത്തുന്നതിനുള്ള ശ്രമം തുടങ്ങിയ ബ്രഹ്മ സമാജദർശനങ്ങളോട് നരനും അനുകൂലമായിരുന്നു. ബ്രഹ്മസമാജക്കാരെപ്പോലെ ഈശ്വരൻ നിരാകാരനാണെന്ന് വിശ്വസിച്ചിരുന്നെങ്കിലും ദൈവാനുഭൂതി ആവശ്യമെന്ന് അദ്ദേഹം കരുതി. ബ്രഹ്മ സമാജക്കാരുടെ തോണിയിൽ കുറെ ദൂരം നരനും യാത്ര ചെയ്തു. അവരുടെ പ്രാർത്ഥനകളിലും കീർത്തന ഭജനാദികളിലും നരൻ പങ്കുകൊണ്ടു. മറ്റ് വിഷമങ്ങളിൽ നിന്നും മോചനം നേടാൻ ഉപകരിച്ച ആ നിമിഷങ്ങളാൽ മാത്രം തൃപ്തനായിരുന്നില്ല നരൻ. എന്നാലും അദ്ദേഹത്തിന് ആ സമ്പർക്കം കൊണ്ട് ലാഭമേ ഉണ്ടായുള്ളൂ. ആ കാലത്ത് വംഗദേശത്ത് ആധ്യാത്മിക വാസന നിറഞ്ഞ വ്യക്തികളെ പരിചയപ്പെടുന്നതിന് നരന് സാധിച്ചത് അങ്ങനെയാണ്. കുലീനനും സമ്പന്നനുമായ മഹർഷി ദേവേന്ദ്രനാഥ ടാഗോറുമായുള്ള സമ്പർക്കം തന്നെ ഇതിനൊരു ഉദാഹരണമാണ്.



നരന്റെ സത്യാന്വേഷണ തല്പരത അദ്ദേഹത്തെ ധ്യാനശീലനും ധർമതല്പരനും സൗമ്യനുമായ മഹർഷിയോട് കൂടുതൽ അടുപ്പിച്ചു. മഹർഷി നരന് പല ഉപദേശങ്ങളും നൽകി. തനിക്കുണ്ടായിക്കൊണ്ടിരിക്കുന്ന ജ്യോതിർദർശനത്തെക്കുറിച്ച് നരൻ മഹർഷിയോട് പറഞ്ഞപ്പോൾ അദ്ദേഹം അനുമോദിക്കുകയും ആ വഴിക്ക് ഉതകുന്ന പ്രോത്സാഹനങ്ങൾ ഏകുകയും ചെയ്തു. ഒരു ദിവസം മഹർഷി തന്റെ ഏകാന്തമായ ഇരിപ്പിടത്തിൽ ധ്യാനിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്രതീക്ഷിതമായി നരൻ പെട്ടെന്ന് കടന്നു ചെന്നു. തമ്മിൽ കണ്ടയുടനെ തന്നെ ദൃഢസ്വരത്തിൽ നരൻ ഒരു ചോദ്യം മഹർഷിയോടു ചോദിച്ചു, "മഹാശയാ അങ്ങ് ഈശ്വരനെ കണ്ടിട്ടുണ്ടോ?"


എന്തൊരു സത്യാന്വേഷണ തല്പരത! കൃത്യമായ ഒരു ഉത്തരം പറയാൻ കഴിയാതെ മഹർഷി ഇങ്ങനെ മറുപടി നൽകി: "കുട്ടീ, നിനക്കൊരു യോഗിയുടെ കണ്ണുണ്ട്." നരനെ സംബന്ധിച്ചിടത്തോളം തൃപ്തികരമായിരുന്നില്ല ഈ മറുപടി. അദ്ദേഹം അന്വേഷണം വീണ്ടും തുടർന്നു.

ജീവിതത്തിൽ വഴിത്തിരിവായത് ശ്രീരാമകൃഷ്ണപരമഹംസനുമായുള്ള കൂടിക്കാഴ്ചയാണ്. കോളേജിൽ പ്രധാനാദ്ധ്യാപകനായിരുന്ന പ്രൊഫസർ വില്യം ഹേസ്റ്റിയാണ് ശ്രീരാമകൃഷ്ണന്റെ മഹത്വത്തെക്കുറിച്ച് നരേന്ദ്രനോട് ആദ്യം സൂചിപ്പിച്ചത്. പിന്നീട് സുഹൃത്തുക്കളിൽ നിന്നും മറ്റും പരമഹംസനെകുറിച്ച് കൂടുതൽ മനസ്സിലാക്കിയത് നരേന്ദ്രനിൽ വൻ പരിവർത്തനമുയർത്തി. താൻ തേടിനടന്ന ഗുരു ഇദ്ദേഹം തന്നെയെന്ന് നരേന്ദ്രൻ തീരുമാനിച്ചു. താമസിയാതെ ശ്രീരാമകൃഷ്ണന്റെ ശിഷ്യരിൽ പ്രമുഖനായി മാറി. 1886-ൽ പരമഹംസൻ അന്തരിച്ചു. നരേന്ദ്രനും, സഹപ്രവർത്തകരും ഗുരുവിന്റെ ചിന്താധാരകൾ നിലനിർത്താനും, പ്രചരിപ്പിക്കാനും തീരുമാനിച്ചു. ഭാരതീയ സംസ്കാരത്തെക്കുറിച്ച് കൂടുതൽ അറിയാനായി നരേന്ദ്രൻ രാജ്യമൊട്ടുക്കും പര്യടനം നടത്തി. സാധാരണക്കാർ മുതൽ രാജപ്രമുഖർ വരെയുള്ളവരെ നേരിൽകണ്ട് സംസാരിച്ചു. ആ യാത്രയ്ക്കിടയിലാണ് അദ്ദേഹം 'വിവേകാനന്ദൻ' എന്ന പേര് സ്വീകരിച്ചത്.



വിവിധ നാടുകളുടെ കൂട്ടത്തിൽ 1892-ൽ അദ്ദേഹം കേരളത്തിലു മെത്തിയിരുന്നു. ഡോ. പൽപ്പു, ചട്ടമ്പി സ്വാമികൾ തുടങ്ങിയ പ്രമുഖ വ്യക്തികളുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ ജാതി വ്യത്യാസങ്ങളിലും, ഉച്ചനീചത്വങ്ങളിലും അദ്ദേഹം രോഷം കൊണ്ടു. യാത്രകൾക്കൊടുവിൽ കന്യാകുമാരിയിലെത്തിയ സ്വാമി ഏതാനുംദിനം അവിടെ ധ്യാനനിമഗ്നനായിരുന്നു.

കന്യാകുമാരി സ്വാമിജിയുടെ ജീവിതത്തെ സംബന്ധിച്ചിട ത്തോളം അതിപ്രധാനമാണ്. ഉത്തരദേശത്ത് അങ്ങ് ഹിമാലയ ത്തിൽ തുടങ്ങി പരിവ്രാജകവൃത്തിയുടെ പരിസമാപ്തി അവിടെ യായിരുന്നുവെന്ന് പറയാം. അവിടുത്തെ 'വിവേകാനന്ദപ്പാറ' എന്നറിയപ്പെടുന്ന സമുദ്രത്തിലെ അവസാനശിലാഖണ്ഡത്തിൽ ചെന്ന് ഏഴുദിവസം ധ്യാനനിമഗ്നനായിരുന്നു. അവിടെ വച്ചു ണ്ടായ ദിവ്യാനുഭവം ഒരു സന്യാസിയും പരിവ്രാജകനുമായിരുന്ന വിവേകാനന്ദനെ ഒരു രാഷ്ട്ര സംവിധായകനും സാമൂഹിക പരി ഷ്കർത്താവും യുഗാചാര്യനുമാക്കിത്തീർക്കാൻ പര്യാപ്തമായിരു ന്നു. പുണ്യം ചെയ്ത ആ നിമിഷങ്ങളെക്കുറിച്ച് അദ്ദേഹം ഒരു കത്തിൽ സൂചിപ്പിക്കുകയുണ്ടായി. "ഇന്ത്യയിലെ ജനങ്ങളുടെ ദാരിദ്ര്യത്തെയും, അജ്ഞതയെയും കുറിച്ച് ചിന്തിച്ചിട്ട് എനിക്ക് ഉറക്കം വന്നില്ല. കന്യാകുമാരിയിൽ ജഗന്മാ താവായ കുമാരിയുടെ ക്ഷേത്രത്തിലും, ഭാരതത്തിന്റെ അവസാന ശിലാഖണ്ഡ ത്തിലും ഇരുന്ന് കൊണ്ട് ഞാൻ ഒരു പദ്ധതി ആവിഷ്കരിച്ചു. നമ്മൾ ഒട്ടേറെ 'സന്യാസിമാർ' ജനങ്ങളെ വേദാന്തം പഠിപ്പിച്ചുകൊണ്ട് അലഞ്ഞു തിരിയുന്നു. അതെല്ലാം ഭ്രാന്തമാണ്. നമ്മുടെ ഗുരുദേവൻ പറയാറില്ലേ, 'ഒഴിഞ്ഞവയർ മത ത്തിനു പറ്റില്ല' എന്ന്? പാവപ്പെട്ട ജനങ്ങൾ മൃഗങ്ങളുടെ ജീവിതം നയിക്കുന്നത് കേവലം അജ്ഞത കൊണ്ടാണ്. കാലാകാലമായി നാം അവരുടെ രക്തം കുടിക്കുകയാണ്. അവരെ കാൽച്ചുവട്ടിലിട്ട് ഞെരി ക്കുകയാണ്. സന്യാസിമാർ ഗ്രാമം തോറും നടന്ന് പാവങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം നടത്ത ണം. ചണ്ഡാലൻ വരെയുള്ള അധ:സ്ഥിതൻമാ രുടെ ജീവിത നില മെച്ച പ്പെടുത്താ നുള്ള മാർഗ ങ്ങൾ ആരാ യണം."



ഏതോ ഒരു മഹത് കൃത്യം തനിക്കു സാധിക്കാനു ണ്ടെന്ന് മനസ്സിലാ ക്കിയ സ്വാമി ഭാര തത്തിന്റെ പ്രശ്ന ങ്ങളെപ്പറ്റി യെല്ലാം തീവ്ര മായി ചിന്തി ക്കുകയും, ഒരു ശില്പിയുടെ കഴിവ് കൊണ്ടെന്നപോലെ തന്റെ ആധ്യാത്മിക ജ്ഞാനത്താൽ ജനജീവിതത്തെ പ്രബുദ്ധമാക്കണമെന്നുറയ്ക്കുകയും ചെയ്തു. തന്റെ അറിവും സങ്കല്പങ്ങളും ഗുരുവിന്റെ സന്ദേശങ്ങളും പ്രച രിപ്പിക്കാൻ പാശ്ചാത്യ പര്യടനം നടത്താനും അദ്ദേഹം നിശ്ച യിച്ചു. ഇതിനകം ഹിമാലയം മുതൽ രാമേശ്വരം വരെ യാത്ര ചെയ്യുകയും ഭാരതത്തെ സമഗ്രമായി ഉൾക്കൊള്ളുകയും ചെയ്യു ന്നതിന് സ്വാമിജിക്ക് കഴിഞ്ഞിരുന്നു.

കൊളംബസ് അമേരിക്ക കണ്ടെത്തിയതിന്റെ നാലാം ശതാബ്ദി കൊണ്ടാടുന്നതിനോടനുബന്ധിച്ച് ഒരു ലോക മഹാപ്ര ദർശനം സംഘടിപ്പിക്കപ്പെട്ടു. അതിന്റെ ഒരു ഭാഗമെന്നോണമാണ് സർവമത സമ്മേളനം ചേരാനും നിശ്ചയിച്ചത്. എല്ലാ മതങ്ങളു ടെയും പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിക്കുന്ന തിന് ക്ഷണക്കത്തുകൾ അയച്ചു. പല പണ്ഡിതന്മാരും ദാർശനി കന്മാരും ഏഴായിരത്തോളം വരുന്ന സദസ്യരും 1000 പ്രബന്ധ ങ്ങളും തയ്യാറാക്കിയിരുന്നു. 1893 സെപ്തംബർ 11-ാം തീയതി ചിക്കാഗോ ആർട്ട്സ് പാലസിലെ വിപുലമായ ഹാളിൽ സമ്മേ ളനം ആരംഭിച്ചു. സുഹൃത്തുക്കളുടെയും ആരാധകരുടെയും പ്രേരണയെത്തുടർന്ന് സ്വാമി വിവേകാനന്ദൻ ഹിന്ദുമതത്തെ പ്രതിനിധീകരിച്ച് ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഉജ്ജ്വലമായ വാഗ്മിത്വവും, അപാര ജ്ഞാനവും കൊണ്ട് സ്വാമിയുടെ പ്രഭാഷ ണങ്ങൾ സമ്മേളനത്തിലുടനീളം ഏറെ ശ്രദ്ധ നേടി. ഇംഗ്ലണ്ടടക്കം മറ്റ് പല രാജ്യങ്ങളും സന്ദർശിച്ച ശേഷമാണ് അദ്ദേഹം മടങ്ങിയെ ത്തിയത്.

1897 മെയ് മാസം ഒന്നാം തീയതി ബലറാം ബോസിന്റെ വീട്ടിൽ വച്ച് ശ്രീരാമകൃഷ്ണദേവന്റെ സന്യാസി-ഗൃഹസ്ഥ ശിഷ്യ ന്മാരുടെ ഒരു യോഗം സ്വാമിജി വിളിച്ചു കൂട്ടി. നമ്മുടെ മാതൃഭൂമി യുടെ സർവതോന്മുഖമായ ഉത്ഥാനത്തിന് ആധ്യാത്മികമായി അടിയുറച്ച ഒരു സംഘടന അനിവാര്യമെന്ന് ചിന്തിച്ചുറച്ച സ്വാമിജി 'രാമകൃഷ്ണമിഷൻ അസോസിയേഷൻ' എന്ന പേരിൽ ഒരു സംഘം രൂപീകരിക്കണമെന്ന് നിർദേശിക്കുകയും സകലരും പൂർണമനസ്സാലെ അത് അംഗീകരിക്കുകയും ചെയ്തു. ശ്രീരാമ കൃഷ്ണൻ ഉപയോഗിച്ച സർവലോകഹിതദായകമായ സത്യങ്ങൾ ആചരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത് ജനതയുടെ ലൗകി കവും മാനസികവും ആധ്യാത്മികവുമായ പുരോഗതിയ്ക്ക് സഹായിക്കുക എന്നതായിരുന്നു ലക്ഷ്യം.

കൊൽക്കത്തയിൽ നിന്നും ഒരു മൈൽ അകലെ ബേയൂർ എന്ന ഗ്രാമത്തിൽ ഗംഗാതീരത്ത് ആദ്യത്തെ ശ്രീരാമകൃഷ്ണ മഠം സ്ഥാപിക്കാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. മിസ്. ഹെൻഡ്രിയാറ്റ മുള്ളർ സംഭാവന ചെയ്ത 39,000 രൂപ കൊടുത്ത് മന്ദാകിനി തീരത്ത് സ്ഥലം വിലയ്ക്കു വാങ്ങി. അവിടെ 1898 ഏപ്രിൽ മാസ ത്തിൽ പണി ആരംഭിച്ചു. വളരെ ക്ലേശങ്ങൾ സഹിച്ച് നിർമാണം


1899 ജനുവരിയിൽ പൂർത്തീകരിച്ചു. ശ്രീരാമകൃഷ്ണജീവിതം കൊണ്ട് സമർത്ഥിക്കപ്പെട്ട സർവമത സമന്വയം സമ്മതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു കേന്ദ്രമായിരിക്കും ഇതെന്നും ലോകമാകെ രൂപപ്പെടുന്നതിന് ഉതകുന്ന ശാന്തിയും, ശുഭേച്ഛയും നിറഞ്ഞ ഒരു മഹത് സന്ദേശം ഇവിടെ നിന്ന് പരക്കും എന്നും പ്രസ്താവിച്ച് കൊണ്ട് ശ്രീരാമകൃഷ്ണദേവന്റെ അവശിഷ്ടധാതു അവിടെ പ്രതിഷ്ഠിച്ചു.

കേരളത്തിൽ ശ്രീരാമകൃഷ്ണ പ്രസ്ഥാനം ആരംഭിച്ചത് ശ്രീനിർമലാനന്ദ സ്വാമികളാണ്. 1912-ൽ കേരളത്തിലെ ആദ്യത്തെ ശ്രീരാമകൃഷ്ണാശ്രമത്തിന് ശിലാസ്ഥാപനം നടന്നു. 1916-ൽ ശ്രീ ബ്രഹ്മാനന്ദസ്വാമികൾ ഹരിപ്പാട് ആശ്രമത്തിൽ താമസിച്ച് ഏതാനും പേർക്ക് മന്ത്രദീക്ഷ നൽകി. തിരുവല്ല, തിരുവനന്തപുരം, ഒറ്റപ്പാലം തുടങ്ങി പല സ്ഥലങ്ങളിലും ക്രമേണ ആശ്രമങ്ങളുണ്ടായി. 1915-ൽ 'പ്രബുദ്ധ കേരള' മാസിക പ്രസിദ്ധീകരണം ആരംഭിച്ചു. വിദ്യാഭ്യാസം, ആതുരസേവനം, ആധ്യാത്മിക പ്രവർത്തനം, പ്രസിദ്ധീകരണം തുടങ്ങിയ മേഖലകളിലാണ് കേരളത്തിലെ ആശ്രമങ്ങൾ പ്രവർത്തിക്കുന്നത്.

സ്വാമി വിവേകാനന്ദൻ നടത്തിയ പാശ്ചാത്യ സന്ദർശനങ്ങളിൽ പ്രധാനമായി പരിഗണിക്കപ്പെട്ടത് ഭാരതീയ സംസ്കാരത്തെയും ഭാരതീയമായ ആത്മീയ സത്തയെയും കുറിച്ച് നടത്തിയ പ്രസംഗങ്ങളാണ്. സനാതനമായ ഒരു ധർമത്താൽ നിർമിച്ച പാലം കൊണ്ട് പാശ്ചാത്യ പൗരസ്ത്യ ലോകങ്ങളെ തമ്മിൽ ബന്ധിതമാക്കിയത് ഭാരതത്തിന്റേതായ സന്ദേശം ഉൾക്കൊണ്ട വിവേകാനന്ദ വാണിയാണ്. പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളെ സാംസ്കാരികവും, ധാർമികവുമായ അടിസ്ഥാനത്തിൽ ആദ്യമായി ശൃംഖലിതമാക്കിയത് സ്വാമി വിവേകാനന്ദന്റെ പ്രവർത്തനങ്ങളായിരുന്നു.

1902 ജൂലൈ 4ന് മുപ്പത്തൊൻപതാം വയസ്സിൽ സ്വാമിയുടെ ജീവിതത്തിന് തിരശ്ശീല വീണു. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 ദേശീയ യുവജന ദിനമായി ആചരിക്കുന്നു. ■





# സംഗീതലോകത്തെ സവ്യസാചി

രാജ്മോഹൻ കൂവളശ്ശേരി

മലയാള ചലച്ചിത്ര ഗാനാംഗനയുടെ കാർകൂന്തലിൽ കൃഷ്ണതുളസിക്കതിരുകൾ ചൂടിച്ച സംഗീത സംവിധായകനാണ് മാനാമധുരൈ ബാലകൃഷ്ണൻ ശ്രീനിവാസൻ എന്ന എം.ബി. ശ്രീനിവാസൻ. സ്വാതന്ത്ര്യസമരഭൂമിയിലും തെരുവോരങ്ങളിലുമൊക്കെ സംഘസംഗീതത്തിന്റെ അനുരണനങ്ങൾ തീർത്ത എം.ബി.എസിൽ സംഗീതം സ്വർണമായിരുന്നുവെങ്കിൽ ആ സ്വർണത്തിന് സുഗന്ധമായി മാനുഷിക ഗുണങ്ങളും സന്നിവേശിച്ചിരുന്നു.


ചേരിനിവാസികൾക്കും മന്ദബുദ്ധികളായ കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുയാണ് തന്റെ ദൗത്യമെന്ന് കണ്ടെത്തിയ അദ്ദേഹം സംഗീതത്തെ സാന്ത്വന മന്ത്രമാക്കി അവർക്ക് നല്കി. കലയെ ധനാർജനമാർഗമായി കരുതിയവർക്കിടയിൽ ഒറ്റത്തുരുത്തായിരുന്നു എം. ബി. ശ്രീനിവാസൻ. ജീവിതവരുമാനം നേടാൻ ചലച്ചിത്ര സംഗീത മേഖല തെരഞ്ഞെടുത്തപ്പോഴും കുറെ നല്ല ചിത്രങ്ങൾക്കു വേണ്ടി മാത്രം പ്രവർത്തിച്ചു. അവിടെയെല്ലാം കോറൽമ്യൂസിക്കിന്റെ ശക്തിയെന്തെന്ന് ആസ്വാദകർക്ക് അനുഭവവേദ്യമാകുകയും ചെയ്തു.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം നാടെങ്ങും കത്തിപ്പടർന്ന കാലം. രണധീരന്മാരുടെ കാൽനഖേന്ദുമരീചികൾ തെളിയിച്ച വഴിയിലൂടെ അടിവച്ചു നീങ്ങിയ അണികൾക്ക് ആവേശം പകരാൻ എം.ബി.എസിന്റെ സംഘഗാനങ്ങൾ സഹായകമായി.

തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും മായ്ക്കുന്ന കല്ലുകൾ എത്രയോ കോടികൾ മണ്ണിലാണ്ടു കിടക്കുന്നു എന്ന സത്യം ആ സംഗീതസവ്യസാചി അറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ തെരുവിന്റെ മക്കളെയും സംഗീതത്തിന്റെ ശീതളച്ഛായയിൽ ചേർത്തു നിർത്തി, അവർക്ക് ആശയും ആവേശവുമായി മാറി അദ്ദേഹം. ഒന്നിച്ചു പാടുക എന്ന ആശയം പ്രാവർത്തികമാക്കിയപ്പോൾ ആ ഹൃദയങ്ങൾ സ്നേഹവിശ്വാസങ്ങളുടെ താമര നൂലിഴയാൽ ബന്ധിക്കപ്പെടുകയായിരുന്നു.

അധ്യാപക സംഗീത പരിശീലന പരിപാടിയ്ക്കായി ലക്ഷദ്വീപിൽ എത്തിയ എം.ബി. ശ്രീനിവാസൻ അവിടത്തെ ജോലിയ്ക്കിടെ 1988 മാർച്ച് 9ന് അന്തരിച്ചു.

പാട്ടിന്റെ തേൻകുടം നമ്മുടെ ഹൃദയത്തോട് ചേർത്തുവച്ച് കടന്നുപോയ ആ മനുഷ്യസ്നേഹിയുടെ നിത്യസ്മാരകമായി എം.ബി.എസ്. യൂത്ത്ക്വയർ എന്ന ഗായകസംഘടന തിരുവനന്തപുരത്ത് വഴുതയ്ക്കാട്ട് ലെനിൻ ബാലവാടിയിൽ പ്രവർത്തിച്ചുവരുന്നു. ഒരു നഷ്ട വസന്തത്തിന്റെ തപ്തനിശ്വാസം പോലെ..... ■



# സംഗീതലോകത്തെ സവ്യസാചി

രാജ്മോഹൻ കൂവളശ്ശേരി

മലയാള ചലച്ചിത്ര ഗാനാംഗനയുടെ കാർകൂന്തലിൽ കൃഷ്ണതുളസിക്കതിരുകൾ ചൂടിച്ച സംഗീത സംവിധായകനാണ് മാനാമധുരൈ ബാലകൃഷ്ണൻ ശ്രീനിവാസൻ എന്ന എം.ബി. ശ്രീനിവാസൻ. സ്വാതന്ത്ര്യസമരഭൂമിയിലും തെരുവോരങ്ങളിലുമൊക്കെ സംഘസംഗീതത്തിന്റെ അനുരണനങ്ങൾ തീർത്ത എം.ബി.എസിൽ സംഗീതം സ്വർണമായിരുന്നുവെങ്കിൽ ആ സ്വർണത്തിന് സുഗന്ധമായി മാനുഷിക ഗുണങ്ങളും സന്നിവേശിച്ചിരുന്നു.

ചേരിനിവാസികൾക്കും മന്ദബുദ്ധികളായ കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുയാണ് തന്റെ ദൗത്യമെന്ന് കണ്ടെത്തിയ അദ്ദേഹം സംഗീതത്തെ സാന്ത്വന മന്ത്രമാക്കി അവർക്ക് നല്കി. കലയെ ധനാർജനമാർഗമായി കരുതിയവർക്കിടയിൽ ഒറ്റത്തുരുത്തായിരുന്നു എം. ബി. ശ്രീനിവാസൻ. ജീവിതവരുമാനം നേടാൻ ചലച്ചിത്ര സംഗീത മേഖല തെരഞ്ഞെടുത്തപ്പോഴും കുറെ നല്ല ചിത്രങ്ങൾക്കു വേണ്ടി മാത്രം പ്രവർത്തിച്ചു. അവിടെയെല്ലാം കോറൽമ്യൂസിക്കിന്റെ ശക്തിയെന്തെന്ന് ആസ്വാദകർക്ക് അനുഭവവേദ്യമാകുകയും ചെയ്തു.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം നാടെങ്ങും കത്തിപ്പടർന്ന കാലം. രണധീരന്മാരുടെ കാൽനഖേന്ദുമരീചികൾ തെളിയിച്ച വഴിയിലൂടെ അടിവച്ചു നീങ്ങിയ അണികൾക്ക് ആവേശം പകരാൻ എം.ബി.എസിന്റെ സംഘഗാനങ്ങൾ സഹായകമായി.

തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും മായ്ക്കുന്ന കല്ലുകൾ എത്രയോ കോടികൾ മണ്ണിലാണ്ടു കിടക്കുന്നു എന്ന സത്യം ആ സംഗീതസവ്യസാചി അറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ തെരുവിന്റെ മക്കളെയും സംഗീതത്തിന്റെ ശീതളച്ഛായയിൽ ചേർത്തു നിർത്തി, അവർക്ക് ആശയും ആവേശവുമായി മാറി അദ്ദേഹം. ഒന്നിച്ചു പാടുക എന്ന ആശയം പ്രാവർത്തികമാക്കിയപ്പോൾ ആ ഹൃദയങ്ങൾ സ്നേഹവിശ്വാസങ്ങളുടെ താമര നൂലിഴയാൽ ബന്ധിക്കപ്പെടുകയായിരുന്നു.

അധ്യാപക സംഗീത പരിശീലന പരിപാടിയ്ക്കായി ലക്ഷദ്വീപിൽ എത്തിയ എം.ബി. ശ്രീനിവാസൻ അവിടത്തെ ജോലിയ്ക്കിടെ 1988 മാർച്ച് 9ന് അന്തരിച്ചു.

പാട്ടിന്റെ തേൻകുടം നമ്മുടെ ഹൃദയത്തോട് ചേർത്തുവച്ച് കടന്നുപോയ ആ മനുഷ്യസ്നേഹിയുടെ നിത്യസ്മാരകമായി എം.ബി.എസ്. യൂത്ത് ക്വയർ എന്ന ഗായകസംഘടന തിരുവനന്തപുരത്ത് വഴുതയ്ക്കാട്ട് ലെനിൻ ബാലവാടിയിൽ പ്രവർത്തിച്ചുവരുന്നു. ഒരുനഷ്ട വസന്തത്തിന്റെ തപ്തനിശ്വാസം പോലെ.....



# ഒരു തുള്ളി വെള്ളവും ഒരു കുടം മനസ്സും

ദിനേശൻ കണ്ണപുരം

പ്രകൃതി നമുക്കായി ചുരത്തുന്ന മുലപ്പാലാണ് ശുദ്ധജലം. ഈ ജീവാമൃതം നമുക്കായി ഒരുക്കിത്തരുന്നത് പ്രകൃതിയുടെ ഫിൽട്ടർ യൂണിറ്റായ മണ്ണാണ്. മനുഷ്യനിൽ വൃക്കയുടെ പ്രവർത്തനം പോലെയാണ് പ്രകൃതിയിൽ മണ്ണിന്റെ പ്രവർത്തനവും.

മഴക്കാല മാസങ്ങളിൽ മണ്ണ് ആർത്തിയോടെ ഉൾക്കൊള്ളുന്ന മഴവെള്ളം അമൃതാക്കി മാറ്റി ഭൂഗർഭ അറകളിൽ സംഭരിക്കുകയും മനുഷ്യന്റെ അന്വേഷണവഴികളിൽ (കിണറുകളിലും മറ്റും) നീരുറവകളായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

എന്നാൽ ഇന്നീ പരിശുദ്ധമായ പ്രക്രിയയിൽ ചില കരടുകൾ അലിഞ്ഞു ചേരുകയും ശുദ്ധജലത്തിന്റെ പോഷകാവസ്ഥയെ മലിനപ്പെടുത്തുകയും ചെയ്തു തുടങ്ങിയിട്ടുണ്ട്.

നമ്മുടെ കൃഷിരീതിയിൽ വന്നിട്ടുള്ള മാറ്റമാണ് ഇതിനൊരു പ്രധാന കാരണം. വയൽപ്രദേശങ്ങളിലെയും മറ്റും കൃഷിയിടങ്ങളിൽ അമിതമായി ഉപയോഗിക്കുന്ന മാരകമായ കീടനാശിനികളും രാസവളങ്ങളും നമ്മുടെ മണ്ണിന്റെ ജൈവാവസ്ഥയെ തന്നെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇത് മണ്ണിന്റെ ജലശേഖരണത്തിൽ കീടനാശിനികളുടെയും രാസവളങ്ങളുടെയും മാരകമായ അംശങ്ങൾ ഇഴുകിച്ചേരാൻ കാരണമാകുന്നു. ഇതിന്റെ പരിണിതഫലമായി പ്രകൃതി നമുക്ക് നൽകുന്ന മുലപ്പാൽ പരിശുദ്ധമല്ലാതായിത്തീരുകയും നമ്മൾ പതിയെ പതിയെ രോഗാവസ്ഥയിലേക്ക് അടുക്കുകയും ചെയ്യുന്നു.

വൃക്ക തകരാറിലായ ഒരു മനുഷ്യന്റെ അവസ്ഥ എന്തായിരിക്കും. അതുപോലെ തന്നെയാണ് അമിതമായ രാസവളങ്ങളുടെയും കീടനാശിനികളുടെയും മറ്റു കെമിക്കലുകളുടെയും ഉപയോഗത്താൽ പ്രകൃതിയുടെ വൃക്കയായ മണ്ണിലൂടെ പ്രകൃതിക്കും സംഭവിച്ചുകൊണ്ടിരിക്കുന്നത്.

നമ്മുടെ മണ്ണിനിപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവാവസ്ഥ തിരിച്ചുകൊണ്ടുവരാൻ കഴിയുന്ന രീതിയിൽ നമ്മുടെ കൃഷി സമ്പ്രദായങ്ങൾ പഴമയുടെ സംസ്കാരങ്ങൾ ഏറ്റുപിടിച്ചുകൊണ്ട് (ജൈവകൃഷി പോലുള്ളവ) വീണ്ടുമൊരു ഉയർത്തെഴുന്നേൽപ്പിന് കളമൊരുക്കേണ്ടിയിരിക്കുന്നു.

ഒരു തുള്ളിവെള്ളമെങ്കിലും ശുദ്ധമായി ലഭിക്കണമെങ്കിൽ ഒരു കുടം (കൂട്ടം) മനസ്സെങ്കിലും ആദ്യം ശുദ്ധമാവേണ്ടതുണ്ട്. മനസ്സ് ശുദ്ധമായാൽ മണ്ണ് ശുദ്ധമാവും. മണ്ണ് ശുദ്ധമായാൽ കുടിവെള്ളം ശുദ്ധമാവും. കുടിവെള്ളം ശുദ്ധമായാൽ ആരോഗ്യം നന്നാവും. പ്രകൃതിയുടെ വൃക്കയായ മണ്ണ് മലിനപ്പെടുത്താതെ സംരക്ഷിക്കുകയെന്നതാണ് ശുദ്ധജലം കാംക്ഷിക്കുന്നവരുടെ ഒന്നാമത്തെ കടമ.

രണ്ടാംഘട്ടത്തിൽ ചിന്തിക്കാനുള്ളത് ശുദ്ധജല വിനിയോഗത്തെക്കുറിച്ചാണ്. ഇവിടെയും കൃഷിയിടങ്ങളിൽ തളിക്കുന്ന കീടനാശിനി വില്ലനാണ്. സർവത്ര വെള്ളമെങ്കിലും തുള്ളി കുടിക്കാനില്ലെന്ന പരിദേവനത്തിന് തഴമ്പു പിടിച്ച കാലമാണിത്. ഈ പരിദേവനത്തിന് കാരണം ആരുടെ കുറ്റമാണ്? പ്രകൃതിയുടേതല്ല, നമ്മൾ മനുഷ്യരുടേതു തന്നെയാണ്. നാമിപ്പോൾ ദിനംപ്രതി കുടിവെള്ളത്തെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കുളങ്ങളും തോടുകളും ഉറവകളും തടാകങ്ങളും തുടങ്ങി നിരവധി പൊതുജലസ്രോതസ്സുകളിൽ മിക്കവയും മാലിന്യങ്ങളുടെ മതിൽവാഹകരായി കിടക്കുകയാണ്.

ഇത് പ്രകൃതിയുടെ വികൃതിയല്ല. മനുഷ്യന്റെ ബോധപൂർവമായ കുസൃതിയാണ്. ഒരു കൂട്ടം മനുഷ്യർ ചെയ്യുന്ന ഈ കുസൃതിയുടെ കഷ്ടത അനുഭവിക്കുന്നത് മനുഷ്യരുടെ തന്നെ മറ്റൊരു കൂട്ടമാണ്. ചെറിയൊരു ഉദാഹരണത്തിലൂടെ ഈ സംഗതി സമർത്ഥിക്കാവുന്നതേയുള്ളൂ.

മലയോര മേഖലയിലെ മിക്ക പ്രദേശങ്ങളിലും താമസിക്കുന്നവർ ജീവജലത്തെ ആശ്രയിക്കുന്നത് മലഞ്ചരിവിലെ പാറയിടുക്കുകളിൽ നിന്നും മറ്റും വരുന്ന നീരുറവകളെയാണ്. അനേകം നീരുറവകളിൽ നിന്നും അനേകം കുഴലുകൾ അനേകം വീടുകളിലേക്ക് നീണ്ടു കിടക്കുന്നത് മിക്ക മലയോര പ്രദേശങ്ങളിലെയും കാഴ്ചയാണ്.

ഇങ്ങനെ വലിയൊരു സമൂഹം മുഴുവൻ കുടിവെള്ളത്തിനായി മലഞ്ചരിവിലെ നീരുറവകളെ ആശ്രയിച്ചു കഴിയുമ്പോൾ ഇത്തരം ജലസ്രോതസ്സുകളിൽ മാലിന്യങ്ങളുടെ ഭാണ്ഡക്കെട്ടുകൾ തള്ളിയിട്ട് സ്വന്തം വീടും പുരയിടവും അറവുശാലകളും മറ്റും ശുദ്ധമാക്കി കഴിയുന്നവർ ധാരാളമുണ്ട്. ഇവിടെ വലിയൊരു വിഭാഗത്തിന്റെ ഗാർഹിക ആവശ്യങ്ങൾക്കായുള്ള ശുദ്ധജലമാണ് ഇവർ മലിനപ്പെടുത്തുന്നതെന്ന് ഓർക്കുക.

കണ്ണും കാതും തലച്ചോറും കാര്യക്ഷമമായി പ്രവർത്തിക്കുന്നിടത്ത് ഇത്തരം കാഴ്ചകൾ ഉണ്ടാവില്ല. പക്ഷേ ഇത്തരം കാര്യക്ഷമത ഇന്ന് എവിടെയാണുള്ളത്. നഗരങ്ങളിലായാലും ഗ്രാമപ്രദേശങ്ങളിലായാലും നമ്മുടെ ജലസമ്പത്ത് ഒരു പരിധിവരെ മലീമസപ്പെട്ടുകൊണ്ടിരിക്കുകയാണ്.

മൂന്നാം ഘട്ടത്തെക്കുറിച്ചു പറയുകയാണെങ്കിൽ ധാരാളം പൊതു കിണറുകളും വഴിയോരടാപ്പുകളുമുള്ള രാജ്യമാണ് നമ്മുടേത്. നഗര-ഗ്രാമ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്ന ഇത്തരം ജലസ്രോതസ്സുകളോട് നാം കാട്ടുന്ന സമീപനമെന്താണ്?

ചുറ്റുമതിലോ, പ്ലാറ്റ്ഫോമോ കെട്ടാതെ കിണറിൽ നിന്നും വെള്ളമെടുത്ത് ഉപയോഗിക്കുമ്പോൾ പലരും പലപ്പോഴും അശ്രദ്ധാലുക്കളായി കാണാറുണ്ട്. കിണറിൽ നിന്നും വെള്ളം കോരി അതിന്റെ കരയിൽ നിന്നുതന്നെ സോപ്പു തേച്ചു കുളിക്കുന്നതും അഴുക്കു വസ്ത്രങ്ങൾ നനയ്ക്കുന്നതും പല്ലും മുഖവും കഴുകി കാർക്കിച്ചു തുപ്പുന്നതുമൊക്കെ പലയിടങ്ങളിലെയും കാഴ്ചയാണ്. ഇത് ആരോഗ്യപരമായ സമീപനമല്ല.

കിണറിന് ചുറ്റുമതിലോ പ്ലാറ്റ്ഫോമോ ഓടയോ ഇല്ലാത്തതുകൊണ്ട് കുളിക്കുമ്പോഴും വസ്ത്രം നനയ്ക്കുമ്പോഴും മറ്റുമുള്ള അഴുക്കുകൾ ചളിയായി അവിടെത്തന്നെ കെട്ടിക്കിടന്ന് ഒടുവിൽ കിണറിലേക്കു തന്നെ ഒലിച്ചിറങ്ങുന്ന അവസ്ഥയാണ് കണ്ടു വരുന്നത്. ചിലയിടങ്ങളിൽ മനുഷ്യർ കുളിക്കുന്നതിന് മുമ്പ് കന്നുകാലികളെ കുളിപ്പിക്കുന്നതും കാണാം. ചിലർ അടുത്ത പൊന്തക്കാട്ടിലോ പറമ്പിന് പുറകിലോ മലവിസർജനം നടത്തി തിരിച്ചു വന്ന് കിണറിനരികിൽ വച്ച് ശുചിത്വം നിർവഹിക്കുന്നതും കാണാം. ഇങ്ങനെ ഓരോ ദിവസവും ഒരു പറ്റം ആളുകൾ ഈ രീതിയിൽ കിണർ ഉപയോഗിക്കുമ്പോൾ അശുദ്ധമാക്കപ്പെടുന്നത് കിണറിലെ കുടിവെള്ളമാണ്. ഈ വെള്ളമാണ് ഒന്നുമറിയാത്ത പാവങ്ങൾ കുടിക്കേണ്ടി വരുന്നത്. തെരുവിലെ പൊതുടാപ്പുകളുടെയും അതുപോലെ തന്നെ കുളങ്ങളുടെയും നീരുറവകളുടെയും മറ്റും ചുറ്റുമുള്ള അവസ്ഥയും ഇതിൽ നിന്നും മറിച്ചല്ല.

സർവത്ര വെള്ളമുണ്ടായിട്ടും കുടിക്കാൻ ഒരു തുള്ളിയില്ലെന്ന് സങ്കടം പറയുന്ന നമ്മൾ തന്നെയല്ലേ ഉള്ള ശുദ്ധവെള്ളത്തെ അറിഞ്ഞും അറിയാതെയും മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

ഈ അവസ്ഥ മാറണം. മാറ്റാൻ നമുക്ക് കഴിയണം. കുടിവെള്ള സാക്ഷരതാ യജ്ഞമാണ് പരിഹാരമാർഗം.

സർവത്ര വെള്ളത്തിൽ നിന്നും കുടിക്കാനുള്ള ശുദ്ധജലത്തെ മലിനപ്പെടുത്താതെ സംരക്ഷിക്കാനും കൂടുതൽ ശുദ്ധജലസ്രോതസ്സുകൾക്കായി പ്രകൃതിയെ ഒതുക്കാനും നമുക്ക് കഴിയണം.

ഒരു തുള്ളി വെള്ളവും ഒരു കുടം മനസ്സും. ഇതാകട്ടെ ആരംഭത്തിലെ നമ്മുടെ മുദ്രാവാക്യം. ■

സ്മരണ ▶

# ലളിതാംബികാ അന്തർജനം
## (1909-1987)



കൊട്ടാരക്കര കോട്ടവട്ടത്ത് ഇല്ലത്ത് കെ. ദാമോദരൻ പോറ്റിയുടെയും ആര്യാ അന്തർജനത്തിന്റെയും മകളായി 1909 മാർച്ച് 30ന് ലളിതാംബിക ജനിച്ചു. എട്ടാംവയസ്സിൽ ഹരിപ്പാട്ടെ ഒരു പെൺ പള്ളിക്കൂടത്തിൽ അഞ്ച് ദിവസം പഠിച്ചതോടെ അവർക്ക് സ്കൂൾ വിദ്യാഭ്യാസത്തോട് വിട പറയേണ്ടി വന്നു. പിന്നീട് വീട്ടിലിരുന്നാണ് മലയാളവും സംസ്കൃതവും ഇംഗ്ലീഷും ഹിന്ദിയും പഠിച്ചത്. ബ്രാഹ്മണ സമുദായത്തിലെ സ്ത്രീകളുടെ അസ്വാതന്ത്ര്യവും കഷ്ടപ്പാടുകളും കണ്ടു വളർന്ന അന്തർജനത്തിന്റെ കൗമാര ഭാവനയെ ഉദ്ദീപിപ്പിച്ചത് രാഷ്ട്രീയ സ്വാതന്ത്ര്യ പ്രസ്ഥാനവും സാമുദായിക പരിഷ്ക്കരണ നീക്കങ്ങളുമായിരുന്നു. സ്ത്രീവിമോചന പ്രസ്ഥാനങ്ങളുമായി സജീവമായി ബന്ധപ്പെട്ടിരുന്ന അന്തർജനം സോഷ്യൽ വെൽഫെയർ ബോർഡിൽ അംഗമായിരുന്നു. കഥാകവിതാ സമാഹാരങ്ങളും കുട്ടികൾക്കുള്ള പുസ്തകങ്ങളും സാഹിത്യ പഠനങ്ങളും ആത്മകഥയും നോവലടക്കമുള്ള അനേകം കൃതികളുമായി മലയാള സാഹിത്യത്തറവാട്ടിൽ അരനൂറ്റാണ്ടോളം നിസ്തുല ശോഭയോടെ ജ്വലിച്ചു നിന്ന അന്തർജനം മറ്റേതു രചനകൾ വിസ്മൃതിയിൽ തള്ളപ്പെട്ടാലും അഗ്നിസാക്ഷി എന്ന ചെറു നോവലിലൂടെ മാത്രം മലയാളികളുടെ മനസ്സിൽ അനശ്വരത നേടും. മലയാളത്തിലെ ഏറ്റവും വലിയ പുരസ്കാരമായ വയലാർ അവാർഡ് അഗ്നിസാക്ഷിക്ക് ലഭിച്ചു. ഈ ആദ്യ നോവലിലൂടെ നോവൽ സാഹിത്യ രംഗത്ത് വെന്നിക്കൊടി പാറിച്ച അന്തർജനം കേന്ദ്ര-കേരള സാഹിത്യ അവാർഡുകളും ഓടക്കുഴൽ സമ്മാനവും കല്യാണി കൃഷ്ണമേനോൻ പ്രൈസും നേടിയിട്ടുണ്ട്. ചെറുകഥാകൃത്ത് എൻ മോഹനൻ മകനാണ്. അഖിലേന്ത്യാ മഹിളാ സമ്മേളനം, നമ്പൂതിരി യോഗക്ഷേമസഭ, സാഹിത്യ പ്രവർത്തക സഹകരണസംഘം ഭരണസമിതി, പാഠപുസ്തക കമ്മറ്റി, കേരള സാഹിത്യഅക്കാദമി തുടങ്ങിയവയിൽ പല പദവികളും വഹിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ: വഞ്ചിരാജേശ്വരി, ഭാവദീപ്തി, ഒരു പൊട്ടിച്ചിരി, നിശബ്ദ സംഗീതം (കവിതാ സമാഹാരം), ഒരു ശബരിമല സ്തോത്രം, തേൻതുള്ളികൾ (ഗാന സമാഹാരം) ആദ്യത്തെ കഥകൾ, മൂടുപടത്തിൽ, കാലത്തിന്റെ ഏടുകൾ, തകർന്ന തലമുറ, കിളിവാതിലൂടെ, ഗ്രാമബാലിക, കൊടുംകാറ്റിൽ നിന്ന്, കണ്ണുനീരിന്റെ പുഞ്ചിരി, ഇരുപത് വർഷത്തിന് ശേഷം, അഗ്നിപുഷ്പങ്ങൾ, സത്യത്തിന്റെ സ്വരം എന്നിവയിലായി 100 ഓളം ചെറുകഥകൾ അഗ്നിസാക്ഷി (നോവൽ) ഗോസായി പറഞ്ഞകഥ, സീത മുതൽ സാവിത്രി വരെ, ആത്മകഥയ്ക്ക് ഒരാമുഖം, പുനർജന്മം, വീരസംഗീതം (നാടകങ്ങൾ-2) എന്നിവയാണ് പ്രധാന രചനകൾ. 1987 ഫെബ്രുവരി ആറിന് 78-ാം വയസ്സിൽ ലളിതാംബിക അന്തർജനം ഈ ലോകത്തോട് വിടപറഞ്ഞു. ■

**വിനോദ്, പട്ടാണിപ്പാറ**

കണ്ണും കാതും തലച്ചോറും കാര്യക്ഷമമായി പ്രവർത്തിക്കുന്നിടത്ത് ഇത്തരം കാഴ്ചകൾ ഉണ്ടാവില്ല. പക്ഷേ ഇത്തരം കാര്യക്ഷമത ഇന്ന് എവിടെയാണുള്ളത്. നഗരങ്ങളിലായാലും ഗ്രാമപ്രദേശങ്ങളിലായാലും നമ്മുടെ ജലസമ്പത്ത് ഒരു പരിധിവരെ മലീമസപ്പെട്ടുകൊണ്ടിരിക്കുകയാണ്.

മൂന്നാം ഘട്ടത്തെക്കുറിച്ചു പറയുകയാണെങ്കിൽ ധാരാളം പൊതു കിണറുകളും വഴിയോരടാപ്പുകളുമുള്ള രാജ്യമാണ് നമ്മുടേത്. നഗര-ഗ്രാമ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്ന ഇത്തരം ജലസ്രോതസ്സുകളോട് നാം കാട്ടുന്ന സമീപനമെന്താണ്?

ചുറ്റുമതിലോ, പ്ലാറ്റ്ഫോമോ കെട്ടാതെ കിണറിൽ നിന്നും വെള്ളമെടുത്ത് ഉപയോഗിക്കുമ്പോൾ പലരും പലപ്പോഴും അശ്രദ്ധാലുക്കളായി കാണാറുണ്ട്. കിണറിൽ നിന്നും വെള്ളം കോരി അതിന്റെ കരയിൽ നിന്നു തന്നെ സോപ്പു തേച്ചു കുളിക്കുന്നതും അഴുക്കു വസ്ത്രങ്ങൾ നനയ്ക്കുന്നതും പല്ലും മുഖവും കഴുകി കാർക്കിച്ചു തുപ്പുന്നതുമൊക്കെ പലയിടങ്ങളിലെയും കാഴ്ചയാണ്. ഇത് ആരോഗ്യപരമായ സമീപനമല്ല.

കിണറിന് ചുറ്റുമതിലോ പ്ലാറ്റ്ഫോമോ ഓടയോ ഇല്ലാത്തതുകൊണ്ട് കുളിക്കുമ്പോഴും വസ്ത്രം നനയ്ക്കുമ്പോഴും മറ്റുമുള്ള അഴുക്കുകൾ ചളിയായി അവിടെത്തന്നെ കെട്ടിക്കിടന്ന് ഒടുവിൽ കിണറിലേക്കു തന്നെ ഒലിച്ചിറങ്ങുന്ന അവസ്ഥയാണ് കണ്ടു വരുന്നത്. ചിലയിടങ്ങളിൽ മനുഷ്യർ കുളിക്കുന്നതിന് മുമ്പ് കന്നുകാലികളെ കുളിപ്പിക്കുന്നതും കാണാം. ചിലർ അടുത്ത പൊന്തക്കാട്ടിലോ പറമ്പിന് പുറകിലോ മലവിസർജനം നടത്തി തിരിച്ചു വന്ന് കിണറിനരികിൽ വച്ച് ശുചിത്വം നിർവഹിക്കുന്നതും കാണാം. ഇങ്ങനെ ഓരോ ദിവസവും ഒരു പറ്റം ആളുകൾ ഈ രീതിയിൽ കിണർ ഉപയോഗിക്കുമ്പോൾ അശുദ്ധമാക്കപ്പെടുന്നത് കിണറിലെ കുടിവെള്ളമാണ്. ഈ വെള്ളമാണ് ഒന്നുമറിയാത്ത പാവങ്ങൾ കുടിക്കേണ്ടി വരുന്നത്. തെരുവിലെ പൊതുടാപ്പുകളുടെയും അതുപോലെ തന്നെ കുളങ്ങളുടെയും നീരുറവകളുടെയും മറ്റും ചുറ്റുമുള്ള അവസ്ഥയും ഇതിൽ നിന്നും മറിച്ചല്ല.

സർവത്ര വെള്ളമുണ്ടായിട്ടും കുടിക്കാൻ ഒരു തുള്ളിയില്ലെന്ന് സങ്കടം പറയുന്ന നമ്മൾ തന്നെയല്ലേ ഉള്ള ശുദ്ധവെള്ളത്തെ അറിഞ്ഞും അറിയാതെയും മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

ഈ അവസ്ഥ മാറണം. മാറ്റാൻ നമുക്ക് കഴിയണം. കുടിവെള്ള സാക്ഷരതാ യജ്ഞമാണ് പരിഹാരമാർഗം.

സർവത്ര വെള്ളത്തിൽ നിന്നും കുടിക്കാനുള്ള ശുദ്ധജലത്തെ മലിനപ്പെടുത്താതെ സംരക്ഷിക്കാനും കൂടുതൽ ശുദ്ധജലസ്രോതസ്സുകൾക്കായി പ്രകൃതിയെ ഒതുക്കാനും നമുക്ക് കഴിയണം.

ഒരു തുള്ളി വെള്ളവും ഒരു കുടം മനസ്സും. ഇതാകട്ടെ ആരംഭത്തിലെ നമ്മുടെ മുദ്രാവാക്യം. ■

സ്മരണ ▶

# ലളിതാംബികാ അന്തർജനം
## (1909-1987)



**കൊ**ട്ടാരക്കര കോട്ടവട്ടത്ത് ഇല്ലത്ത് കെ. ദാമോദരൻ പോറ്റിയുടെയും ആര്യാ അന്തർജനത്തിന്റെയും മകളായി 1909 മാർച്ച് 30ന് ലളിതാംബിക ജനിച്ചു. എട്ടാംവയസ്സിൽ ഹരിഷാട്ടെ ഒരു പെൺപള്ളിക്കൂടത്തിൽ അഞ്ച് ദിവസം പഠിച്ചതോടെ അവർക്ക് സ്കൂൾ വിദ്യാഭ്യാസത്തോട് വിട പറയേണ്ടി വന്നു. പിന്നീട് വീട്ടിലിരുന്നാണ് മലയാളവും സംസ്കൃതവും ഇംഗ്ലീഷും ഹിന്ദിയും പഠിച്ചത്. ബ്രാഹ്മണ സമുദായത്തിലെ സ്ത്രീകളുടെ അസ്വാതന്ത്ര്യവും കഷ്ടപ്പാടുകളും കണ്ടു വളർന്ന അന്തർജനത്തിന്റെ കൗമാര ഭാവനയെ ഉദ്ദീപിപ്പിച്ചത് രാഷ്ട്രീയ സ്വാതന്ത്ര്യ പ്രസ്ഥാനവും സാമുദായിക പരിഷ്ക്കരണ നീക്കങ്ങളുമായിരുന്നു. സ്ത്രീവിമോചന പ്രസ്ഥാനങ്ങളുമായി സജീവമായി ബന്ധപ്പെട്ടിരുന്ന അന്തർജനം സോഷ്യൽ വെൽഫെയർ ബോർഡിൽ അംഗമായിരുന്നു. കഥാകവിതാ സമാഹാരങ്ങളും കുട്ടികൾക്കുള്ള പുസ്തകങ്ങളും സാഹിത്യ പഠനങ്ങളും ആത്മകഥയും നോവലടക്കമുള്ള അനേകം കൃതികളുമായി മലയാള സാഹിത്യത്തറവാട്ടിൽ അരനൂറ്റാണ്ടോളം നിസ്തുല ശോഭയോടെ ജ്വലിച്ചു നിന്ന അന്തർജനം മറ്റേതു രചനകൾ വിസ്മൃതിയിൽ തള്ളപ്പെട്ടാലും അഗ്നിസാക്ഷി എന്ന ചെറു നോവലിലൂടെ മാത്രം മലയാളികളുടെ മനസ്സിൽ അനശ്വരത നേടും. മലയാളത്തിലെ ഏറ്റവും വലിയ പുരസ്കാരമായ വയലാർ അവാർഡ് അഗ്നിസാക്ഷിക്ക് ലഭിച്ചു. ഈ ആദ്യ നോവലിലൂടെ നോവൽ സാഹിത്യ രംഗത്ത് വെന്നിക്കൊടി പാറിച്ച അന്തർജനം കേന്ദ്ര-കേരള സാഹിത്യ അവാർഡുകളും ഓടക്കുഴൽ സമ്മാനവും കല്യാണി കൃഷ്ണമേനോൻ പ്രൈസും നേടിയിട്ടുണ്ട്. ചെറുകഥാകൃത്ത് എൻ മോഹനൻ മകനാണ്. അഖിലേന്ത്യാ മഹിളാ സമ്മേളനം, നമ്പൂതിരി യോഗക്ഷേമസഭ, സാഹിത്യ പ്രവർത്തക സഹകരണസംഘം ഭരണസമിതി, പാഠപുസ്തക കമ്മറ്റി, കേരള സാഹിത്യഅക്കാദമി തുടങ്ങിയവയിൽ പല പദവികളും വഹിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ: വഞ്ചിരാജേശ്വരി, ഭാവദീപ്തി, ഒരു പൊട്ടിച്ചിരി, നിശബ്ദ സംഗീതം (കവിതാ സമാഹാരം), ഒരു ശബരിമല സ്തോത്രം, തേൻതുള്ളികൾ (ഗാന സമാഹാരം) ആദ്യത്തെ കഥകൾ, മൂടുപടത്തിൽ, കാലത്തിന്റെ ഏടുകൾ, തകർന്ന തലമുറ, കിളിവാതിലൂടെ, ഗ്രാമബാലിക, കൊടുംകാറ്റിൽ നിന്ന്, കണ്ണുനീരിന്റെ പുഞ്ചിരി, ഇരുപത് വർഷത്തിന് ശേഷം, അഗ്നിപുഷ്പങ്ങൾ, സത്യത്തിന്റെ സ്വരം എന്നിവയിലായി 100 ഓളം ചെറുകഥകൾ അഗ്നിസാക്ഷി (നോവൽ) ഗോസായി പറഞ്ഞകഥ, സീത മുതൽ സാവിത്രി വരെ, ആത്മകഥയ്ക്ക് ഒരാമുഖം, പുനർജന്മം, വീരസംഗീതം (നാടകങ്ങൾ-2) എന്നിവയാണ് പ്രധാന രചനകൾ. 1987 ഫെബ്രുവരി ആറിന് 78-ാം വയസ്സിൽ ലളിതാംബിക അന്തർജനം ഈ ലോകത്തോട് വിടപറഞ്ഞു. ■

**വിനോദ്, പട്ടാണിപ്പാറ**



# ചരിത്രത്തിന്റെ മുകളിൽ ഒരു ദേശീയ

**പി.ജെ. വർഗീസ്**

കാകാണികൾ എന്നും അത്ഭുതത്തോടെ നോക്കിക്കാണുന്ന കൗതുകകരമായ ഒരു കാഴ്ചയാണ് പുനലൂർ തൂക്കുപാലം. ഒരു ദേശീയ സ്മാരകത്തിന്റെ പദവി അലങ്കരിക്കുന്ന ഈ പാലം കൊല്ലം ജില്ലയിൽ 45 കിലോമീറ്റർ കിഴക്കു മാറി സ്ഥിതി ചെയ്യുന്ന മുനിസിപ്പൽ നഗരമായ പുനലൂരിലാണ്. നഗരത്തിന്റെ മദ്ധ്യഭാഗത്തു കൂടെയാണ് കല്ലടയാർ കടന്നു പോകുന്നത്. കല്ലടയാറിന്റെ ഇരുവശത്തുമായി ഈ വ്യാപാര നഗരം വ്യാപിച്ചു കിടക്കുന്നു. ഈ ആറിന് മുകളിലുള്ള തൂക്കുപാലം കേരളത്തിൽ ആദ്യത്തേതും ഇന്ത്യയിൽ രണ്ടാമത്തേതുമാണ്. മറ്റൊന്ന് കൊൽക്കത്തയിലെ ഹൗറാ പാലമാണ്. കല്ലടയാറിനു സാമാന്യം വീതിയും ആഴവും കൂടിയ സ്ഥലത്താണ് ഈ പാലം പണി തീർത്തിട്ടുള്ളത്. ഒരിക്കൽ ഭീതി പരത്തുന്ന കൊടുംകാടായിരുന്നു. ഇവിടെ ബ്രിട്ടീഷ് ഭരണാധികാരികളുടെ കാലത്തെ ശില്പസൗന്ദര്യത്തിന്റെയും സാങ്കേതിക വൈദഗ്ധ്യത്തിന്റെയും പ്രതീകമാണ് ഈ പാലം. അക്കാലത്ത് കല്ലടയാറിന്റെ വശങ്ങളിൽ ഭിത്തികളോ തൂണുകളോ നിർമിച്ചാൽ അത് ഏത് സമയത്തും അപകടത്തിലാകുമായിരുന്നു. അതുകൊണ്ട് നദിയുടെ ഇരുകരകളിലും ഗോപുരത്തിന്റെ ആകൃതിയിലുള്ള തൂണുകൾ സ്ഥാപിച്ച് ഉരുക്കു കൊണ്ടുള്ള ചങ്ങലകൾ ഘടിപ്പിച്ച് ചങ്ങലകളിൽ പാലം കൊളുത്തി ഇടുകയാണ്



# യ സ്മാരകം

ചെയ്തിട്ടുള്ളത്. കരയിൽ നാല് കിണറുകൾ കാണാം. ഓരോ വശത്തും രണ്ടെണ്ണം വീതമുണ്ട്. വില്ലുപോലെ വളഞ്ഞ ചങ്ങലയുടെ അഗ്രഭാഗങ്ങൾ ഈ നാല് കിണറുകൾക്കുള്ളിലാണ് ബന്ധിച്ചിട്ടുള്ളത്. ദൂരെ നിന്ന് നോക്കിയാൽ പാലത്തിന്റെ മുൻഭാഗങ്ങൾ ഒരു സ്വീകരണ കവാടത്തിന്റെ പ്രതീതിയോടെ ആതിഥ്യമരുളുന്ന കാഴ്ചയാണ് കാണികളിൽ ജനിപ്പിക്കുക. കവാടത്തിനുള്ളിലൂടെ ഈടും ഭംഗിയുമുള്ള തേക്കുംതടികൊണ്ട് പ്ലാറ്റ്ഫാം പണിഞ്ഞിരിക്കുന്നു. പതിനായിരക്കണക്കിന് തൊഴിലാളികളുടെയും ദേശസ്നേഹികളുടെയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമായിട്ടായിരിക്കണം ഈ പാലം പണി പൂർത്തിയാക്കിയതെന്ന് നമുക്ക് അനുമാനിക്കാം. തൂണുകൾ നിർമിക്കാൻ ഉപയോഗിച്ചിരിക്കുന്നത് കൃഷ്ണശിലപോലെയുള്ള കരിങ്കല്ലുകളാണ്. പൊക്കിയെടുക്കാൻ ക്രെയിനോ മറ്റ് സാങ്കേതിക വിദ്യകളോ ഒന്നുമില്ലാതിരുന്ന ഒന്നേകാൽ നൂറ്റാണ്ടുമുമ്പ് അടുക്കും ചിട്ടയോടുംകൂടി കല്ലുകൾ ബന്ധിച്ചിരിക്കുന്നത് അത്ഭുതാവഹം തന്നെ. കരിങ്കൽകൂടുകളിൽ അടങ്ങിയിരിക്കുന്ന മിശ്രിതത്തിന്റെ രഹസ്യം ആർക്കും ഇതുവരെയും മനസ്സിലായിട്ടില്ല എന്നാണ് പഴമക്കാർ പറയുന്നത്. പാലം പണി കഴിഞ്ഞ് പാലത്തിന്റെ ഉറപ്പും ബലവും പരീക്ഷിക്കാൻ ഒരു വിദ്യയും നടത്തി. അതായത് ഏഴ് ആനകളെ വരിവരിയായി പാലത്തിലൂടെ നടത്തി നോക്കിയത്രെ. വാഹനങ്ങൾ കടന്നുപോകുമ്പോൾ ഒരു കുലുക്കവും ഊഞ്ഞാൽ പോലെയുള്ള ഒരാട്ടവും അനുഭവപ്പെടാറുണ്ടായിരുന്നു. കവാടം കഴിഞ്ഞ് ആദ്യത്തെ പലകയിൽ കാൽവയ്ക്കുമ്പോൾത്തന്നെ ഒരു നേർത്ത ശബ്ദത്തിന്റെ അലയടികൾ മറുകരയിലും പ്രതിധ്വനിക്കും. ഇതെല്ലാം നഷ്ടസ്മൃതികളുടെ കഥയാണ്. ഇപ്പോൾ ഇതുവഴി വാഹനസഞ്ചാരമില്ല. 1977-ൽ തൊട്ടടുത്ത് പുതിയ കോൺക്രീറ്റ് പാലം ഉയർന്നതോടെ വാഹനഗതാഗതം നിലച്ചു. കൊല്ലം-ചെങ്കോട്ട റോഡ് നഗരത്തിന്റെ മധ്യഭാഗത്തുകൂടെ കടന്നുപോകുന്നുണ്ട്. മീറ്റർഗേജ് പാതയിൽ റെയിൽവേ സ്റ്റേഷനും ഇവിടെയുണ്ട്. പത്തനാപുരം താലൂക്കിന്റെ ആസ്ഥാനമാണ് പുനലൂർ.

തിരുവിതാംകൂർ ഗവണ്മെന്റിന്റെ താത്പര്യപ്രകാരം കൊല്ലവും ചെങ്കോട്ടയും തമ്മിൽ ബന്ധിപ്പിക്കാൻ ബ്രിട്ടീഷുകാർ കണ്ടെത്തിയ മാർഗമായിരുന്നു ഈ പാലം. 1877-ൽ ആയില്യം തിരുനാളിന്റെ കാലത്ത് സ്കോട്ടുലൻഡുകാരൻ ആർബർട്ട് ഹെന്റിയാണ് ചങ്ങലയിൽ തൂക്കിയിട്ട ഈ പാലം ഡിസൈൻ ചെയ്തത്. നിർമാണമാരംഭിച്ചത് 1872-ൽ. 1877-ൽ പണി പൂർത്തിയായി. നാനൂറ് അടിയാണ് പാലത്തിന്റെ നീളം. 1877 എന്നും തിരുവിതാംകൂർ രാജവംശത്തിന്റെ ഔദ്യോഗികമുദ്രയും കവാടങ്ങളിൽ ആലേഖനം ചെയ്തിട്ടുണ്ട്. പുനലൂർ പേപ്പർമിൽ, പ്ലൈവുഡ് ഫാക്ടറി എന്നിവയ്ക്കുള്ള അസംസ്കൃതവസ്തുക്കളും ചെങ്കോട്ടയിൽ നിന്ന് അവശ്യസാധനങ്ങളും ഈ പാലത്തിലൂടെയാണ് കൊണ്ടുപോയിരുന്നത്. ഇവിടത്തെ മുഖ്യ വ്യവസായ സ്ഥാപനമായ പേപ്പർമില്ല് ഇപ്പോൾ പ്രവർത്തനരഹിതമാണ്. വിനോദസഞ്ചാരികളുടെയും ഉല്ലാസയാത്രയ്ക്കെത്തുന്നവരുടെയും താവളമാണ് പുനലൂർ തൂക്കുപാലം. കഴിഞ്ഞകാല ശില്പ സൗന്ദര്യം അലങ്കരിക്കുന്ന ഈ ദേശീയ സ്മാരകം നമ്മുടെ സംസ്ഥാനത്തിന്റെ ഒരു മുതൽക്കൂട്ടായി അഭിമാനിക്കാം. ഇപ്പോൾ പാലം പുരാവസ്തുവകുപ്പിന്റെ സംരക്ഷണയിലാണ്. ■

**തിരുവിതാംകൂർ ഗവണ്മെന്റിന്റെ താത്പര്യപ്രകാരം കൊല്ലവും ചെങ്കോട്ടയും തമ്മിൽ ബന്ധിപ്പിക്കാൻ ബ്രിട്ടീഷുകാർ കണ്ടെത്തിയ മാർഗമായിരുന്നു പുനലൂർ തൂക്കുപാലം. 1877-ൽ ആയില്യം തിരുനാളിന്റെ കാലത്ത് സ്കോട്ടുലൻഡുകാരൻ ആർബർട്ട് ഹെന്റിയാണ് ചങ്ങലയിൽ തൂക്കിയിട്ട ഈ പാലം ഡിസൈൻ ചെയ്തത്. നിർമാണമാരംഭിച്ചത് 1872-ൽ. 1877-ൽ പണി പൂർത്തിയായി.**



# മാപ്പിളപ്പാട്ടിന്റെ സ

വി.എം. കുട്ടി

മാപ്പിളപ്പാട്ട് ജീവിതത്തിന്റെ താളമാണ്. ശ്രുതിയാണ്. ലയമാണ്. മനുഷ്യജീവിതത്തിന്റെവികാര വിചാരങ്ങളെല്ലാം മാപ്പിളപ്പാട്ടിലുണ്ട്. ഭക്തിയും പ്രണയവും മാത്രമല്ല, സ്നേഹം, കരുണ, പ്രതികാരം, ശത്രുത, കോപം, സങ്കടം, തമാശ, വ്യാപാരം, സന്ദേശം, ലൈംഗിക ചേഷ്ടകൾ, അശ്ലീലം തുടങ്ങി ജീവിതത്തിൽ എന്തൊക്കെയുണ്ടോ അതൊക്കെ മാപ്പിളപ്പാട്ടിലുമുണ്ട്. ഇവയെല്ലാം ഓരോ തരത്തിലാണ് മനുഷ്യരിൽ പ്രകടമാകുന്നത്. ഓരോ സന്ദർഭവും സംഭവവും മാപ്പിളക്കവികളുടെ ഭാവനയിൽ നിറം പിടിച്ച മനോഹര ഗീതങ്ങളായി മാപ്പിളപ്പാട്ടുകളിലൂടെ ചുരുളഴിഞ്ഞിട്ടുണ്ട്. ഒരു തരത്തിൽ പറഞ്ഞാൽ മാപ്പിളമാർ പാട്ടുപാടി ജീവിച്ച ഒരു ജനതയാണ്. നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന ഓരോ സന്ദർഭവും പാട്ടുപാടിയാണ് അവർ നേരിട്ടത്.

മാപ്പിളപ്പാട്ടിൽ അശ്ലീലം നിറഞ്ഞു നില്ക്കുന്നു എന്ന് ഈയിടെ ചില സമുദായ നേതാക്കൾ പ്രചരിപ്പിക്കുന്നുണ്ട്. യഥാർത്ഥത്തിൽ മനുഷ്യജീവിതത്തെ സമഗ്രമായി ഉൾക്കൊള്ളുന്ന മാപ്പിളപ്പാട്ടിൽ നിന്ന് അശ്ലീലം മാത്രം മാറ്റി നിർത്താൻ കഴിയുകയില്ല. അതും ഉൾക്കൊണ്ടതാണ് മനുഷ്യജീവിതം. മനുഷ്യശരീരത്തിൽ നിന്ന് ഒരു ഭാഗം വെട്ടിമാറ്റിയാൽ അതിന്റെ സൗന്ദര്യം നശിച്ചു. ജീവൻ നിലച്ചു.

മാപ്പിളപ്പാട്ടിന്റെ ഈണങ്ങൾ എന്നും സാധാരണക്കാരന്റെ ചുണ്ടുകളിൽ ജീവിക്കുന്നവയാണ്.

"താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളേ
പഞ്ചവർണപൈങ്കിളിയില് പങ്ക് റങ്കുള്ളോളേ
പൂമുഖം കണ്ടാൽ മതിയോ
പൂതിതീർക്കാൻ കാലമായോ
കാമിനിയടുത്തു വന്നോ
കാലദോഷം തീർന്നു പോയോ-" (താമര)

ഇത് പോലെ മാപ്പിളപ്പാട്ടിന്റെ ഒട്ടനവധി തേനിശലുകൾ കേട്ട് നാം കുളിരണിഞ്ഞിട്ടുണ്ട്. സാധാരണക്കാരുടെ ചുണ്ടുകളിൽ മാപ്പിളപ്പാട്ടിലെ ഇത്തരം പ്രേമഗാനങ്ങൾ ഇന്നും ഉയിർക്കൊള്ളുന്നു. വിവിധ ജാതിക്കാരും മതക്കാരും താമസിക്കുന്ന കേരളത്തിൽ ഒരു പ്രത്യേക സമുദായത്തിന്റെ കാവ്യശാഖയാണ് 'മാപ്പിളപ്പാട്ടുകൾ'.

മാപ്പിളപ്പാട്ടുകളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ മാപ്പിളമാരുടെയും അവരുടെ പദ്യകൃതികളായ മാപ്പിളപ്പാട്ടുകളുടെയും അടിവേരുകൾ തേടിപ്പോകുന്നത് ഉചിതമായിരിക്കും.

മലബാറിലെ മുസ്‌ലിംകളെ 'മാപ്പിളമാർ' എന്നും അവരുടെ പദ്യകൃതികളെ 'മാപ്പിളപ്പാട്ടുകൾ' എന്നും വിളിച്ചത് ആരാണെന്നോ എന്നു മുതൽക്കാണെന്നോ പറയുവാൻ പറ്റാവുന്ന വ്യക്തമായ തെളിവുകളൊന്നുമില്ല. മുസ്‌ലിംകളാവാൻ തരമില്ല. അന്യസമുദായക്കാരോ ഭരണവർഗമോ ആവാനാണ് സാധ്യത.

മുസ്‌ലിംകളുടെ കാവ്യശാഖയെ ആദ്യകാലം 'മാലപ്പാട്ടുകൾ' എന്നും 'സബീനപ്പാട്ടുകൾ' എന്നുമാണ് വിളിച്ചിരുന്നത്. പിന്നീടാണ് 'മാപ്പിളപ്പാട്ടുകൾ' എന്നറിയപ്പെട്ടത്.

അറബ്നാടും മലബാറും തമ്മിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള വ്യാപാരബന്ധമായിരുന്നു നിലനിന്നിരുന്നത്. ഇസ്ലാം മതത്തിന്റെ ആവിർഭാവത്തോടെ മക്കയിൽ നിന്ന് വ്യാപാര സംഘങ്ങളോടൊപ്പം ഇസ്‌ലാം മതപ്രചാരകരും മലബാറിലേക്ക് പുറപ്പെട്ടു. അവർ ഇവിടുത്തെ നാട്ടു രാജാക്കന്മാരും നാടുവാഴികളുമായും ബന്ധപ്പെടുകയും ഇസ്‌ലാം മതപ്രബോധനം നടത്തുകയും ചെയ്തു. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ പുതുപുത്തൻ ആശയങ്ങളിലും തത്വങ്ങളിലും ആകൃഷ്ടരായ അവർ മുസ്‌ലിംഗൾക്ക് കൂടുതൽ മതപ്രബോധനത്തിന്



സൗകര്യം നൽകുകയും ആരാധനയ്ക്ക് സ്ഥലം വിട്ടു കൊടുക്കുകയും പള്ളികളും മദ്രസ്സകളും സ്ഥാപിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു കൊടുക്കുകയും ചെയ്തു. ഇങ്ങനെ നിർമിച്ച പള്ളികളെക്കുറിച്ച് വടക്കേ മലബാറിൽ ഒരു നാടൻ പാട്ട് പ്രചരിച്ചിട്ടുണ്ട്.

"മക്കത്തെപള്ളിക്കൊപ്പിച്ച പള്ളി
മലനാട്ടിലൊരു പള്ളി മാടായിപ്പള്ളി"

ഇത്തരം സൗകര്യങ്ങൾ ചെയ്തു കൊടുക്കുക മാത്രമല്ല, സ്വകുടുംബങ്ങളിൽ നിന്നുള്ള സഹോദരിമാരെയും പെൺമക്കളെയും കുലീനരും ധനാഢ്യരുമായ അറബികൾക്ക് വിവാഹം ചെയ്തു കൊടുക്കുകയും കൂട്ടുകുടുംബമായി ഒന്നിച്ചിടപഴകി ജീവിക്കുകയും ചെയ്തു. അതിൽ നിന്നുണ്ടായ സന്താനപരമ്പരകൾ ഒരു സങ്കരസംസ്കാരത്തിന്റെ ഉടമകളായി ജീവിച്ചു. കേരളത്തിൽ ശുദ്ധമായ മലയാള ഭാഷയും ലിപിയും അന്ന് ഉരുത്തിരിഞ്ഞിരുന്നില്ല. തമിഴ്, തെലുങ്ക്, കന്നട തുടങ്ങിയ ഭാഷാപദങ്ങൾ കൂടിക്കലർന്ന ഒരു നാടൻ വാമൊഴി ഭാഷയായിരുന്നു അവർ കൈകാര്യം ചെയ്തിരുന്നത്. അതോടൊപ്പം അറബിഭാഷയും അറബി സംസ്കാരവും അവർക്ക് ഉൾക്കൊള്ളേണ്ടി വന്നു. അറബികൾക്ക് അവരുടെ മതപ്രബോധനത്തിന് ഒരു ലിപി നിർബന്ധമായിരുന്നു. അറബി ഭാഷ എല്ലാവരെയും പഠിപ്പിക്കുക എന്നത് പ്രായോഗികമായിരുന്നില്ല. അതിനാൽ മലബാറിലെ നാട്ടുഭാഷയുടെ വാമൊഴികൾ അറബിലിപികളിൽ

# ാമൂഹ്യ പ്രസക്തി

രേഖപ്പെടുത്തി അറബി-മലയാളം ലിപിയും ഭാഷയുമുണ്ടായി. മലബാർ മുസ്‌ലിംഗളുടെ പദ്യ-ഗദ്യ സാഹിത്യകൃതികൾ അറബി-മലയാളം ലിപികളിൽ പ്രചാരം നേടി.

ആദ്യമായി മാലപ്പാട്ടുകളാണ് സമൂഹത്തിൽ പ്രചരിച്ചത്. അദ്ധ്യാത്മിക ചിന്തകളിലൂന്നി സൂഫിവര്യന്മാരുടെയും പുണ്യാത്മാക്കളുടെയും അപദാനങ്ങൾ പാടിപ്പുകഴ്ത്തുന്ന നിരവധി ലഘുകൃതികൾ 'മാലപ്പാട്ടുകൾ' എന്ന പേരിൽ പിറവിയെടുത്തു. മുഹ്‌യുദ്ദീൻ മാല, രിഫായി മാല, മഞ്ഞക്കുളം മാല, മമ്പുറം മാല, ശാദുലി മാല, ചിശ്തി മാല, നഫീസത്ത് മാല തുടങ്ങിയവ മുസ്‌ലിംഗൃഹങ്ങളിൽ മതപരമായ സ്വാധീനം ചെലുത്തി. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ കൂട്ടം ചേർന്നും ഒറ്റയായും മാലപ്പാട്ടുകൾ ആലപിക്കുന്ന സമ്പ്രദായം നിലനിന്നു. രോഗഗ്രസ്തരായി മരണാസന്ന നിലയിലും വസൂരി, കോളറ തുടങ്ങിയ മാരക രോഗങ്ങൾ പടർന്ന അവസരങ്ങളിലും ജനങ്ങൾ മുഹ്‌യുദ്ദീൻ മാല, രിഫായി മാല, ബദർ മാല തുടങ്ങിയവ സംഘം ചേർന്ന് പാടും. ബാഗ്ദാദിൽ ജനിച്ച സുഫി വര്യനായ മുഹ്‌യുദ്ദീൻ ശൈഖിന്റെ അപദാനങ്ങളാണ് മുഹ്‌യുദ്ദീൻ മാലയിൽ പ്രതിപാദിച്ചിട്ടുള്ളത്.

"അള്ളാതിരുപേരും തുദിയും സലാവാത്തും
അതിനാൽ തുടങ്ങുവാൻ അരുൾചെയ്ത ബേദാംബർ
ആലം ഉടയവന്റേകൽ അരുളാലേ
ആയേ മുഹമ്മദ് അവർ കിളയായോവർ
എല്ലാ കിളയിലും ബൻകിള ആണോവർ
എല്ലാ തിശയിലും കേളിമികച്ചോവർ
സുൽത്താനുൽ ഔലിയാ എന്നു പേരുള്ളോവർ
സയ്യിദവർ തായും ബാവയും ആണോവർ"

ഇതുപോലെ പ്രസവനോവ് ആരംഭിച്ചാൽ അയൽപ്പക്കങ്ങളിലെ സ്ത്രീകൾ സംഘം ചേർന്ന് പെണ്ണിന്റെ കിടപ്പുമുറിയുടെ അടുത്തിരുന്ന് നഫീസത്ത് മാല ആലപിക്കും.

"ബിസ്മിയും ഹംദും സലാത്തും നൽസലാമും മുന്നേ
ബിള്ളി നഫീസത്ത് മാല ഞാൻ തുടങ്ങീടുന്നേ
മുശ്ഫിഉം മുഫള്ളലും മുഖദ്ദമും നൂറുല്ലാ
മൂസ്വിലും മുഹൈമിനും മുബല്ലിഗും സഅ്ദുല്ലാ".

മുസ്‌ലിംഗൾ പൊതുവെ സാഹിത്യത്തിലും കലയിലും സംഗീതത്തിലും അഭിരുചിയുള്ളവരാണ്. അതിനുകാരണം അവരുടെ അറബി പൈതൃകമാകാം. കേരളീയർക്കിടയിലും വിവിധ തരത്തിലുള്ള കലകളും സംഗീതവും പ്രചാരത്തിലുണ്ട്. ഈ രണ്ട് പാരമ്പര്യവും ഒത്തിണങ്ങി അവയിൽ നിന്ന് ജന്യമായ പുതിയ സങ്കര സംസ്കാരവും അതിനൊത്ത സംഗീതവും കലകളും മാപ്പിളകലകളായി ഉരുത്തിരിഞ്ഞു. ഉദാ:- കേരളത്തിൽ വളരെ മുമ്പേ പ്രചാരത്തിലുള്ള ഒരു ഗാന വിഭാഗമാണ് ഓണപ്പാട്ടുകൾ. ഓണക്കാലത്ത് പൂവട്ടിയുമേന്തി കുന്നിൻപുറങ്ങളിലേക്ക് പൂ പറിക്കാൻ പോവുന്ന കുട്ടികൾ ആർത്തു വിളിച്ചു പാടും.

"ആനപോകുന്ന പൂമരത്തിന്റെ ചോടെപോകുന്നതാരടാ
ആരാനുമല്ലാ, കൂരാനുമല്ല കുറ്റിക്കാട്ടുണ്ണിത്തേവര്"

പിൽക്കാലത്ത് ഈ ഓണപ്പാട്ടിന്റെ ഈണത്തിലും താളത്തിലും മാപ്പിളപ്പാട്ടിന്റെ ഇശലുകൾ പിറവിയെടുത്തു. മാപ്പിളപ്പാട്ടിലെ 'ചൊന്നാനേ' എന്ന ഇശൽ ഇപ്രകാരം ഉരുവം കൊണ്ടതായിരിക്കാം. മോയിൻകുട്ടി വൈദ്യർ ഇതിന് സമാനമായി 'ബദറുൽ മുനീർ ഹുസനുൽ ജമാലി'ൽ പകർത്തിയത് ഇങ്ങനെയാണ്.

"നിണ്ടാനേ അവൻബിണ്ടാനേ എന്നൈകണ്ടോരും വരവുണ്ടാനേ
നിന്താതാനെനിചിന്താനോടുരബിന്താരെമൊളിയെന്താമേ."

ഇത് പോലെ കുമ്മിയടി കേരളത്തിന്റെ തനതായ ഗാനരൂപമാണ്. തിരുവാതിരയ്ക്കും ഓണക്കാലത്തും ഹൈന്ദവവീടുകളിൽ പെണ്ണുങ്ങൾ വട്ടംചേർന്ന് നിന്ന് കുമ്മിയടിച്ചു പാടുന്നു.

"കുമ്മിയടിക്കുവിൻ കുമ്മിയടിക്കുവിൻ കുമ്മിയടിക്കുവിൻ നാരിമാരേ
കുമ്പിട്ട്കുമ്പിട്ട് കുമ്മിയടിക്കുവിൻ കുമ്മിയടിക്കുവിൻ തോഴിമാരേ"

പ്രശസ്ത മാപ്പിളകവിയായിരുന്ന ശുജായി മൊയ്തു മുസ്‌ലിയാർ തന്റെ 'സഫലമാല' എന്ന കൃതിയിൽ 'കുമ്മി' എന്ന ഇശൽ സ്വീകരിച്ചിട്ടുണ്ട്.

"ഇച്ഛയിൽ അൽപകൽ ആടുന്ന കാമിനി ആനന്ദം പാടുന്ന അമ്മറത്തീ
മെച്ചമുരടൈ മുറിക്കുന്ന ഊനങ്ങൾ മുന്തീഫലിപ്പിക്കും അമ്മാറത്തീ"

ഇതു പോലെ കുറത്തിപാട്ടും കേരളത്തിൽ പണ്ടേ പ്രചാരത്തിലുണ്ടായിരുന്ന ഒരു വൃത്തമാണ്.

"ശ്രീഭുവനും നാട്തോറും നാട് നല്ലെ ദേശം
ഇഭൂവനം തന്നിലെ പ്രസിദ്ധമുള്ള നാട്
കന്നിമുന്നം നാട്ടിലെ പിറന്നൊരു കുറത്തി
വിഷ്ണുവിങ്കൽ ഭക്തിയോടെ വിശ്വസിച്ചൊരുത്തൻ
ഭക്തനായ നൽക്കുറവൻ വേട്ടുകൊണ്ടവളെ
ഇഷ്ടമോടെ പട്ടണത്തിൽ വാഴുന്നൊരു കാലം"

ഈ വൃത്തത്തിനോട് സമാനമായി കൈനിക്കര ഹസ്സൻകുട്ടിയുടെ 'കുറത്തിപ്പാട്ട്' എന്ന കൃതിയിലെ വരികൾ ശ്രദ്ധിക്കുക.

"ചിച്ചിലെന്നും ചില്ചിലെന്നും കാല്പടത്തിന്റോശാ
ഓശകേട്ടീമാം അലിയാർ പിന്തിരിഞ്ഞുനോക്കി
നോക്കും നേരും കുറത്തി തന്റെ വരവലിയാർ കണ്ടേ
എന്ത് കണ്ട് നിപ്പേൻ അലി ഏത് കണ്ടു നിപ്പേൻ
കുറത്തി ഞാനും ഒന്നു പെറ്റാൽ പത്തുപെറ്റമേനി
ഫാത്തിമ്മാബീ പത്തുപെറ്റാൽ ഒന്നു പെറ്റമേനി"

കുറത്തിപ്പാട്ട് വേറെയും രീതിയിൽ പ്രചരിച്ചിട്ടുണ്ട്. മധ്യമലബാറിൽ പ്രചരിച്ച ഒരു നാടോടിപ്പാട്ടിതാ കുറത്തിപ്പാട്ട് രീതിയിൽ.

"അയ്നിക്ക പറിക്കാലോ വാങ്കുറത്തീ"
"നെക്കൊട്ടും വയ്യേവയ്യേ കുറവാ
നെക്കൊരു പുള്ളയുണ്ടേ കുറവാ"
"അയ്നിക്ക ചെത്താലോ വാങ്കുറത്തീ"
"നെക്കോട്ടും വയ്യേവയ്യേ കുറവാ
നെക്കൊരു പുള്ളയുണ്ടേ കുറവാ"
"നീയങ്ങിരുന്നേക്കടീ കുറത്തീ
ഞാനങ്ങ് ചെത്തിക്കോളാം കുറത്തീ."

ഈ രീതിയും മാപ്പിളക്കവികൾ അനുകരിച്ചിട്ടുണ്ട്. മാപ്പിളക്കവിയായ ശുജായി മൊയ്തുമുസ്ല്യാർ തന്റെ 'സഫലമാല' എന്ന കൃതിയിൽ കുറത്തിപ്പാട്ട് അനുകരിച്ചിട്ടുണ്ട്.

"ഇങ്കെവന്നെന്തിനെടാ കുറവാ"
"ഒണ്ടേൻ തവത്തുക്കെടീ കുറവി"
"എങ്കെനീ പോകുമെടാ കുറവാ"
"അങ്കെക്കരക്കല്ലെടീ കുറവീ"

തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഇടയിലാണ് കോൽക്കളി എന്ന കലാരൂപം ആദ്യമായി പ്രചരിച്ചത് എന്ന് തോന്നുന്നു. ഇന്നും ഏറെ കുറെ കടലോര പ്രദേശവുമായി അടുത്തു കിടക്കുന്ന സ്ഥലങ്ങളിലാണ് ഈ കലാരൂപം കണ്ടുവരുന്നത്. വടക്കേ മലബാറിൽ ഹൈന്ദവരുടെ ഇടയിൽ പ്രചാരമുള്ള ഒരു കോൽക്കളി പാട്ടിതാ;

"ചൊല്ലിസീത പുല്ലാതിനോടല്ലലോടുമെല്ലവേ
ചൊന്നതിപ്പോൾ നിന്റെ കാലദോഷവുമടുത്തെടോ
കള്ളനായതിന്റെമായം കണ്ടറിഞ്ഞു ഞാനെടാ
ലക്ഷ്മണനറിയാതെന്നെ കട്ടുകൊണ്ടുപോരുമ്പോൾ"

കോൽക്കളി മാപ്പിളമാരുടെ ഇടയിലും പ്രചാരം നേടിയ ഒരു കലാരൂപമാണ്.

"അള്ളാതിരുപേരും തുദിയും സലാവാത്തും
അതിനാൽ തുടങ്ങുവാൻ അരുൾചെയ്ത ബേദാംബർ
ആലം ഉടയവന്റേകൽ അരുളാലേ
ആയേ മുഹമ്മദ് അവർ കിളയായോവർ
എല്ലാ കിളയിലും ബൻകിള ആണോവർ
എല്ലാ തിശയിലും കേളിമികച്ചോവർ
സുൽത്താനുൽ ഔലിയാ എന്നു പേരുള്ളോവർ
സയ്യിദവർ തായും ബാവയും ആണോവർ"

പാട്ടിലും ചുവടുവെപ്പിലും വായ്താരിയിലും ചെറിയ ചെറിയ വ്യത്യാസങ്ങൾ മാത്രമേയുള്ളൂ. മാപ്പിളമാരുടെ ഇടയിൽ പ്രചരിച്ച ഈ ഗാനത്തിന് ഹൈന്ദവരുടെ കോൽക്കളിപ്പാട്ടുമായി ഈണത്തിലും താളത്തിലും സാമ്യമുണ്ട്.

തന്താതാനാതനിനാതത്ത്തന്താതാനിന്നാനോ
തന്താമലർതന്തരുൾ മലപ്പുറം സൈദാരോ
സ്വന്തം ജുമഅത്ത് പള്ളി ചുട്ടിടാനവസ്ഥബിള്ളി
അന്തപാറനമ്പിതുള്ളി ആകെ ഒരു മിത്തകള്ളി
കള്ളികൾ അറിഞ്ഞ് ശിലമായവർകൾ കൂടിയേ
കളരിപൊരുതുവാനായ് തമ്മതമ്മിൽ പാടിയേ"

ഇതേരീതിയിൽ അധ:സ്ഥിത വർഗത്തിന്റെ ഇടയിൽ പ്രചരിച്ച ഒരു നാടൻ പാട്ടുണ്ട്. ഈ പാട്ടും മധ്യമലബാറിൽ ഹരിജനങ്ങളുടെ ഇടയിലുള്ള 'ചവിട്ടുകളിയിൽ' പാടുന്നതാണ്. ഭക്ഷണസാധനങ്ങൾ വീണു കിട്ടുമ്പോഴുള്ള അവരുടെ ആഹ്ലാദപ്രകടനങ്ങളാണ് പാട്ടിൽ വർണിക്കുന്നത്.

"വട്ടവട്ടപ്പാറയിലൊരു കൂക്കിവിളികേൾക്കണേ
പതിനെട്ട് കാടന്മാരും കൂട്ടമിട്ട് വിളിക്ക്ണേ
വട്ടവട്ടപ്പാറമ്മേലൊരു പോത്ത് ചത്ത് കിടക്ക്ണേ
വട്ടവട്ടപ്പാറയിലവർ കൂട്ടമായിച്ചേർണേ"

ഇളം മനസ്സുകൾ പോലും സംഗീതത്തിന്റെ താളലയങ്ങളിൽ സുഖനിദ്ര കൊള്ളുന്നു. കുഞ്ഞിനെ താരാട്ടുന്ന ഉമ്മമാരുടെ മധുരമനോഹരമായ ഈണങ്ങൾ കുടിലും കൊട്ടാരവും ഭേദമന്യേ അന്തരീക്ഷത്തിൽ ഒഴുകി വരുന്നത് കേൾക്കാം.

"താലേലം താലേലം താലേലം - കുഞ്ഞേ
താലേലം താലേലം താലേലം...
താലേലം കേട്ടിട്ടുറങ്ങീക്കോ - കുഞ്ഞേ
താലേലം താലേലം താലേലം..."

കളിമുറ്റങ്ങളിൽ കൂട്ടുകാർക്കിടയിൽ കേട്ടുവരുന്ന നർമരസപ്രധാനമായ പല പാട്ടുകളും മാപ്പിളപ്പാട്ടുകളുടെ നാടൻ പാരമ്പര്യത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

"അപ്പംചുട്ട്ചുട്ട് പാത്തുമ്മ, ഇപ്പം ബരും ബരും മാപ്പിളാ
ആദ്യം ചുട്ടത് തിന്നും പോയ്, പിന്നെ ചുട്ടത് കരിഞ്ഞും പോയ്
മാപ്പിളവന്ന് മടങ്ങിപ്പോയ്"

ഇത് പോലെ കളിസ്ഥലങ്ങളിൽ കൂട്ടുകാർക്കിടയിൽ പ്രചരിച്ച വേറെയും ചില ഗാനങ്ങളുണ്ട്. പണ്ടുകാലത്ത് ഭർത്താവ് മരിച്ചാൽ ആ സ്ത്രീയെ ഭർത്താവിന്റെ അനുജൻ വിവാഹം കഴിക്കുക എന്ന ഒരു സമ്പ്രദായം പരക്കെ നിലനിന്നിരുന്നു. ചെറിയ കുഞ്ഞുങ്ങൾക്ക് മാനസിക പ്രയാസവും പ്രതിഷേധവും ഉണ്ടാവുമെങ്കിലും അത് പ്രകടിപ്പിക്കാനോ നേരിടാനോ അവർക്ക് കഴിഞ്ഞിരുന്നില്ല. ആ അമർഷം പുറത്ത് ചാടുന്നത് നർമരസം തുളുമ്പുന്ന രൂപത്തിൽ മാപ്പിളപ്പാട്ടിന്റെ ഈരടികളിലൂടെയാണ്.

"ഇമ്മാതിരി കടുകടുപ്പം ഞമ്മളോട് ചെയ്തെളാപ്പ
മെല്ലെമെല്ലെ പറ്റിനിന്ന് ഞമ്മളിമ്മനിംകെട്ട്യാളാപ്പാ"

അയൽപക്കത്തെ പെൺകുട്ടികൾ ഒത്തുകൂടുമ്പോഴും പ്രത്യേകിച്ച് പെരുന്നാൾ ആഘോഷങ്ങളിലും മറ്റും അവർക്ക് ഉല്ലസിക്കാനും ശക്തിപ്രകടനത്തിനും ചില കളിപ്പാട്ടുകളുണ്ട്. പെൺകുട്ടികൾ രണ്ട് സംഘങ്ങളായി തിരിഞ്ഞ് നടുക്ക് പെൺകുട്ടിയെ നിറുത്തി ഒരു കക്ഷി മറുകക്ഷിയോട് പെണ്ണു ചോദിക്കും.

"കുരുകുരുമച്ചം പെണ്ണുണ്ടോ
കുഞ്ഞാലിമച്ചം പെണ്ണുണ്ടോ
സാമസറുക്കാ പെണ്ണുണ്ടോ
സർക്കാർബീവിന്റെ മാരനിക്ക്"

"കുരുകുരുമച്ചം പെണ്ണില്ലാ
കുഞ്ഞാലിമച്ചം പെണ്ണില്ലാ
സാമസറുക്കാ പെണ്ണില്ലാ
സർക്കാർബീവിന്റെ മാരനിക്ക്"

"ആനച്ചങ്ങല പൊട്ടിച്ചെങ്കിലും
ഞങ്ങളാപെണ്ണിനെകൊണ്ടോകും"

"ആനച്ചങ്ങല പൊട്ടിച്ചാലും
നിങ്ങളാപെണ്ണിനെ കൊണ്ടോകൂല"

ഇതേ കലാരൂപം ഹൈന്ദവരുടെ ഇടയിലും പ്രചരിച്ചിട്ടുണ്ട്. ഈണത്തിലും കളിയിലും ഒരേ മട്ടുതന്നെയാണ്.

"താലീപീലി പെണ്ണുണ്ടോ
താമരയാളേ പെണ്ണുണ്ടോ"
"താലീപീലി പെണ്ണില്ലാ
താമരയാളേ പെണ്ണില്ലാ"
"ഒരുകുടന്നാ പൊന്നുതരാം
പെണ്ണിനെതരുമോ പാണ്ഡവരേ"
"ഒരു കുടന്നാ പൊന്നും വേണ്ട
പെണ്ണിനെതരില്ലാ നൂറ്റവരേ"

മണ്ണിൽ അധ്വാനിക്കുന്നവരുടെ വിയർപ്പിന്റെ ഗന്ധമുള്ള നാടൻ പാട്ടുകളുടെ, വടക്കൻ പാട്ടുകളുടെ മധുരമനോഹരമായ ഈണങ്ങൾ നാട്ടിൻപുറത്തെ വയലേലകളിൽ നിന്ന് കേൾക്കാം.

"കാക്കയെപ്പോലെ കറുത്ത ചീരു
അരിവാള് പോലെ വളഞ്ഞ ചീരു
ചക്കച്ചുളപ്പല്ലും പേന്തലയും
എനിക്കിന്നാ ചീരൂനെ വേണ്ടെന്റേട്ടോ"

വൈരൂപ്യത്തിന്റെ ചിത്രമാണ് ഈ അജ്ഞാത കവി വരച്ചുവെച്ചിട്ടുള്ളത്. എന്നാൽ മാപ്പിളക്കവികൾ ഇതേ വൃത്തത്തിലും ഈണത്തിലും സൗന്ദര്യത്തെയാണ് വർണിക്കാൻ ശ്രമിച്ചത്. മോയിൻകുട്ടി വൈദ്യർ ഹുസനുൽ ജമാലിനെ വർണിക്കുന്നത് ഇങ്ങനെയാണ്.

"പൂമകളാതെ ഹുസുനുൽ ജമാൽ
പുന്നാരത്താളം മികന്തബീവി
ഹേമങ്ങൾ മെത്ത പണി ചിത്തിരം
ആഭരണക്കോവ അണിന്തബീവി"

സാധാരണക്കാരുടെ ഇടയിൽ ഏറെ പ്രചാരം നേടിയ ഒരു ശാഖയാണ് കത്തുപാട്ടുകൾ. കത്ത്പാട്ടുകൾ പരിശോധിച്ചാൽ അവ രണ്ട് മൂന്ന് ഘട്ടങ്ങളിലൂടെ വികാസം നേടിയതായി കാണാം. ആദ്യഘട്ടം പ്രണയത്തെക്കുറിച്ചുള്ളതാണ്. പ്രേമിക്കുന്നത് അന്തസ്സായി കരുതുകയും പ്രേമലേഖനം പാട്ടായിരിക്കണമെന്ന് നിർബന്ധം പിടിക്കുകയും, പാട്ടെഴുതാൻ കഴിയാത്ത കാമുകൻമാർ നല്ല പാട്ടെഴുതിക്കുകയും ചെയ്തിരുന്നു. ഇത്തരം ഗാനങ്ങൾ തന്റെ സുഹൃത്തുക്കൾക്കും പാട്ടുകമ്പക്കാർക്കും ആദ്യം പാടിക്കേൾപ്പിച്ച ശേഷമായിരിക്കും കാമുകിമാർക്കെത്തിക്കാറുള്ളത്. ഇവ ബീഡിതെറുപ്പുകാർക്കിടയിലും തെരപ്പം കുത്തുന്നവർക്കിടയിലും കാളവണ്ടിക്കാർക്കിടയിലും ധാരാളം പ്രചരിച്ചിട്ടുണ്ട്.

ഏറനാട്ടിലെ മൺപാതകളിലൂടെ പട്ടണങ്ങളിലേക്ക് ചരക്ക് കയറ്റിപ്പോകുന്ന കാളവണ്ടിക്കാർ രാത്രികാലങ്ങളിൽ ഇമ്പമാർന്ന പ്രേമഗാനങ്ങൾ ആലപിക്കുന്നത് കേൾക്കാൻ പാതയോരങ്ങളിലുള്ള കുടിലുകളിലെ കിളിവാതിലുകൾ തുറന്ന് വച്ച് ചെറുപ്പക്കാരികൾ കാതോർത്ത് കിടക്കാറുണ്ടായിരുന്നു.



"ചിച്ചിലെന്നും ചില്ചിലെന്നും കാല്പടത്തിന്റോശാ
ഓശകേട്ടീമാം അലിയാർ പിന്തിരിഞ്ഞുനോക്കി
നോക്കും നേരും കുറത്തി തന്റെ വരവലിയാർ കണ്ടേ
എന്ത് കണ്ട് നിപ്പേൻ അലി ഏത് കണ്ടു നിപ്പേൻ
കുറത്തി ഞാനും ഒന്നു പെറ്റാൽ പത്തുപെറ്റമേനി
ഫാത്തിമ്മാബീ പത്തുപെറ്റാൽ ഒന്നു പെറ്റമേനി"

"മുത്ത് നവരത്നമുഖം കത്തിടും മൈലാളേ
മൊഞ്ചൊളിവില് തഞ്ചമേറും കഞ്ചകപ്പൂമോളേ
ചിത്തിരം കൊത്തിമറിയും ചെമ്പകച്ചുണ്ടും ചിറിയും
സുത്തമാ മലർവിരിയും സൂക്ഷ്മമിൽ പലകുറിയും
കണ്ട്മോഹിച്ച്-സംഗതി-കൊണ്ടുദാഹിച്ച്
എൻമലരേ നമ്മളെല്ലാം രാജിയക്കാരല്ലേ
എന്നൊരുവിചാരവും സന്തോഷമുണ്ണിക്കില്ലേ
ഇമ്മധുരത്തേൻകുടിപ്പാൻ ഒത്തവൻ ഞാനല്ലേ
ഏറിയനാളായി പൂതിവെച്ചിടുന്നു മുല്ലേ...."

രണ്ടാംഘട്ടം ജയിൽപാട്ടുകൾ അഥവാ തടവറഗീതങ്ങളാണ്, മലബാർ കലാപത്തിന്റെ ശേഷമുണ്ടായ വിരഹത്തിന്റെ പാട്ടുകൾ. പുലിക്കോട്ടിൽ ഹൈദറിന്റെയും നല്ലളം ബീരാന്റെയും കാടായിക്കൽ മൊയ്തീൻകുട്ടി ഹാജിയുടെയും കാലഘട്ടത്തിൽ ഇത്തരം നിരവധി കത്തുപാട്ടുകൾ വെളിച്ചം കണ്ടു.

മലബാർ ലഹളയോടനുബന്ധിച്ച് കിഴക്കനേറനാട്ടിലെ പല യുവാക്കളെയും ബ്രിട്ടീഷ് ഗവണ്മെന്റ് കള്ളക്കേസ് ചുമത്തി ബല്ലാരി ജയിലിലും കണ്ണൂർ ജയിലിലും അടച്ചു. ഇപ്രകാരം ബല്ലാരി ജയിലിൽ അടയ്ക്കപ്പെട്ട ഹസ്സൻകുട്ടിക്ക് ഭാര്യ മറിയക്കുട്ടി ജയിലിലേയ്ക്കയച്ച ഒരു കത്ത് പാട്ട് പ്രസിദ്ധമാണ്. ഏറനാട്ടിലെ സരസകവിയായ പുലിക്കോട്ടിൽ ഹൈദർ ആണ് പ്രശസ്തമായ മറിയക്കുട്ടിക്കത്തിന്റെ രചയിതാവ്.

**(ഇശൽ-കൊമ്പ്)**

"ആലങ്ങൾ അറ്മൂണ്ട് അലിഫുംകുൻ ഇടകൊണ്ട്
അമൈത്തെകോൻ തിരുനാമം തവക്കം വിണ്ട്-സ്തുതിയാൽ
അതും സല്ലാ സലാമയും മൊളിന്ത്കൊണ്ട്.

ബോലുന്നെൻ ഇരുകണ്ണിൽ മണിമാരൻ ഹസ്സൻകുട്ടി
പൂമനം തെളിന്തുണർന്തീടുവാൻ കെട്ടി-കവിതൈ
പോട്ടീടുന്നിതാ സ്വന്തം മറിയക്കുട്ടീ.

ജേലിൽനിന്നുമൈ ഇന്നാളെനൈ ഉമ്മാക്കയച്ചിട്ടെ
ചീട്ടൊണ്ട് കനിന്തതാൽ അണയപ്പെട്ട-വ്യസനം
തീരാതെ എനൈ ദുഃഖക്കടലിൽപെട്ടേ

താലമിന്നുയിർ വിട്ട് പിരിയും മുൻതലാഖാണേ
താങ്കളങ്കിളക്കിയാൽ പെരിയകോനാം-പുവിയിൽ
താമസിച്ചിടാ തൂങ്ങി മരിക്കും ഞാനേ...

........................................................

തേനാരേ ഉമൈകത്തിൽ പറഞ്ഞ ആ വിധമുള്ള
തേടിച്ചിത്തരം കാട്ടി നടന്നോളല്ലാ-എനൈ ഒരു
തെമ്മാടിത്തറവാട്ടിൽ ജനിച്ചോളല്ലാ.....

........................................................

ബല്ലാരിക്കുടനേ ഞാൻ വരാം ഒട്ട്വഴിയുണ്ടോ
ബല്ലികൾക്കവിടത്തിൽ വരാൻ പാടുനണ്ടോ-ഉമതെ
വരുകിൽ കണ്ടിടാൻ വല്ല നിവൃത്തിയുണ്ടോ?

(ഇശൽ-ഉമ്പർസുഹ്റത്തിൽ)

ഉണ്ടതെങ്കിൽ വന്നുകാമാൻ ഉണ്ടമോഹം പൊന്നേ
ഒറ്റനോക്ക് കണ്ട് മരിച്ചോട്ടെ അന്ന് തന്നെ
എന്നെ നിങ്ങളൊയ്യെ തൊട്ടിട്ടില്ല മറ്റൊരാണ്
ഏമ്പിടുന്നു കൊണ്ടുവട്ടിത്തങ്ങളെ കാലാണ്

കാല് രണ്ടും തന്നെയാണ് ഇപ്പഴം ഭുജിക്കാൻ
കണ്ട്നുണഞ്ഞ് നടക്കുന്നുണ്ട് ചിലരൊക്കാ
ബാലരെവലയിലിന്നോളം പിണഞ്ഞിട്ടില്ലാ
വന്നു നോക്കിപ്പോയതൊയ്യെകോള് തിന്നിട്ടില്ല.

........................................................

ഒക്കെയും കണ്ണും ചെവിടില്ലാതെ കാണും റബ്ബ്
ഓനറിയും ഉങ്കളെമേൽ എന്നിലുള്ള ഹുബ്ബ്
വെക്കമെന്നെ ദുഃഖമിക്കുയ്യിന്ന് കരക്കാക്കി
വെത്തിടാനപേക്ഷ വിണ്ടിക്കത്ത് തമാമാക്കി."

ഇത് പോലെ മൈസൂരിലുള്ള തന്റെ സുഹൃത്തിന് നാട്ടിലുണ്ടായ വെള്ളപ്പൊക്കത്തെക്കുറിച്ച് പ്രസിദ്ധ മാപ്പിള കവിയായ ഹാജി അബ്ദുൽ റസാഖ് എഴുതിയ ഒരു ഗാനം:

"പെരുത്തുണ്ട് പറയാനിക്കൊല്ലം മലവെള്ളം
വരുത്തിവെച്ചനർത്ഥങ്ങൾ പാരമേ
പതിവിതിൻ പടിവെള്ളം പണ്ടും കയറലു-
ണ്ടിത്പോലില്ലൊരിക്കലും ഘോരമേ...

........................................................

തരം ചട്ടി, കുടുക്ക, ചെമ്പുരുളിയും, ഉലയ്ക്ക,
തലയണ, പടം, കട്ടിൽ, ബുലുദിന്റെ കിടക്ക,
അരി, നെല്ലും, കരുതിവെച്ചൊഴുകുന്ന പുഴക്കാ
അത്പോലെ തിന, കിഴങ്ങുകൾ, കളിയടയ്ക്കാ
ഒക്കെയൊലിച്ചുവരുന്നു സഹിക്കൂലാ-കരിങ്കല്ലും
ദുഃഖമതിൽ അലിയാതെയിരിക്കൂലാ-കേരളപ്പൊൻ
നാട്ടിലെത്തിയ വിപത്ത്
കേട്ടിരിക്കുവാൻ കരുത്ത്
ഇല്ലത്കൊണ്ട് പെരുത്ത് ചുരുക്കി
ചൊല്ലിടുന്നൊന്ന് ശരിക്ക് ധരിക്കീൻ..."

കത്തു പാട്ടിന്റെ മൂന്നാംഘട്ടം പ്രവാസകാലമാണ്.

എഴുപതുകൾക്ക് ശേഷം കേരളത്തിലുടനീളം മാപ്പിളപ്പാട്ടുകളുടെ തരംഗമായിരുന്നു. പുതിയ രചയിതാക്കളും രചനകളും ഉണ്ടായി. പ്രവാസിജീവിതം മാപ്പിളപ്പാട്ടുകളിൽ വർധിച്ച തോതിൽ സ്വാധീനം ചെലുത്തി. വിരഹത്തിന്റെയും ഏകാന്തതയുടെയും തീച്ചൂളയിൽ വെന്തു കരിഞ്ഞ ഏറനാടൻ മാപ്പിളപ്പെണ്ണിന്റെ കരളലയിപ്പിക്കുന്ന നെടുവീർപ്പുകൾ കത്തുപാട്ടുകളിലൂടെ മരുഭൂമിയിലേക്ക് പറന്നു. എസ്.എ. ജമീലിന്റെ പ്രശസ്തമായ ദുബൈ കത്ത് മാപ്പിളപ്പാട്ട് രംഗത്ത് ഒരു ചലനം തന്നെ സൃഷ്ടിച്ചു.

കാവ്യഭംഗിയിലും ഗുണമേൻമയിലും മറ്റും ഏറ്റക്കുറച്ചിലുകൾ കണ്ടെത്താനാവുമെങ്കിലും ജീവിതത്തിലെ തീച്ചൂടനുഭവിക്കുന്ന രംഗങ്ങൾ ഇത്തരം ഗാനങ്ങളിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്.

"എത്രയും ബഹുമാനപ്പെട്ട, എന്റെ പ്രിയ-
ഭർത്താവ് വായിക്കുവാൻ സ്വന്തം ഭാര്യ
എഴുതുന്നതെന്തെന്നാൽ ഏറേപ്പിരിശത്തിൽ
ചൊല്ലീടുന്നു അസ്സലാം....

........................................................

അറബിപ്പൊൻവിളയും മരുമണൽക്കാട്ടില്
അകലെ അബുദാബി ഗൾഫിന്റെ നാട്ടില്
അദ്ധ്വാനിക്കും നിങ്ങൾ സൂര്യന്റെ ചോട്ടില്
അനുഭവിക്കാൻ ഞാനും കുട്ടിയുമീ വീട്ടില്
ഞാനൊന്ന് ചോദിക്കുന്നു, ഈ കോലത്തില്
എന്തിന് സമ്പാദിക്കുന്നു, ഒന്നുമില്ലെങ്കില്
തമ്മിൽ കണ്ട്കൊണ്ട് നമ്മൾ രണ്ടുമൊരു
പാത്രത്തിൽ ഉണ്ണാമല്ലോ-ഒരുപായ് വിരി
ച്ചൊന്നിച്ചുറങ്ങാമല്ലോ."

സാധാരണ സംഭവവികാസങ്ങളെ ചിത്രീകരിക്കുന്ന ഒട്ടനവധി മാപ്പിളപ്പാട്ടുകൾ ഇന്ന് പ്രചാരത്തിലുണ്ട്. നായാട്ട്, കാളപൂട്ട്, നേർച്ച, യാത്രാവർണന തുടങ്ങിയ സംഭവങ്ങളുടെ വിവരണങ്ങളാണ് പ്രസ്തുത ഗാനങ്ങളിൽ. വ്യത്യസ്ത മതക്കാരും ജാതിക്കാരും ഒത്തുചേർന്ന് നടത്തുന്ന നായാട്ടുകൾ പ്രസിദ്ധ

"കുരുകുരമച്ചം പെണ്ണുണ്ടോ
കുഞ്ഞാലിമച്ചം പെണ്ണുണ്ടോ
സാമസറുക്കാ പെണ്ണുണ്ടോ
സർക്കാർബീവിന്റെ മാരനിക്ക്"
"കുരുകുരമച്ചം പെണ്ണില്ലാ
കുഞ്ഞാലിമച്ചം പെണ്ണില്ലാ
സാമസറുക്കാ പെണ്ണില്ലാ
സർക്കാർബീവിന്റെ മാരനിക്ക്"
"ആനച്ചങ്ങല പൊട്ടിച്ചെങ്കിലും
ഞങ്ങളാപെണ്ണിനെകൊണ്ടോകും"
"ആനച്ചങ്ങല പൊട്ടിച്ചാലും
നിങ്ങളാപെണ്ണിനെ കൊണ്ടോകൂല"

മാണ്. ചിലപ്പോൾ ഒരേപ്രദേശത്തെ ആളുകൾ തന്നെ വിവിധ സംഘങ്ങളായി വേർതിരിഞ്ഞ് മത്സരിച്ച് നായാട്ട് നടത്തുന്ന സംഭവങ്ങളും ഉണ്ടാവാറുണ്ട്. ഏറനാട്ടിലെ മഞ്ചേരിക്കാരും മേലാക്കക്കാരും തമ്മിൽ നായാട്ടിന്റെ കാര്യത്തിൽ വർഷങ്ങളായി വൈരം വച്ചുപുലർത്തിയിരുന്നു. ചില നാട്ടുപ്രമാണിമാരുടെ മധ്യസ്ഥതയിൽ രണ്ടു കൂട്ടരും ഒരുമിച്ച് നായാട്ടിന് പുറപ്പെടാൻ തീരുമാനിച്ചു. ഈ സംഭവത്തെക്കുറിച്ച് പുലിക്കോട്ടിൽ ഹൈദർ തന്റെ 'നരി നായാട്ട്' എന്ന കൃതിയിൽ വിവരിക്കുന്നത് ഇങ്ങനെയാണ്.

"പുരിമഞ്ചേരിയും മേലാക്കവും രണ്ടായ് പിരിഞ്ഞിട്ട്
പൂർവികം അവർ തമ്മിൽ എതിരായിട്ട്, ഇത് വരെ
പൊടി പാറ്റിക്കഴിച്ചു വന്നിടൈ നായാട്ട്....."

പിന്നീട് അവർ ഒരുമിച്ച് നടത്തിയ നായാട്ടിന്റെ ദൃക്സാക്ഷി വിവരണം പോലെ കവി വർണിക്കുന്നു.

"കടിത്തിടും പൊളുതവൻ കടുമയിൽ കുന്തം
എടുത്ത് കുത്തിടൈ അത് ഫലിത്തിടാതുടൻ
കരുത്തിനാൽ ചാടിപ്പിടിത്ത് കുന്തവും
മുറിത്തതി ഒളബാൽ-കമർന്നതായ്
കടുകഠിനമിൽ കടി അടിപിടിയൊടുവിടാ
തെടുത്ത് തായവുമേ-സകലവും
തടുത്ത് ചോയിയുമേ..."

ഏത് സംഭവവും മാപ്പിളക്കവികൾക്ക് കൈപ്പിടിയിൽ ഒതുങ്ങുന്നതാണ്. ഇതുപോലെ കാളപൂട്ടിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ഗാനം. പുലിക്കോട്ടിൽ ഹൈദറിന്റെ രചന:

"കാളപൂട്ടിന്റതിശിയം പലരുമെ പറഞ്ഞപൂതി-എന്റെ
കാലികൾക്കൊരുദിനം ഞാൻ ചെന്നണഞ്ഞ ചേതീ...

ആള് എണ്ണം അനവധിയുണ്ട്
ആകെ വീതി അതിലൊരു കുണ്ട്
കീളെ വെള്ളം ചളിയതിലുണ്ട്
കാളകൾ മറ്റനവധിയുണ്ട്-കന്ന്

ഒരു ജോഡി തെളിച്ചുകുടന്ന്-വടി
യുള്ളവരൊക്കെനിരന്ന്-നുകം
വെച്ച് അമച്ച് കെണിച്ച് തെളിച്ച്

നേര് മൂലന്റത്വരെ വടിവെച്ചുരച്ചുകേറ്റി-കന്നിനെ
നീർന്ന് മണ്ടാനിടകൊടുക്കാതെ ജനങ്ങൾ പാറ്റീ...."

മാപ്പിള ജീവിതവുമായി സംഗീതത്തിനും കലയ്ക്കും ഇഴപിരിക്കാനാവാത്ത ബന്ധമാണുള്ളത്. നിത്യജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ തമാശയും, തെറിയും, കോപവുമെല്ലാം നിമിഷനേരം കൊണ്ട് മാപ്പിളപ്പാട്ടുകളായി ഉരുക്കഴിയുന്നു. പ്രശസ്ത മാപ്പിളകവി നല്ലളം ബീരാൻ തന്റെ സുഹൃത്തിന്റെ നിർബന്ധപ്രകാരം പുഴക്കരയിൽ ചൂണ്ടയിടാൻ പോയി. രാവിലെ മുതൽ ഉച്ച വരെ ഇരുന്നിട്ടും മീൻ കൊത്തിയില്ല. അവസാനം രണ്ടു പേരും നിരാശരായി പൊരിവെയിലത്ത് തിരിച്ചു പോരുമ്പോൾ എതിരെ വന്ന മറ്റൊരു സുഹൃത്ത് ബീരാനോട് ചോദിച്ചു.

"എന്താ ഇന്ന് മീനൊന്നും കിട്ടിയില്ലേ?"

ഉടനെ കോപിഷ്ഠനായ ബീരാൻ തന്നോടൊപ്പം ചൂണ്ടയിടാൻ വന്ന സുഹൃത്തിനെ ചൂണ്ടി പൊട്ടിത്തെറിച്ചു-പാട്ടിലൂടെ.

"പെരുത്തുണ്ട് പറയാനിക്കൊല്ലം മലവെള്ളം
വരുത്തിവെച്ചനർത്ഥങ്ങൾ പാരമേ
പതിവിതിൻ പടിവെള്ളം പണ്ടും കയറലു-
ണ്ടിത്പോലില്ലൊരിക്കലും ഘോരമേ...

..........................................................................

തരം ചട്ടി, കുടുക്ക, ചെമ്പുരുളിയും, ഉലയ്ക്ക,
തലയണ, പടം, കട്ടിൽ, ബുലുദിന്റെ കിടക്ക,
അരി, നെല്ലും, കരുതിവെച്ചൊഴുകുന്ന പുഴക്കാ
അത്പോലെ തിന, കിഴങ്ങുകൾ, കളിയടയ്ക്കാ
ഒക്കെയൊലിച്ചുവരുന്നു സഹിക്കൂലാ-കരിങ്കല്ലും
ദുഃഖമതിൽ അലിയാതെയിരിക്കൂലാ-കേരളപ്പൊൻ
നാട്ടിലെത്തിയ വിപത്ത്
കേട്ടിരിക്കുവാൻ കരുത്ത്
ഇല്ലത്കൊണ്ട് പെരുത്ത് ചുരുക്കി
ചൊല്ലിടുന്നൊന്ന് ശരിക്ക് ധരിക്കീൻ..."



ഇത് പോലെ മത വിദ്യാഭ്യാസം പൂർണമായും കവിതാമയമായിരുന്ന കാലത്ത് വിവാഹപ്രായമായ തന്റെ മകളുടെ ഗുണഗണങ്ങളെക്കുറിച്ച് അവളുടെ ഉമ്മ ഒരു വിവാഹദല്ലാളിനോട് വിവരിക്കുന്നത് ഇങ്ങനെയാണ്.

"എല്ലാടമക്കൾ പോലല്ല ഈ മോളന്ന്
മൊല്ലാക്കോടഞ്ചാം ജൂസൊന്നു വാങ്ങി
എട്ടുമാസം കൊണ്ടതൊക്കെപ്പിഠിച്ചുവ
ന്നിട്ടെന്റരയും പിടിച്ചു തൂങ്ങി.
അപ്പുസ്തി കണ്ടൂ ഞാൻ മുപ്പതാം ജൂസുള്ള തപ്പാട്
വാങ്ങിക്കൊടുത്തയച്ചു
അക്കൊല്ലം തന്നെയതൊട്ടും പഠിച്ചുവ
ന്നിട്ടെന്റെ മോളത് കെട്ടിവെച്ച്
ഓത്ത് മുപ്പത്തഞ്ചും ബൈത്തും പക്ഷിപ്പാട്ടു
നീർത്തിവെച്ചാലോക്ക് വെള്ളം പോലെ
ഓളൊക്കെപ്പാടും മറ്റോളെപ്പോലല്ല
ഈ മോളെന്റെ കണ്ണിന്റെയുണ്ണിപോലെ."

അന്നത്തെ വിദ്യാഭ്യാസ യോഗ്യതയായി ഗണിച്ചിരുന്നത് ഓത്തും പാട്ടും പഠിക്കുക എന്നതായിരുന്നു.

മുസ്‌ലിം കല്യാണ വീടുകൾ എന്നും സംഗീതാത്മകമായിരുന്നു. കല്യാണത്തിന്റെ തലേന്നാൾ വധുവിനെ മൈലാഞ്ചിയണിയിച്ച് ചുറ്റും തോഴികളിരുന്ന് കയ്യടിച്ച് പാട്ടു പാടി ഒപ്പന വച്ചിരുന്നു.

ഈ സമ്പ്രദായം പണ്ടു മുതൽക്കേ ക്രിസ്ത്യാനികളുടെ ഇടയിലും പ്രചാരത്തിലുണ്ടായിരുന്നു. അവരുടെ കല്യാണ സദസ്സിൽ പാടി വന്ന ഒരു മൈലാഞ്ചിപ്പാട്ടുണ്ട്.

"പണ്ട് പറഞ്ഞൊത്തൊരാദത്തും ഭാര്യയാം
ഹവ്വാ മനയാളെ നായൻ കൊടുത്തപോൽ
അന്നന്ന് കന്നിമാർ മംഗലം വാഴുവാൻ
പച്ചില മൈലാഞ്ചി കൊണ്ടു പൊതിയേണം.

കയ്യാലേ കായും പറിച്ചതു കാരണം
കൈപ്പടം തന്നിൽ പൊതിയുന്നു മൈലാഞ്ചി
കാലാൽ നടന്നു കനിതിന്ന കാരണം
കാൽനഖം തന്നിൽ പൊതിയുന്നു മൈലാഞ്ചി."

ഇതിന്റെ ഏകദേശം അനുകരണം പോലെയാണ് മാപ്പിളമാർക്കിടയിൽ പ്രചരിച്ച മൈലാഞ്ചിപ്പാട്ടും.

ആദി പെരിയവൻ അമൈത്ത മയിലാഞ്ചി
അദൻ എന്ന സുബർക്കത്തിലുള്ള മയിലാഞ്ചി
ആദം ഹവ്വാബീക്കിറക്കിയ മൈലാഞ്ചി
അത് മുതൽ എല്ലാവരും ഇട്ടുള്ള മൈലാഞ്ചി

പുതുമാരനെ അണിയിച്ചൊരുക്കി വധൂഗൃഹത്തിലേക്കാനയിക്കുമ്പോഴും സുഹൃത്തുക്കളും ഗായകസംഘങ്ങളും കൈമുട്ടി പാട്ടു പാടിയിരുന്നു.

"സാരമേറിയ മംഗലത്തിൽ ആരമ്പാമണിമാരൻ അന്നേ
താമരക്കണ്ണും മുഖം മൊഞ്ചോമനപ്പൂമാരനന്നേ
കാരുണോരാകേ സ്തുതിക്കും കൺ കുളിർമ മാരനന്നേ
കൗതുകത്താൽ കത്തിലെങ്കും കാണുവാനീ മാരനന്നേ

"സാരമേറിയ മംഗലത്തിൽ ആരമ്പാമണിമാരൻ അന്നേ
താമരക്കണ്ണും മുഖം മൊഞ്ചോമനപ്പൂമാരനന്നേ
കാരുണോരാകേ സ്തുതിക്കും കൺ കുളിർമ മാരനന്നേ
കൗതുകത്താൽ കത്തിലെങ്കും കാണുവാനീ മാരനന്നേ
നവരന്നപ്പുതുമാരൻ ഇതാവരുന്നേ
നാരിമാർ അണയുവാൻ നിക്കാഹും ചൊന്നേ
ചൊന്നവിധം ബഹുമാനമിൽ ആടി
മന്നവർ അക്കല്യാണമിൽ കൂടി
നിന്നിടും ഏറെ നശീദയും പാടി
പാടും പാട്ടതിൽ രാഗം അനേകനേകം
ഫറ്ഹാറ്റക്കൂളൽദാറിൽ അണഞ്ഞുവേഗം."



നവരന്നപ്പുതുമാരൻ ഇതാവരുന്നേ
നാരിമാർ അണയുവാൻ നിക്കാഹും ചൊന്നേ
ചൊന്നവിധം ബഹുമാനമിൽ ആടി
മന്നവർ അക്കല്യാണമിൽ കൂടി
നിന്നിടും ഏറെ നശീദയും പാടി
പാടും പാട്ടതിൽ രാഗം അനേകനേകം
ഫറ്ഹാറ്റക്കൂളൽദാറിൽ അണഞ്ഞുവേഗം."

കല്യാണം, നാല്പത് കുളി, മുടികളച്ചിൽ, മാർക്കക്കല്യാണം, കാത്കുത്ത് എന്നീ ആഘോഷങ്ങളിലെല്ലാം പാട്ടും കളിയും ഒഴിച്ചുകൂടാൻ പറ്റാത്ത ഒരിനമായിരുന്നു.

രാഷ്ട്രീയവും സാമൂഹ്യവുമായ മേഖലകളിൽ മാപ്പിളപ്പാട്ടിന്റെ സ്വാധീനം ചെറുതൊന്നുമല്ല. വൈദേശിക ഭരണത്തിനെതിരെ നാട്ടിലുടനീളം ആഞ്ഞടിച്ച നിരവധി സായുധ സമരങ്ങളിൽ അവർക്ക് ആവേശം പകർന്നിരുന്നത് പടപ്പാട്ടുകളായിരുന്നു. 1921-ലെ മലബാർ ലഹളയിൽ മോയിൻ കുട്ടി വൈദ്യരുടെ ബദർപടപ്പാട്ടിലെയും, മലപ്പുറം പടപ്പാട്ടിലേയും ഇശലുകൾ പാടി സമരക്കാർക്ക് ആത്മവീര്യം പകർന്ന് കൊടുത്തിരുന്നു.

"ഉറ്റു സാലിസൊരു ബട്ടം കൂടി ചുമടിട്ട് ചാടി കടുപ്പത്തിലേ
ഊറ്റം ഉറ്റെപുലി മാട്ടിബിട്ട് കടു ചാട്ടമട്ടം ഉശരത്തിലേ
ഒറ്റെ ബെട്ട് കൊടുത്തിട്ട് പറ്റി ഹജർ കട്ടിലച്ചെടിയും അറ്റ തായ്
ഊട്ട് കീറുമിട കേടൻസീറുംയെടയ്കൂടി പാണിമുറിബായതാൽ"

മാർച്ചിംഗ് സോംഗിന്റെ താളത്തിലുള്ള ബദർ പടപ്പാട്ടിലെ ഒരിശൽ വളരെ ആവേശം പകരുന്ന ഒന്നാണ്.

"മുഹാജിറണ്ടെ വാക്ക് കേട്ടി മുന്തി മുണ്ട് സിംഹരാ
മുന്നിലേ ഉബൈദത്തും പിൻ ഹംസയും വഹൈദറാം
ജിഹാബിഹത്തർ രണ്ടു സഫഫിടയ്ക്ക് ചെണ്ട് ഹാളിറാം
ചീർ മദം തരിഞ്ഞ് കൊണ്ട് ചോടിഅന്തെ കാഫിറാം"

മാപ്പിളപ്പാട്ടുകൾ രചിച്ചത് മാപ്പിളമാർ മാത്രമല്ല; ഇടശ്ശേരി ഗോവിന്ദൻ നായർ മനോഹരമായ മാപ്പിളപ്പാട്ടുകൾ എഴുതിയിട്ടുണ്ട്. 'മുഹമ്മദ് അബ്ദുറഹിമാൻ' എന്ന പാട്ടിലെ (കവിതയിലെ) വരികൾ ഓർക്കുമല്ലോ.

മർത്ത്യ മാംസം ജീവനുള്ള മർത്ത്യ മാംസം കേറ്റി
ആർത്തിയോടെ വാഗണുകളോടി നിന്ന കാലം

ആധുനികരായ പല അമുസ്‌ലിം കവികളും ബ്രിട്ടീഷുകാർക്കെതിരെ നിരവധി സമരഗാനങ്ങൾ മാപ്പിളപ്പാട്ട് ഇശലുകളിൽ കോർത്തെടുത്തിട്ടുണ്ട്.

മലബാർ കലാപത്തിൽ കൊല്ലപ്പെട്ട ഹിച്ച്കോക്ക് സായിപ്പിന്ന് മഞ്ചേരിക്കടുത്ത് മോങ്ങത്ത് ഒരു സ്മാരകം പണിതിരുന്നു. 1944-ൽ ആ സ്മാരകം പൊളിക്കാനായി പുളിക്കൽ നിന്നും കൊണ്ടോട്ടിയിൽ നിന്നും ധീരരായ ഏതാനും സ്വാതന്ത്ര്യ സമര സേനാനികൾ മോങ്ങത്തേക്ക് മാർച്ച് ചെയ്തു. ആ സമരക്കാർക്ക് ആവേശം പകർന്നുകൊണ്ട് കൊണ്ടോട്ടിയിലെ യുവകവിയായിരുന്ന കമ്പളത്ത് ഗോവിന്ദൻ നായർ രചിച്ച ഒരു ഗാനമുണ്ട്.

"അന്നിരുപത്തൊന്നിൽ നമ്മളിമ്മലയാളത്തില്
ഒന്നുചേർന്നു വെള്ളയോടെതിർത്തു നല്ല മട്ടില്
ഏറനാട്ടിൻ ധീരമക്കള് ചോര ചിന്തിയ നാട്ടില്
ചീറിടും പീരങ്കികൾക്ക് മാറ് കാട്ടിയ നാട്ടില്

വാരിയൻ കുന്നത്ത് വീര കുഞ്ഞഹമ്മദാജിയും
വാശിമൂത്ത മൂപ്പരുടെ കൂടെ കൂട്ടമായിയും
കോഴി കൊത്തും പോലെയന്ന് ബാപ്പമാർ എളാപ്പമാർ
കോഴിക്കോട്ടിന്റപ്പുറം പൊരുതിയേ മൂത്താപ്പമാർ

ഞമ്മളെത്തറ ബാപ്പമാരെ കേറ്റിയന്ന് തൂക്കിന്
ഞങ്ങളുമ്മ പെങ്ങമ്മാരെ കാട്ടിയ ഹലാക്കിന്
ഉപ്പാപ്പമാരെ താടി നുള്ളി സൂചി കേറ്റി കാലില്
അപ്പുറം കടൽക്ക് കൊണ്ടോയാക്കി അന്തമാനില്

പോല ചിപ്പം പോലെ അട്ടിക്കിട്ട് തീവണ്ടിയില്
ആലയത്തിനുള്ളിലിട്ട് കരിച്ചവർ പല നാട്ടില്
മക്കളെ നിരത്തി നിർത്തി ബാപ്പമാരുടെ നെഞ്ചില്
തോക്കിനാൽ നിറയൊഴിച്ചു രസിച്ചവർ കേമത്തില്

നമ്മളുണ്ടാക്കുന്ന നെല്ല് ജന്മിമാരെ തീറ്റുവാൻ
സമ്മതിക്കില്ലെന്നതാണ് ഹേതു ഏറ്റു മുട്ടുവാൻ
നമ്മളുടെ കാശു വാങ്ങിംഗ്ലണ്ടിലേക്കയക്കുവാൻ
സമ്മതിക്കില്ലെന്നതാണ് ഹേതു ഏറ്റു മുട്ടുവാൻ

കണ്ടപോൽ തീയുണ്ട പെയ്തു പെയ്തു പൂക്കോട്ടൂരിനെ
കണ്ടമാനം ചോരക്കളമായ് മാറ്റിയ സർക്കാരിനെ
എത്ര ധീര മാപ്പിള സ്ത്രീകൾക്കെഴും പരിശുദ്ധിയേ
ഉത്തമ ഭൂവായിടും മലനാടിന്നഭിവൃദ്ധിയേ

തോക്കിനാൽ കയ്യൂക്കിനാൽ കവർച്ച ചെയ്ത കൂട്ടരേ
നീക്ക് പോക്കില്ലാതെ കൂട്ടക്കൊല നടത്തിയ ദുഷ്ടരേ
ഏറിടുന്ന വീറോടെ എതിർത്ത് നിങ്ങള് ധീരരേ
മാറ് കാട്ടി നാട്ടിൻ മാനം കാത്ത് നിങ്ങള് വീരരേ

മഞ്ചേരി നിന്നഞ്ചാറ് മൈല് ദൂരവേ മോങ്ങത്തില്
സഞ്ചരിക്കുന്നോർക്ക് കാണാറാകുമാനിരത്തില്
ചത്ത് പോയ ഹിച്ച്കൊക്ക് സാഹിബിന്റെ സ്മാരകം
ചാത്തനെകുടിവെച്ചപോലെ ആബലാലിൻ സ്മാരകം

നമ്മുടെ നെഞ്ചിലാണാ കല്ല് നാട്ടിവച്ചത്
നമ്മുടെ കൂട്ടരെയാണാസുവറ് കൊന്നത്
രാജ്യ സ്നേഹം വീറുകൊണ്ട ധീരരുണ്ടീ നാട്ടില്
രക്ഷ വേണങ്കില് മണ്ടിക്കോട്ടവർ ഇംഗ്ലണ്ടില്."

ഇത് പോലെ വേറെയും പല കവികൾ മാപ്പിളപ്പാട്ടിന്റെ ഈണത്തിൽ സമരഗാന

ങൾ രചിച്ചിട്ടുണ്ട്. പി. ഭാസ്കരന്റെ ഒരു പ്രശസ്തമായ ഗാനം ബ്രിട്ടീഷ് ഗവണ്മെന്റ് കണ്ടുകെട്ടിയതാണ്.

"മഞ്ഞണിഞ്ഞമാമലതെളിഞ്ഞിട്ടും മലനാട്ടില്
പൊന്നണിഞ്ഞവയലുകൾ പുളഞ്ഞിടും മലനാട്ടില്
കൊള്ളചെയ്തു നാട്ടുകാർ തൻ സൗഖ്യ ജീവിതത്തിനെ
കൊള്ളിവെച്ചകള്ള വെള്ളക്കാരുടെയാ മത്തിനെ

ഒന്നിനൊന്നണിനിരന്ന് നിന്ന് ചെയ്ത പോരില്
അന്നിരുപത്തൊത്തിൽനാട്ടാർ ചൊല്ലിമറുപടി നേരില്
പോരതിനാൽ വിപ്ലവത്തിൻ പുസ്തകത്തിരുവേട്ടില്
ചോരയാൽ കുറിവരച്ചു ധീരൻ മാപ്പിളനാട്ടില്.

നാട്ടുകാർ തൻചോരയാൽ തടിച്ചുവീർത്ത് ബ്രിട്ടനെ
നാട്ടിലുള്ള ജന്മിമാരെ പാട്ടിലാക്കിയ ദുഷ്ടനെ
ഏറിടുന്ന വീറോടെ എതിർത്ത് നിങ്ങൾ ധീരരേ
മാറുകാട്ടി നാട്ടിൻ മാനംകാത്ത് നിങ്ങൾ വീരരേ

കാളിടും പീരങ്കികൾ തൻനേർക്കടുത്തയുവാക്കളേ
ചൂളിടാതെ വാളെടുത്ത് ചാടിവീണ സഖാക്കളേ
സായ്പ് നാട്ടിയ കഴുമരത്തിലേറിയൊരു വീരരേ
കോപ്പുകൂട്ടി ആമമാംപൊൻ കാപ്പണിഞ്ഞ ധീരരേ

അന്നുവീണ് മൺമറഞ്ഞ മാപ്പിളസ്സഖാക്കളേ
വന്നുനിന്നാ വലിയ തോക്കിൻ നേർക്കടുത്ത യുവാക്കളേ
പേരിനല്ല പോരിലന്ന് ചോരചിന്തിനിങ്ങളും
ധീരമാം ആ പാരമ്പര്യം ആദരിപ്പൂ ഞങ്ങളും

വിസ്മരിക്കുകില്ല ഞങ്ങൾ അക്രമത്തിൽ പേരിലായി
വിസ്മയം വളർത്തിടുമാ വിപ്ലവത്തിൻ പോരിനെ
ചോരയിലലിഞ്ഞുചേർന്ന പുണ്യസ്മരണയോടെയാ
വീരഗാഥവീണ്ടും വീണ്ടും ഞങ്ങൾ പാടിടുന്നിതാ....

മഞ്ഞണിഞ്ഞ.........."

"മഞ്ഞണിഞ്ഞമാമലതെളിഞ്ഞിട്ടും മലനാട്ടില്
പൊന്നണിഞ്ഞവയലുകൾ പുളഞ്ഞിടും മലനാട്ടില്
കൊള്ളചെയ്തു നാട്ടുകാർ തൻ സൗഖ്യ ജീവിതത്തിനെ
കൊള്ളിവെച്ചകള്ള വെള്ളക്കാരുടെയാ മത്തിനെ

ഒന്നിനൊന്നണിനിരന്ന് നിന്ന് ചെയ്ത പോരില്
അന്നിരുപത്തൊത്തിൽനാട്ടാർ ചൊല്ലിമറുപടി നേരില്
പോരതിനാൽ വിപ്ലവത്തിൻ പുസ്തകത്തിരുവേട്ടില്
ചോരയാൽ കുറിവരച്ചു ധീരൻ മാപ്പിളനാട്ടില്.

നാട്ടുകാർ തൻചോരയാൽ തടിച്ചുവീർത്ത് ബ്രിട്ടനെ
നാട്ടിലുള്ള ജന്മിമാരെ പാട്ടിലാക്കിയ ദുഷ്ടനെ
ഏറിടുന്ന വീറോടെ എതിർത്ത് നിങ്ങൾ ധീരരേ
മാറുകാട്ടി നാട്ടിൻ മാനംകാത്ത് നിങ്ങൾ വീരരേ

കാളിടും പീരങ്കികൾ തൻനേർക്കടുത്തയുവാക്കളേ
ചൂളിടാതെ വാളെടുത്ത് ചാടിവീണ സഖാക്കളേ
സായ്പ് നാട്ടിയ കഴുമരത്തിലേറിയൊരു വീരരേ
കോപ്പുകൂട്ടി ആമമാംപൊൻ കാപ്പണിഞ്ഞ ധീരരേ

അന്നുവീണ് മൺമറഞ്ഞ മാപ്പിളസ്സഖാക്കളേ
വന്നുനിന്നാ വലിയ തോക്കിൻ നേർക്കടുത്ത യുവാക്കളേ
പേരിനല്ല പോരിലന്ന് ചോരചിന്തിനിങ്ങളും
ധീരമാം ആ പാരമ്പര്യം ആദരിപ്പൂ ഞങ്ങളും

വിസ്മരിക്കുകില്ല ഞങ്ങൾ അക്രമത്തിൽ പേരിലായി
വിസ്മയം വളർത്തിടുമാ വിപ്ലവത്തിൻ പോരിനെ
ചോരയിലലിഞ്ഞുചേർന്ന പുണ്യസ്മരണയോടെയാ
വീരഗാഥവീണ്ടും വീണ്ടും ഞങ്ങൾ പാടിടുന്നിതാ....

മഞ്ഞണിഞ്ഞ.........."

1950 കൾക്ക് ശേഷം മാപ്പിളപ്പാട്ടിന്റെ പല ഇശലുകളും നാടകം, സിനിമ എന്നിവകളിലേക്ക് പടർന്നു കയറി. 'കണ്ടം ബെച്ചൊരു കോട്ട്' എന്ന നാടകത്തിൽ

"തനതന്താ താനാതന്തത്താനാ തന്തത്താനതനിനാ
തനതന്താ താനാ തന്തത്താനാ താനിനനോ......
അതബെരുന്നേകേക്കൻ കടലിലെ കാറ്റും കടന്നെന്റെ
ബാപ്പന്റെ കപ്പല്
മലപൊന്തുന്നോളത്തിന്റെഹത്തൂടെ കുചികുതിച്ചതാബെരുന്നേ
കല്യാണ പുതുപെണ്ണിന്റട്ടു പുടപണ്ടാപലതരം കൊണ്ടാകപ്പല്
നെയ്ച്ചോറ്റിന്റരിബെളയും കരകടന്നത ഓടിബെരുന്നേ...."

പിന്നീട്, അമ്മ, രാരിച്ചൻ എന്ന പൗരൻ, നീലക്കുയിൽ, കുട്ടിക്കുപ്പായം, സുബൈദ എന്നീ ചിത്രങ്ങളിലൂടെ നിരവധി മാപ്പിളപ്പാട്ടുകൾ കൈരളിക്ക് സമ്മാനമായി ലഭിച്ചു. അതിൽ വളരെയേറെ പ്രചാരം നേടിയതാണ് പി. ഭാസ്കരന്റെ 'കായലരികത്ത്' എന്ന ഗാനം.

"കായലരികത്ത് വലയെറിഞ്ഞപ്പം വളകിലുക്കിയ സുന്ദരീ
പെണ്ണുകെട്ടിന് കുറിയെടുക്കുമ്പളൊരു നറുക്കിനുചേർക്കണേ
കണ്ണിനാലെന്റെകരളിനുരുളിയിൽ എണ്ണകാച്ചിയനൊമ്പരം
ഖൽബിലറിഞ്ഞപ്പോളിന്ന് ഞമ്മള് കയറ് പൊട്ടിയ പമ്പരം."

കേരളത്തിന്റെ തനത് ശീലുകളിൽ നിന്നും വൃത്തങ്ങളിൽ നിന്നും മാപ്പിളപ്പാട്ടുകൾ ഉരുത്തിരിഞ്ഞപോലെ ഇപ്പോൾ മാപ്പിളപ്പാട്ടിന്റെ ശീലുകൾ അടിപൊളി സംഗീതത്തിന്റെ പശ്ചാത്തലത്തിൽ കടമെടുക്കുന്നുണ്ട്.

"എൻ കരളിൽ താമസിച്ചാൽ മാപ്പു തരാം രാക്ഷസി
സമ്മതമായ് ചേർന്നു നിന്നാൽ ഉമ്മതരാം രാക്ഷസി"

ഈ ഈണം മാപ്പിളപ്പാട്ടിലെ,

"ഉമ്മുൽ ഖുറാവിൽ അണഞ്ഞ, ഉമ്മുൽ കിത്താബിന്നുടമ
നമ്മുടെ നബിന്റെ മകൾ ഫാത്തിമ്മ ബീവി......"

എന്നും,

"വൈക്കം കായലിലോളം തള്ളുമ്പം ഓർക്കും ഞാനെന്റെ
മാരനെ
കാറ്റുവന്നെന്റെ കതകിൽ തള്ളുമ്പം ഓർക്കും ഞാനെന്റെ
മാരനെ"

ഇതുപോലെ അമ്മായി സല്കാരത്തെക്കുറിച്ചും അപ്പങ്ങളെക്കുറിച്ചും മറ്റും വടക്കേ മലബാറിൽ പ്രചരിച്ചപോലെ അമ്മായിപ്പാട്ടുകളും അപ്പപ്പാട്ടുകളും കിഴക്കനേറനാട്ടിൽ കുട്ടികളുടെ ഇടയിൽ വാമൊഴിയായി പ്രചരിച്ചിട്ടുണ്ട്.

"പൊന്നമ്മായി, നിങ്ങളെതക്കാരം സഹിച്ചൂടാ
കോഴ്യേറച്ചിം ബേണ്ടാ, പത്തിരീം ബേണ്ടാ
നെയ്ച്ചോറ് തീരെ ബേണ്ടാ....
പൊന്നമ്മായി നിങ്ങളെതക്കരാം സഹിച്ചൂടാ
നെയ്യപ്പം വേണ്ടാ, കലത്തപ്പം വേണ്ടാ
പൂവ്വാട തീരെ വേണ്ടാ...."

ആദ്ധ്യാത്മികതയിൽ നിന്ന് തുടങ്ങി പടപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ, കത്തുപാട്ടുകൾ, പ്രണയഗാനങ്ങൾ, നിത്യജീവിതത്തിലെ സാമൂഹ്യ-കാലിക പ്രശ്നങ്ങൾ, രാഷ്ട്രീയ ഗാനങ്ങൾ തുടങ്ങിയവ മാപ്പിളപ്പാട്ടിന്റെ മധുരമനോഹരമായ ഇശലുകളിൽ ചാലിച്ചെടുത്ത് മലയാള ഭാഷാസാഹിത്യത്തിന് മുതൽകൂട്ടായി, മാപ്പിളപ്പാട്ട് ഗാനശാഖ-തനതായ വ്യക്തിത്വത്തോടെ ഇന്നും പ്രശോഭിക്കുന്നു. ■

# മലയാളത്തിലെ ആദ്യത്തെ ആത്മകഥ

മുഹമ്മ രവീന്ദ്രനാഥ്



'താൻ തന്നെ രചിച്ച തന്റെ ജീവചരിത്രം', 'സ്വയം രചിച്ച ജീവിത കഥ' എന്നൊക്കെയാണ് നിഘണ്ടുക്കൾ ആത്മകഥയ്ക്കു നല്കുന്ന നിർവചനം. ആത്മകഥാപരമായ ആദ്യത്തെ സാഹിത്യസൃഷ്ടിയായി അംഗീകൃതമായിരിക്കുന്നത് വി.അഗസ്റ്റിന്റെ (എ.ഡി. 354–430) പതിമൂന്ന് വാല്യങ്ങളിലുള്ള 'ഏറ്റുപറച്ചിൽ' (Confessions) എന്ന ഗ്രന്ഥമാണ്. ഗ്രന്ഥകാരന്റെ ശൈശവകാലാനുഭവങ്ങൾ, മാതൃസ്നേഹം, പ്രലോഭനങ്ങൾക്കെതിരെ നടത്തിയ പോരാട്ടം, പ്രപഞ്ചസത്യ ത്തിനു വേണ്ടിയുള്ള അന്വേഷണം, ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം തുടങ്ങിയ കാര്യങ്ങൾ സത്യസന്ധമായും ലളിതമായും ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഏതു നിലയിൽ നോക്കിയാലും ആത്മകഥാരചനയ്ക്കുള്ള ഒരുത്തമ മാതൃക തന്നെയാണീ ഗ്രന്ഥം. മരണത്തോടടുപ്പിച്ച് അദ്ദേഹം രചിച്ച 'പിൻമാറ്റം' (Refraction) എന്ന കൃതി മേൽപ്പറഞ്ഞ ഗ്രന്ഥത്തിന്റെ ഒരനുബന്ധമാണ്. 'ബുക്ക് ഓഫ് മാർജറി കെംപ്' എന്ന കൃതി ഇംഗ്ലീഷിലെ ആദ്യത്തെ ആത്മകഥയാണെന്നു കരുതപ്പെടുന്നു. ജറുസലേമിലേക്ക് ഒരു സ്ത്രീ നടത്തിയ തീർത്ഥാടനത്തെക്കുറിച്ചുള്ള വിവരങ്ങളാണ് അജ്ഞാത കർത്തൃകമായ ഈ പുസ്തകത്തിലുള്ളത്. 18–ാം ശതകത്തിൽ വിരചിതമായ പ്രസിദ്ധ കൃതികളാണ് ബഞ്ചമിൻ ഫ്രാങ്ക്ളിൻ (1706–1790), എഡ്വേർഡ് ഗിബൺ (1737–1794), ജീൻ ജാക്വേ റൂസ്സോ (1712–1778) എന്നിവരുടെ ആത്മകഥകൾ.

യൂറോപ്യൻ ഭാഷകളുടെ സ്വാധീനത്താലാണ് ഇന്ത്യൻ ഭാഷകളിൽ ആത്മകഥകൾ ആവിർഭവിച്ചത്. രവീന്ദ്രനാഥ ടാഗോർ, താരാ ശങ്കർ ബാനർജി, യശ്പാൽ, പ്രേംചന്ദ് തുടങ്ങിയ എഴുത്തുകാരും രാഹുൽ സാംകൃത്യാ യനെപ്പോലുള്ള ദാർശനികനും ഡോ. രാജേന്ദ്രപ്രസാദ്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, അബ്ദുൽകലാം ആസാദ് തുടങ്ങിയ രാഷ്ട്രീയനേതാക്കളും എഴുതിയിട്ടുള്ള ആത്മകഥകൾ വിഖ്യാതങ്ങളാണ്. മഹാത്മാഗാന്ധിയുടെ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങളാണ് വിലപ്പെട്ട മറ്റൊരു ആത്മകഥ. ഇവയിൽ പലതും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്


സാഹിത്യശാഖകളിൽ 'ആത്മകഥ' (Auto- biography) എന്ന പദം സ്ഥാനം പിടിക്കുന്നത്. ഒരു പോർച്ചുഗീസ് ചിത്രകാരനായ ഫ്രാൻസിസ്കോ വിയെറി റായെക്കുറിച്ച് ഇംഗ്ലീഷ് കവിയായ റോബർട്ട് സതി (1774-1843) പുറപ്പെടുവിച്ച ഒരഭിപ്രായത്തിൽ ഉൾപ്പെട്ടിരുന്ന ഈ ശബ്ദം ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു അതിന്റെ 1809-ലെ പതിപ്പിൽ ഉദ്ധരിക്കുന്നതിനു മുമ്പ് 'ആത്മകഥ' എന്ന വാക്ക് ആ ഭാഷയിൽ പ്രചരിച്ചിരുന്നില്ല. 19-ാം നൂറ്റാണ്ട് ആത്മകഥാ പ്രസ്ഥാനത്തിന് ഏറ്റവും കൂടുതൽ കൃതികൾ ലഭിച്ച കാലഘട്ടമാണ്. അറിയപ്പെടുന്നവരും അല്ലാത്തവരുമായ അനേകം എഴുത്തുകാർ തങ്ങളുടെ ജീവിതകഥകൾ ആഖ്യാനം ചെയ്യാൻ തുടങ്ങി.

ഇംഗ്ലീഷ് ഭാഷയുമായി കേരളത്തിനുണ്ടായ അടുപ്പത്തിന്റെ ഫലമായാണ് ആത്മകഥാ പ്രസ്ഥാനം മലയാളത്തിൽ ഉടലെടുത്തത്. നമ്മുടെ സാഹിത്യചരിത്രങ്ങളിൽ പലതിലും മലയാളത്തിലെ ആദ്യത്തെ ആത്മകഥ വൈക്കത്ത് പാച്ചു മൂത്തത് എഴുതി 'ഒരു ആത്മകഥാകഥനം' എന്ന പേരിൽ ഉള്ളൂർ പ്രസാധനം ചെയ്ത രചനയാണെന്നും അതല്ല വിദ്വാൻ കോവുണ്ണി നെടുങ്ങാടി ഒരു ഡയറിക്കുറിപ്പിന്റെ രൂപത്തിൽ എഴുതിയ പുസ്തകമാണെന്നും രണ്ടഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പാച്ചു മൂത്തത് 1872-ലും കോവുണ്ണി നെടുങ്ങാടി 1878-ലും ആണ് തങ്ങളുടെ ജീവിതകഥ എഴുതിയിട്ടുള്ളത്. അവ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമാകാൻ പിന്നെയും സമയമെടുത്തു.

എന്നാൽ മലയാളത്തിലെ ആദ്യത്തെ ആത്മകഥ മറ്റൊന്നാണെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതെഴുതിയത് കൊച്ചീ മഹാരാജാവിന്റെ പുത്രനായിരുന്ന രാമവർമൻ എന്നയാളാണ്. ക്രിസ്തുമതം സ്വീകരിച്ച് ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ ശിഷ്യനായ അദ്ദേഹം ഗുണ്ടർട്ടിന്റെ സാന്നിദ്ധ്യത്തിൽ വച്ചാണ് 1856 സെപ്തംബർ മൂന്നാം തീയതി തന്റെ ആത്മകഥ 'യാക്കോബ് രാമവർമൻ എന്ന സ്വദേശ ബോധകന്റെ ജീവചരിത്രം' എന്ന പേരിൽ എഴുതി വായിച്ചത്. രാമവർമൻ എങ്ങനെയാണ് ഒരു ക്രിസ്തുമതാനുയായി ആയി മാറിയതെന്ന് ഹൃദയത്തിൽ തട്ടുന്ന ഭാഷയിൽ ഈ കൃതിയിൽ വിവരിച്ചിരിക്കുന്നു. 1874-ൽ ബാസൽ മിഷന്റെ മംഗലാപുരം കേന്ദ്രത്തിൽ നിന്നും 'കേരളോപകാരി' മാസികയുടെ ആദ്യ ലക്കത്തിലാണ് ലേഖനരൂപത്തിൽ ഇത് പ്രസിദ്ധീകൃതമായത്. അഞ്ചുവർഷത്തിനുശേഷം 1879-ൽ മംഗലാപുരം ബാസൽമിഷൻ അച്ചുകൂടത്തിൽ നിന്ന് ഇത് പുസ്തകമായി ഇറങ്ങി. 29 പേജുള്ള ആ പുസ്തകത്തിന്റെ വില ആറു പൈസ ആയിരുന്നു. ആദ്യപതിപ്പിറങ്ങിക്കഴിഞ്ഞ് ഒരു നൂറ്റാണ്ടോളം ഈ ആത്മകഥ പ്രചാരത്തിലില്ലായിരുന്നു. 1876-ൽ ക്ലാസിക് ബുക്സും 1998-ൽ ക്രൈസ്തവ സഭാ ചരിത്രകാരനായ ജെ.സി. ദേവുമാണിത് പുനഃപ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇപ്പോൾ അതിന്റെ പൂർണരൂപം ഭാഷാപോഷിണി (2004 ഡിസംബർ ലക്കം)യും പ്രസിദ്ധീകരിച്ചിരിക്കുന്നു.

നേരത്തെ സുവിശേഷ പ്രവർത്തന ഗ്രന്ഥങ്ങളുടെ പട്ടികയിലാണ് ഈ പുസ്തകം പെട്ടിരുന്നത്. എന്നാൽ മനസ്സിൽ തട്ടുന്ന ജീവിതാനുഭവങ്ങൾ വർണിക്കുന്ന പല രംഗങ്ങളുംഉൾക്കൊള്ളുന്ന ഈ ചെറുഗ്രന്ഥം ഒരു നല്ല സാഹിത്യകൃതിയായും ആത്മകഥയായും വായനക്കാർക്കനുഭവപ്പെടുന്നു എന്നതാണ് വാസ്തവം. സാഹിത്യ ചരിത്രകാരന്മാരാരും ഇതെന്തേ കാണാതെ പോയി?

നിരവധി മഹത്തുക്കളുടെ ജീവിതകഥകളാൽ ധന്യമായ മലയാളത്തിലെ ആത്മകഥാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച യാക്കോബ് രാമവർമനെ സാഹിത്യ വിദ്യാർത്ഥികൾ എന്നുമോർമിക്കുക തന്നെ ചെയ്യും.





**അപകടമരണങ്ങളിൽ വികസിത രാഷ്ട്രങ്ങളിൽ ഒരു ശതമാനവും വികസ്വര രാഷ്ട്രങ്ങളിൽ അഞ്ച് ശതമാനം വരെയും ഇലക്ട്രിക് കറന്റ് കൊണ്ടുണ്ടാകുന്നതായി കണക്കാക്കപ്പെടുന്നു. ഇലക്ട്രിസിറ്റിയുടെ ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഇതുമൂലമുള്ള മരണവും ഉയർന്നുകൊണ്ടിരിക്കുകയാണ്.**

# വൈദ്യുതാ

ഡോ. കെ. വേണുഗോപാൽ

അപകടമരണങ്ങളിൽ വികസിത രാഷ്ട്രങ്ങളിൽ ഒരു ശതമാനവും വികസ്വര രാഷ്ട്രങ്ങളിൽ അഞ്ച് ശതമാനം വരെയും ഇലക്ട്രിക് കറന്റ് കൊണ്ടുള്ളതായി കണക്കാക്കപ്പെടുന്നു. ഇലക്ട്രിസിറ്റിയുടെ ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഇതുമൂലമുള്ള മരണവും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇലക്ട്രിക് ഷോക്ക് മൂലം 15 ശതമാനം വരെയാണ് മരണസാധ്യത. 20–40 വയസ്സ് വരെയുള്ള പുരുഷന്മാരാണ് കൂടുതലും അപകടത്തിൽപ്പെടുന്നത്. മൂന്നിൽ ഒരുഭാഗം ഉയർന്ന വോൾട്ടേജ് അപകടങ്ങളും ഇലക്ട്രിക്കൽ വർക്ക്ഷോപ്പിലാണ് ഉണ്ടാകുന്നത്.

ഇലക്ട്രിസിറ്റി ശരീരത്തിലൂടെ കടന്ന് പോകുമ്പോൾ ഉണ്ടാകുന്ന ഉയർന്ന ഊഷ്മാവ് മൂലമുണ്ടാകുന്ന പൊള്ളൽ ആണ് പ്രധാന അപകടം. ഇതിന്റെ തീവ്രത കറണ്ടിന്റെ തരം (Direct or Alternative), അളവ് (ആംപിയർ), ശക്തി (വോൾട്ടേജ്), ശരീരത്തിന്റെ പ്രതിരോധം (Resistance) എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും. DC(Direct Current) ഷോക്കാണ് എപ്പോഴും കൂടുതൽ അപകടകാരി.

ഹാർട്ട് അറ്റാക്ക് (Ventricular Fibrillation), ശ്വാസം നിന്നുപോകൽ, മസിലുകൾ കോച്ചിപ്പിടിക്കുന്നതുമൂലമുള്ള ശ്വാസ തടസ്സം തുടങ്ങിയവയാണ് ഉടൻ മരണത്തിനുള്ള കാരണങ്ങൾ. ഇത്തരം മരണങ്ങൾ തറയിൽ നിന്ന് തലകൊണ്ടോ കൈ കൊണ്ടോ വയറുകളുടെ 'ഫേസി'ൽ സമ്പർക്കം വരുമ്പോൾ ഉണ്ടാകുകയാണ് പതിവ്. ഒരു ലക്ഷം വോൾട്ട് കയറിയിട്ടും രക്ഷപ്പെട്ട കേസുകളും 50 വോൾട്ട് കൊണ്ട് മരിച്ച കേസുകളും ഉണ്ടായിട്ടുണ്ട്. എങ്കിലും പരിക്കിന്റെ തീവ്രത എപ്പോഴും വോൾട്ടേജിനെ ആശ്രയിച്ചിരിക്കും. കറണ്ടുമായി സമ്പർക്കത്തിൽ വരുന്ന തൊലിയുടെ പ്രതിരോധം (Resistance), തൊലിയുടെ കട്ടി, വൃത്തി, നനവ് തുടങ്ങിയവയെ ആശ്രയിച്ചിരിക്കും. തൊലി നനഞ്ഞിരുന്നാൽ ഉണങ്ങിയ തൊലിയെക്കാൾ പത്തിരട്ടി വൈദ്യുതി പ്രവാഹമുണ്ടാകാം. അത് തലച്ചോർ, ഹൃദയം എന്നിവയെ മാരകമായി ബാധിക്കാൻ ഇടയാക്കും.

വൈദ്യുതിയുമായി സമ്പർക്കത്തിൽ വരുന്ന ഭാഗം കരിയുകയും



ഒരു ലക്ഷം വോൾട്ട് കയറിയിട്ടും രക്ഷപ്പെട്ട കേസുകളും 50 വോൾട്ട് കൊണ്ട് മരിച്ച കേസുകളും ഉണ്ടായിട്ടുണ്ട്. എങ്കിലും പരിക്കിന്റെ തീവ്രത എപ്പോഴും വോൾട്ടേജിനെ ആശ്രയിച്ചിരിക്കും. കറണ്ടുമായി സമ്പർക്കത്തിൽ വരുന്ന തൊലിയുടെ പ്രതിരോധം (ഞലശെമെേിരല), തൊലിയുടെ കട്ടി, വൃത്തി, നനവ് തുടങ്ങിയവയെ ആശ്രയിച്ചിരിക്കും. തൊലി നനഞ്ഞിരുന്നാൽ ഉണങ്ങിയ തൊലിയെക്കാൾ പത്തിരട്ടി വൈദ്യുതി പ്രവാഹമുണ്ടാകാം. അത് തലച്ചോർ, ഹൃദയം എന്നിവയെ മാരകമായി ബാധിക്കാൻ ഇടയാക്കും.

# ഘാതവും ചികിത്സയും

അതിനോട് തൊട്ടടുത്ത ഭാഗങ്ങൾ നിർജീവമാകുകയും ചെയ്യും. ഇതുമൂലം ശരീരഭാഗങ്ങളോ കൈകാലുകളോ മുറിച്ച് മാറ്റേണ്ടി വന്നേക്കാം. കരിഞ്ഞ ഭാഗങ്ങളിൽ പിന്നീട് പഴുപ്പ് ബാധിച്ച് അപകടം സംഭവിക്കാം.

ശ്വാസകോശത്തെയും ഹൃദയത്തെയും ബാധിക്കുന്നത് വൈദ്യുതി കടന്നുപോകുമ്പോൾ മാത്രമാണ്. ഇതാണ് പലപ്പോഴും മാരകമാകുന്നത്. തലച്ചോറിനെയും ഞരമ്പുകളെയും ഗുരുതരമായി ബാധിക്കാം. ഇതുമൂലം ബോധക്ഷയം, ശ്വാസം നിന്നുപോകൽ എന്നിവ ഉടനെ സംഭവിക്കാം. കാലക്രമേണ ശരീരഭാഗങ്ങൾ തളർന്ന് പോകാനും ഇടയുണ്ട്. ഇതും കാലക്രമേണ സുഖപ്പെടാൻ സാധ്യതയുണ്ട്. തലയിൽ കൂടി വൈദ്യുതി കടന്നുപോയിട്ടുണ്ടെങ്കിൽ കണ്ണിന് കാഴ്ചക്കുറവുണ്ടാകുന്ന തിമിരം ബാധിക്കാം. രക്തം കട്ടപിടിക്കുന്നതുമൂലം കൈകാലുകൾ നിർജീവമാകുന്നതിനും ഇടയാകും. വൈദ്യുതാഘാതം മൂലം മറിഞ്ഞ് വീഴുന്നതുമൂലം ഉണ്ടാകുന്ന ഒടിവുകളും ചതവുകളും മരണത്തിന് കാരണമാകാം.

## പ്രഥമ ശുശ്രൂഷയും ചികിത്സയും

വൈദ്യുതാഘാതമേറ്റ വ്യക്തിയെ എത്രയും വേഗം വൈദ്യുതി ബന്ധത്തിൽ നിന്ന് വേർപെടുത്തുകയാണ് ഏറ്റവും പ്രധാനം. വൈദ്യുതി ഓഫാക്കിയശേഷം മാത്രമേ രോഗിയെ തൊടാവൂ. അല്ലെങ്കിൽ റബ്ബർ കൈയുറയോ ഉണങ്ങിയ മുളയോ മറ്റോ ഉപയോഗിച്ച് രോഗിയെ വൈദ്യുതിയിൽ നിന്ന് വേർപെടുത്താം. ശ്വാസം നിലച്ചിട്ടുണ്ടെങ്കിൽ വായിലേക്ക് ഊതി കൃത്രിമശ്വാസോച്ഛ്വാസം നൽകാൻ ശ്രമിക്കാം. നെഞ്ചിൽ ശക്തിയായി അമർത്തുന്നത് ഹൃദയാഘാതത്തിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കും. രോഗി മരിച്ചുപോയെന്ന് തോന്നാമെങ്കിലും എത്രയും വേഗം ആശുപത്രിയിൽ എത്തിക്കണം. ഇതുപോലെ കുറേ നേരം കിടന്നാലും യാതൊരു പരിക്കുമില്ലാതെ രക്ഷപ്പെടുത്താൻ സാധിക്കുമെന്നതാണ് ഇതിന് കാരണം.

വൈദ്യുതാഘാതത്തിന്റെ ചികിത്സ പ്രധാനമായും പരിക്കുകളുടെ പരിചരണവും ധാരാളം ഫ്ളൂയിഡ് ഡ്രിപ്പായി നൽകുകയുമാണ്. പൊള്ളൽ മൂലം ശരീരത്തിൽ നിന്ന് നഷ്ടപ്പെടുന്ന ജലാംശം മുഴുവൻ ഇങ്ങനെ നൽകിയില്ലെങ്കിൽ അതുമൂലം മാത്രം മരണം സംഭവിക്കാം. മൂത്രം പോകുന്നത് കണക്കാക്കിയാണ് ഡ്രിപ്പിന്റെ തോത് നിശ്ചയിക്കുന്നത്. ലോ വോൾട്ടേജ് വൈദ്യുതിമൂലമുള്ള പരിക്ക് മരുന്നുകൾ കൊണ്ട് 8-10 ദിവസം കൊണ്ട് പൂർണമായും കരിയും. എന്നാൽ ഹൈവോൾട്ടേജ് മൂലമുള്ള പരിക്കിന് പലപ്പോഴും സങ്കീർണശസ്ത്രക്രിയകൾ വേണ്ടി വന്നേക്കാം. പല ഘട്ടങ്ങളിൽ ചെയ്യാവുന്ന ശസ്ത്രക്രിയകൾ വേണ്ടി വന്നേക്കാം. കരിഞ്ഞഭാഗങ്ങൾ പഴുക്കാതിരിക്കാൻ പെൻസിലിൻ പോലുള്ള ഔഷധങ്ങൾ ഇൻജക്ഷൻ ആയി നൽകേണ്ടി വരും. നിർജീവ അവയവഭാഗങ്ങൾ 2-4 ദിവസങ്ങൾക്കുള്ളിൽ മുറിച്ചു മാറ്റേണ്ടി വന്നേക്കാം.

വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാൻ അതിസൂക്ഷ്മതയോടെ മാത്രം വൈദ്യുത ഉപകരണങ്ങൾ കൈകാര്യം ചെയ്യുകയും കുട്ടികളെയും മറ്റും വൈദ്യുത ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ അനുവദിക്കാതിരിക്കുകയും ചെയ്യണം. ■

വൈദ്യുതാഘാതമേറ്റ വ്യക്തിയെ എത്രയും വേഗം വൈദ്യുതി ബന്ധത്തിൽ നിന്ന് വേർപെടുത്തുകയാണ് ഏറ്റവും പ്രധാനം. വൈദ്യുതി ഓഫാക്കിയശേഷം മാത്രമേ രോഗിയെ തൊടാവൂ. അല്ലെങ്കിൽ റബ്ബർ കൈയുറയോ ഉണങ്ങിയ മുളയോ മറ്റോ ഉപയോഗിച്ച് രോഗിയെ വൈദ്യുതിയിൽ നിന്ന് വേർപെടുത്താം.


# ജന്മനാടിന്റെ ആദരം ഏറ്റുവാങ്ങി വിനീത വിധേയനായി കഥാപുരുഷൻ

**പൂവറ്റൂർ ബാഹുലേയൻ**

"ഇതിനേക്കാൾ വലിയ സ്വീകരണം എനിക്ക് എവിടെയും കിട്ടാനില്ല. അടൂർക്കാരനായി ജനിച്ചതിലും വളർന്നതിലും അഭിമാനം". വിശ്വചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ തനിക്ക് ജന്മനാട് നൽകിയ സ്വീകരണത്തിന് മറുപടി പറഞ്ഞു. താലപ്പൊലിയും നാടൻ കലാരൂപങ്ങളും പഞ്ചവാദ്യവും താള മേളങ്ങളും നിറഞ്ഞ ഘോഷയാത്രയുടെ അകമ്പടിയിൽ ഇരുപാർശ്വങ്ങളിലും തിങ്ങിനിറഞ്ഞ ജനാവലിയുടെ ആദരവും അംഗീകാരവും നെഞ്ചോടു ചേർത്ത് സാക്ഷാൽ അടൂർ അടൂരിന്റെ ഹൃദയത്തിലൂടെ നീങ്ങിയത് നിറഞ്ഞ മനസോടെ. ഇ.വി. കൃഷ്ണപിള്ളയ്ക്കും മുൻഷി പരമു പിള്ളക്കും അടൂർ ഭാസിക്കും അടൂർ ഭവാനിക്കും അടൂർ പങ്കജത്തിനുമൊക്കെ ജന്മം നൽകിയ മണ്ണിൽ മന്ത്രിമാരുൾപ്പെടെ ഒട്ടനവധി ജനപ്രതിനിധികളും ജില്ലാ ഭരണകൂടവും നിറഞ്ഞ ചാരിതാർഥ്യത്തോടെയാണ് അടൂരെന്ന നാമം വിശ്വ വിഹായസിൽ എത്തിച്ച കഥാപുരുഷന് വരവേല്പ് നൽകിയത്. അടൂർ ഗീതം ആഡിറ്റോറിയത്തിൽ നിറഞ്ഞു കവിഞ്ഞ സദസ്സിനെ സാക്ഷിയാക്കി അടൂർ എന്ന വിശ്വ ചലച്ചിത്രകാരൻ ഫാൽക്കെ അവാർഡ് നേടിയതിലുള്ള ജന്മനാടിന്റെ പ്രണാമവും സ്നേഹവായ്പും ഏറ്റുവാങ്ങി. മന്ത്രിമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, കവി കടമ്മനിട്ട രാമകൃഷ്ണൻ, അടൂർ പങ്കജം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപ്പിനഴികത്ത് ശാന്തകുമാരി, വൈസ് പ്രസിഡന്റ് എ. പി. ജയൻ, മുൻ എം.എൽ.എ. ആർ. ഉണ്ണിക്കൃഷ്ണപിള്ള, അടൂർ മുനിസിപ്പൽ ചെയർപേഴ്സൺ അന്നമ്മ വർഗീസ്, ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ, സാംസ്കാരിക-രാഷ്ട്രീയ-സാമൂഹ്യ സംഘടനാ പ്രതിനിധികൾ തുടങ്ങി നാനാ തുറകളിലുള്ളവരുടെ സ്നേഹാദരങ്ങൾ അടൂരിനെ പുണർന്നപ്പോൾ അടൂർ എന്ന കഥാപുരുഷനും ഒപ്പം നാടും അഭിമാനം കൊണ്ടു. ആദരസൂചകമെന്നോണം അടൂരിന്റെ പന്ഥാവിലെ രജത നക്ഷത്രങ്ങളുടടെ മംഗളാചരണം ആർ.ഡി.ഒ.ബി. മോഹനൻ വായിച്ചപ്പോൾ അടൂർ നമ്ര ശിരസ്കനായി.

മലയാളത്തെ എല്ലാ മതിലുകളും ഭേദിച്ച് വിശ്വമെങ്ങും എത്തിച്ച കഥാപുരുഷൻ കാലാതീതനെന്ന് ചരിത്രസാക്ഷ്യം. അടൂർ ചവിട്ടിക്കയറിയ പടവുകളിലെ പാദസ്പർശം അപൂർവതയുടെ മുത്തുകളാണ്. സിനിമയെ സ്വയംവരം ചെയ്ത് എന്നും നല്ല സിനിമകളുടെ മാത്രം കൊടിയേറ്റം നടത്തിയ അടൂർ ജനിച്ചത് 1941-ലാണ്. അടൂർ മണക്കാല തുവയൂർ വടക്ക് മൗട്ടത്ത് മാധവനുണ്ണിത്താന്റെയും ഗൗരിക്കുഞ്ഞമ്മയുടെയും ആറുമക്കളിൽ അഞ്ചാമനായിട്ടാണ് അടൂർ പിറന്നത്. സാവിത്രിക്കുഞ്ഞമ്മ, പരേതയായ സുകുമാരിക്കുഞ്ഞമ്മ, സരോജിനിക്കുഞ്ഞമ്മ, പ്രൊഫ. രാമചന്ദ്രനുണ്ണിത്താൻ, അയ്യപ്പനുണ്ണിത്താൻ എന്നിവരാണ് സഹോദരങ്ങൾ. എന്നാൽ അടൂർ ഭവാനിയും അടൂർ പങ്കജവും തന്റെ സഹോദരിമാരാണെന്നും അടൂർഭാസി സഹോദരനുമാണെന്ന് അടൂർ തന്റെ നാടിനോടും സിനിമയോടുമുള്ള പ്രതിബദ്ധത വെളിവാക്കിക്കൊണ്ട് പറഞ്ഞു. കായംകുളം കുന്നമ്പള്ളിൽ രാഘവൻനായരുടെ പുത്രി സുനന്ദയാണ് ഭാര്യ. ഏകമകൾ അശ്വതിയും മരുമകൻ ഡോ. ഷെറിങും ഐ.പി.എസ്. നേടി ഉന്നത പോലീസ് ഉദ്യോഗത്തിലുമാണ്.

കൊട്ടറ തുവയൂർ വടക്ക് എൽ.പി.സ്കൂളിലായിരുന്നു അടൂരിന്റെ പ്രാഥമിക വിദ്യാഭ്യാസം. പന്തളം എൻ.എസ്.എസ് കോളേജിൽ നിന്നും ഇന്റർമീഡിയറ്റ് പാസായ ശേഷം അവിടെത്തന്നെ ബി.എസ്.സി സുവോളജിക്ക് ചേർന്നു. എന്നാൽ കോഴ്സ് പൂർത്തിയാക്കും മുമ്പ് കോയമ്പത്തൂർ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിഗ്രിക്ക് ചേർന്നു. ഡിഗ്രി നേടിയ ശേഷം കേന്ദ്രഗവണ്മെന്റിൽ നാഷണൽ സാമ്പിൾ സർവേയിൽ ഇൻവെസ്റ്റിഗേറ്ററായി ജോലിയിൽ പ്രവേശിച്ചു. ഒരു വർഷത്തെ സേവനത്തിനുശേഷം ജോലി ഉപേക്ഷിച്ച് പൂന നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ക്രിപ്റ്റ് റൈറ്റിംഗും സംവിധാനവും പഠിക്കാൻ ചേർന്നു. അടൂർ എന്ന വിശ്വ ചലച്ചിത്രകാരന്റെ സൃഷ്ടിക്കു കാരണമായ വഴിത്തിരിവ് ഇവിടെ സംഭവിച്ചത് ഇന്ത്യൻ സിനിമയുടെയും ജന്മനാടിന്റെയും ഭാഗ്യം. അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ റാങ്കു നേടിയതുകൊണ്ട് സ്കോളർഷിപ്പോടെയാണ് പഠനം പൂർത്തിയാക്കിയത്. പൂന ഫിലിം



ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൃഷ്ടിയായ അടൂർ 1965-ൽ ഇന്ത്യയിലെ ആദ്യ ഫിലിം സഹകരണ സ്ഥാപനവും കേരളത്തിലെ ആദ്യ ഫിലിം സൊസൈറ്റിയുമായ ചിത്രലേഖാ ജനകീയ സഹകരണ ഫിലിം നിർമാണ കമ്പനിക്ക് ജന്മം നല്കി. മലയാള സിനിമാ സങ്കല്പത്തിന് മൊഴിമാറ്റമായി ഇത്. നവ സിനിമയെ സ്നേഹിക്കുന്നവരുടെ വളർച്ചക്ക് ഇത് ശക്തി പകർന്നും അരവിന്ദൻ, പി.എ.ബക്കർ, കെ.ജി. ജോർജ്ജ്, പവിത്രൻ, റ്റി.വി. ചന്ദ്രൻ തുടങ്ങിയവരുടെ പാദമുദ്രകൾ സിനിമയിൽ സ്ഥാനം നേടി.

നിരവധി അന്തർദേശീയ അംഗീകാരങ്ങൾ തുടർച്ചയായി നേടാൻ അതുല്യഭാഗ്യമുണ്ടായ അടൂർ ദൃശ്യ സംവേദനത്തിനും മുഖ്യധാരാ സങ്കല്പത്തിനും മാറ്റം കുറിച്ച് നവ സിനിമകൾക്ക് തുടക്കമിട്ടു. 1972-ൽ പുറത്തിറങ്ങിയ ആദ്യ ചിത്രം-സ്വയംവരം-ദേശീയ അവാർഡും നാല് സംസ്ഥാന അവാർഡുകളും നേടി. പത്ത് അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ചു. 1977-ൽ പുറത്തിറങ്ങിയ കൊടിയേറ്റം, 1981-ൽ പുറത്തിറങ്ങിയ എലിപ്പത്തായം, 1984-ലെ മുഖാമുഖം, 1987-ലെ അനന്തരം എന്നീ ചിത്രങ്ങൾ നിരവധി സംസ്ഥാന, ദേശീയ അവാർഡുകൾക്കൊപ്പം തുടർച്ചയായി അന്തർദേശീയ അവാർഡുകളും നേടി. ഇതിൽ എലിപ്പത്തായത്തിന് ലഭിച്ച ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് എടുത്തു പറയേണ്ടതാണ്.

1990-ൽ മതിലുകൾ ഫിപ്രസ്കി, യുനിസെഫ് അന്തർദേശീയ അവാർഡുകളും മൂന്ന് ദേശീയ അവാർഡുകളും കരസ്ഥമാക്കിയപ്പോൾ 1993-ൽ വിധേയന് ഫിപ്രസ്കി അവാർഡ്, സിങ്കപ്പൂർ സ്പെഷ്യൽ മെൻഷൻ, മാൻഫെയിം ഇന്റർ ഫിലിം ജൂറി പ്രൈസ്, നോട്ടർഡാം നെറ്റ് വാകാ പ്രൈസ്, രണ്ട് ദേശീയ അവാർഡുകൾ, നാല് സംസ്ഥാന അവാർഡുകൾ എന്നിവ ലഭിച്ചു. 14 അന്താരാഷ്ട്ര മേളകളിലേക്കും വിധേയൻ തെരഞ്ഞെടുക്കപ്പെട്ടു.

രണ്ട് ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും നേടിയ 1995-ലെ കഥാപുരുഷനും ഒരു ദേശീയ അവാർഡും രണ്ട് സംസ്ഥാന അവാർഡുകളും നേടിയ 2002-ലെ നിഴൽക്കുത്തും 12 വീതം അന്താരാഷ്ട്ര മേളകളിലേക്കാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഒമ്പതു ഫീച്ചർ ഫിലിമുകൾക്കു പുറമെ ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളുമായി മുപ്പതോളം ചിത്രങ്ങൾ അടൂരിന്റെ പട്ടികയിലുണ്ട്.

1981-ൽ ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് നേടിയ അടൂരിന് 1984-ൽ പത്മശ്രീ പുരസ്കാരം ലഭിച്ചപ്പോഴും അടൂർ പൗരാവലി അദ്ദേഹത്തെ വൻ സ്വീകരണം നൽകി ആദരിക്കുകയുണ്ടായി. മികച്ച സംവിധായകനുള്ള ദേശീയ അവാർഡ് നാല് തവണയും മികച്ച തിരക്കഥാകൃത്തിനുള്ള അവാർഡ് മൂന്ന് തവണയും ഫിപ്രസ്കി ഇന്റർനാഷണൽ ഫിലിം ക്രിട്ടിക്സ് അവാർഡ് അഞ്ചു തവണയും കരസ്ഥമാക്കിയ അടൂരിന് 2000-ൽ ഫ്രഞ്ച് സർക്കാരിന്റെ കമാന്റർ ഓഫ് ആർട്ട്സ് ആന്റ് ലറ്റേഴ്സ് ബഹുമതിയും ലഭിച്ചപ്പോൾ ഇത് സിനിമയിലെ അത്യപൂർവതയായി.



സിനിമയ്ക്കുള്ള സമഗ്ര സംഭാവനകൾ പരിഗണിച്ച് ഇന്ത്യൻ സിനിമയുടെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ അവാർഡ് അടൂരിനെ തേടിയെത്തിയത് ഇരട്ടി മധുരമെന്നോണം പേരക്കുട്ടി ജനിച്ചതിന്റെ അഞ്ചാം നാളിൽ. തെക്കേ ഇന്ത്യയിൽ നിന്ന് ഈ പരമോന്നത ബഹുമതി നേടുന്ന ആദ്യസംവിധായകനായി അടൂർ.

ദൃശ്യസംവേദനത്തിൽ അടൂർ തിരുത്തിക്കുറിച്ച മാറ്റവുമായി മുഖ്യധാരാ സിനിമയ്ക്ക് സന്ധി ചെയ്യേണ്ടി വന്നത് വഴി മുഖ്യധാരാ സിനിമയുടെ നിലവാരം ഉയർത്തുവാനും അടൂരിന് കഴിഞ്ഞു. ഇത് സിനിമയിലെ വഴിത്തിരിവായി. അങ്ങനെ ബോക്സ് ഓഫീസ് സിനിമകൾക്ക് അടൂർ സിനിമയ്ക്കൊപ്പം മാറ്റം വരുത്തി നിലവാരം മെച്ചപ്പെടുത്തേണ്ടി വന്നു.

> രണ്ട് ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും നേടിയ 1995-ലെ കഥാപുരുഷനും ഒരു ദേശീയ അവാർഡും രണ്ട് സംസ്ഥാന അവാർഡുകളും നേടിയ 2002-ലെ നിഴൽക്കുത്തും 12 വീതം അന്താരാഷ്ട്ര മേളകളിലേക്കാണ് തെരഞ്ഞെടുക്കപ്പെട്ടത്.

സൃഷ്ടിയോടുള്ള പ്രതിബദ്ധതയും പറയുന്ന കാര്യങ്ങളോടുള്ള സത്യസന്ധതയുമാണ് അടൂരിനെ വേറിട്ടു നിർത്തുന്നത്. നമ്മുടെ ഇടയിലുള്ളതും എന്നാൽ അസാധാരണവുമായ വിഷയങ്ങളാണ് ഓരോ ചിത്രത്തിലും അടൂർ സൃഷ്ടിക്കുന്നത്. നമ്മുടെ ജീവിതത്തിലും സംസ്കാരത്തിലും ഉള്ള വൈയക്തിക വിഷയങ്ങൾക്ക് ഒരു സാർവ ലൗകിക മാനം നൽകുന്നതാണ് അടൂരിനെ രാജ്യാന്തര പ്രശസ്തനാക്കുന്നത്. പള്ളിക്കൽ മേടയിൽ തറവാട്ടിൽ നടന്ന മൗട്ടത്ത് കുടുംബ സംഗമത്തിൽ ഓർമകളുടെ തിരയിളക്കത്തിൽ ഈ രാജ്യാന്തര ചലച്ചിത്രകാരന്റെ വാക്കുകൾ മുറിഞ്ഞു. "രാജ്യത്തിനകത്തും പുറത്തും ഒട്ടനവധി വേദികളിൽ പ്രസംഗിച്ചിട്ടുണ്ട്. പക്ഷേ അന്നൊന്നും അനുഭവപ്പെടാതിരുന്ന അമ്പരപ്പാണിപ്പോൾ. സംസാരിക്കുന്നത് വീട്ടുകാരോടാണ്; നിൽക്കുന്നത് ജനിച്ച വീട്ടിലാണ്. ഓർമകൾ തങ്ങി നിൽക്കുന്ന സ്ഥലം". കുടുംബ വീട്ടുകാരും അയൽക്കാരും നാട്ടുകാരും ഒക്കെ ചേർന്ന് ഒരുക്കിയ സംഗമത്തിൽ കുട്ടിക്കാല ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ അടൂരിന് തുടങ്ങിവച്ച വാചകങ്ങൾ മുഴുമിപ്പിക്കാനായില്ല. ആർട്ടിസ്റ്റ് മേടയിൽ രാമനുണ്ണിത്താൻ സ്മാരക ലളിത കലാ പഠന കേന്ദ്രത്തിൽ നിന്ന് താലപ്പൊലി, വേലകളി, നാടൻ കലാ രൂപങ്ങൾ, വാദ്യമേളങ്ങൾ എന്നിവയുടെ അകമ്പടിയോടെയാണ് അടൂരിനെ എതിരേറ്റത്. കുടുംബത്തിലെ മുതിർന്ന അംഗം ഭവാനിക്കുഞ്ഞമ്മ ഭദ്രദീപം കൊളുത്തി. തറവാട്ടു കാരണവർ രാമകൃഷ്ണക്കുറുപ്പ് അധ്യക്ഷത വഹിച്ചു. മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, കവി കടമ്മനിട്ട രാമകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപ്പിനഴികത്ത് ശാന്തകുമാരി, വൈസ് പ്രസിഡന്റ് ഏ. പി. ജയൻ, മുൻ എം.എൽ.എ. ആർ. ഉണ്ണിക്കൃഷ്ണപിള്ള, പ്രൊഫ. മോഹൻ കുമാർ, കലഞ്ഞൂർ മധു, മറിയാമ്മ തരകൻ, കെ. മോഹനൻ എന്നിവർ പ്രസംഗിച്ചു. പനങ്ങാട്ട് രാമനുണ്ണിത്താൻ സ്വാഗതവും എം.ആർ നാരായണനുണ്ണിത്താൻ നന്ദിയും പറഞ്ഞു. കുടുംബാംഗങ്ങൾ അടൂരിന് ഉപഹാരം നൽകി. മണക്കാല തുവയൂർ വടക്ക് പൗരാവലിയും അടൂരിന് സ്വീകരണം നൽകി. പ്രൊഫ. കടമ്മനിട്ട വാസുദേവൻപിള്ള, പ്രൊഫ. മധു ഇറവങ്കര, കെ.കുര്യൻ, മറിയാമ്മ തരകൻ, അടൂർ മോഹൻദാസ് തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ കലാരൂപങ്ങളുടെ അകമ്പടിയോടെ നാടിനുത്സവമായിത്തീർന്ന ചടങ്ങുകളിൽ പൊതു ജനങ്ങളുടെയും വീട്ടുകാരുടെയും സ്നേഹോഷ്മളങ്ങൾ ഏറ്റുവാങ്ങി അടൂർ പറഞ്ഞത് ഇങ്ങനെ - "ജീവിതാനുഭവങ്ങളാണ് ഞാൻ സിനിമയിൽ പകർത്തുന്നത്. സിനിമയെടുക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ എനിക്കാവില്ല". ■

# ക്ലാസിക് സിനിമകൾ ഇനി റേഡിയോയിലും

തിരുവനന്തപുരം ആകാശവാണിയും സംസ്ഥാന ചലച്ചിത്ര അക്കാദമിയും ചേർന്നൊരുക്കുന്ന പ്രയാണം എന്ന റേഡിയോ പരമ്പരയുടെ പ്രക്ഷേപണം ആരംഭിച്ചു.

പത്താമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് തിരുവനന്തപും കൈരളി തീയേറ്ററിൽ നടന്ന ചടങ്ങിൽ ആകാശവാണി സ്റ്റേഷൻ ഡയറക്ടർ ജെ. കമലാനാഥൻ അധ്യക്ഷനായിരുന്നു. സംവിധായകൻ ഹരികുമാർ, അക്കാദമി സെക്രട്ടറി എം.കെ. വിവേകാനന്ദൻ നായർ തുടങ്ങിയവർ സംബന്ധിച്ചു.

വിശ്വോത്തര സിനിമകളിലൂടെ ഒരു ആസ്വാദകൻ നടത്തുന്ന യാത്രയാണ് പ്രയാണം എന്ന പരമ്പര. സിനിമ എന്ന കലാരൂപത്തിന്റെ ആരംഭകാലം മുതൽ ഇന്നോളം ആഗോളതലത്തിൽ ഉണ്ടായിട്ടുള്ള ക്ലാസിക് സിനിമകളെ സാധാരണ ശ്രോതാക്കൾക്ക് പരിചയപ്പെടുവാനുള്ള അവസരമാണ് ഇതിലൂടെ ഒരുങ്ങുന്നത്.

ജനുവരി ഒന്നുമുതൽ പ്രക്ഷേപണം ആരംഭിച്ച പരമ്പര എല്ലാ ഞായറാഴ്ചകളിലും വൈകിട്ട് 7.35ന് യുവവാണിയിലാണ് പ്രക്ഷേപണം ചെയ്യുക. മുപ്പത്തിമൂന്ന് ഭാഗങ്ങളാണ് പരമ്പരയിലുള്ളത്. ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് ബിജു മാത്യുവാണ് പരിപാടിയുടെ നിർവാഹകൻ. സിജു വി. മധു, മനേഷ് എം.പി. എന്നിവർ ചേർന്നു തയ്യാറാക്കുന്ന പരമ്പരയുടെ ശീർഷക സംഗീതം സംവിധാനം ചെയ്തിരിക്കുന്നത് പ്രവീൺ കൃഷ്ണനാണ്.

മലയാള പ്രക്ഷേപണ ചരിത്രത്തിൽ തികച്ചും നൂതനമായ ഒരു സാധ്യതയാണ് ഈ പരമ്പരയുടെ നിർമാണത്തിലൂടെ ആകാശവാണി തുറക്കുന്നത്. മാധ്യമ വിപ്ലവത്തിന്റെ ഇക്കാലത്തും റേഡിയോയ്ക്ക് സമൂഹത്തിൽ ചെലുത്താനാവുന്ന സ്വാധീനമാണ് ഇത്തരം ഒരു പരിപാടി ആസൂത്രണം ചെയ്യാനുള്ള കാരണം.

ബാറ്റിൽഷിപ് പോട്ടെംകിൻ, ബൈസിക്കിൾ തീവ്സ്, പാഷൻ ഓഫ് ജോൻ ഓഫ് ആർക്, സിറ്റിസൺ കെയ്ൻ, റാഷമോൺ, സെവൻത് സീൻ, ടോക്കിയോ സ്റ്റോറി, മദർ, ബ്രീത്‌ലെസ്, റൂൾസ് ഓഫ് ദി ഗെയിം, നൈഫ് ഇൻ ദി വാട്ടർ എന്നിങ്ങനെ ക്ലാസിക്കുകൾ എന്ന് ലോകം വിലയിരുത്തിയ 30 സിനിമകളാണ് പരമ്പരയിൽ ഉള്ളത്. പരമ്പരയിലെ ഏക ഇന്ത്യൻ ചിത്രം സത്യജിത് റേയുടെ പഥേർ പാഞ്ജലിയാണ്.



# വളർത്തുമൃഗങ്ങളുടെ ശ്മശാനത്തിന് അവഗണന

വളർത്തുമൃഗങ്ങളെ ജീവനുതുല്യം സ്നേഹിക്കുന്ന ഉടമകൾക്കായി 1935-ൽ അമേരിക്കയിലെ എൽക്റിഡ്ജിൽ റോസ ബോൺഹർ സ്മാരക പാർക്ക് എന്ന പേരിൽ ആദ്യമായി ഒരു ശ്മശാനം സ്ഥാപിക്കപ്പെട്ടിരുന്നു. ഇവിടെ വളർത്തുമൃഗങ്ങളുടെ കുഴിമാടത്തിനരികെ അതിന്റെ ഉടമകൾക്കും ശവക്കല്ലറ സ്ഥാപിക്കാനുള്ള സൗകര്യവും തീർത്തിരുന്നു. മൃഗങ്ങളുടെ പെയിന്റിംഗിലൂടെ ശ്രദ്ധകവർന്ന റോസബോൺഹറുടെ നാമമാണ് ഈ സ്മാരക പാർക്കിന് നല്കിയിരിക്കുന്നത്.

എന്നാൽ ഇന്ന് ഇത് വിവാദത്തിൽപ്പെട്ടിരിക്കുകയാണ്. ഇവിടെ ശവങ്ങൾ മോഷണം പോകുന്നു, ശ്മശാനത്തിന് വേണ്ടത്ര ശ്രദ്ധയും പരിഗണനയും നല്കുന്നില്ല, 1990ന് ശേഷം അറ്റകുറ്റപ്പണികളൊന്നും നടന്നുവരുന്നില്ല എന്നൊക്കെയാണ് മൃഗസ്നേഹികളുടെ വിമർശനങ്ങൾ. കൂടാതെ വൻകിട ഷോപ്പിംഗ് കോംപ്ലക്സായി ശ്മശാനം അക്വയർ ചെയ്യാനും പോകുന്നുവത്രെ. ഇതിനെതിരെ നിയമ യുദ്ധത്തിനിറങ്ങിയിരിക്കുകയാണ് മൃഗാവകാശ പ്രവർത്തകർ. 22000 മൃഗങ്ങളുടെയും 20 മനുഷ്യരുടെയും മൃതദേഹങ്ങൾ അടക്കം ചെയ്ത ശ്മശാനത്തിൽ വളർത്തുമൃഗഉടമകൾ കണ്ണീരോടെ പുഷ്പാർച്ചന നടത്താറുണ്ട്.

## കുട്ടിസംവിധായകൻ

സിനിമാസംവിധാനത്തിന് കുറഞ്ഞ പ്രായം ഒരു പ്രശ്നമാണോ? അല്ല തന്നെ. പല വമ്പന്മാരും വമ്പത്തികളും പരീക്ഷിച്ചു പരാജയപ്പെട്ടിടത്തേയ്ക്ക് ഒൻപതു വയസുകാരൻ കിഷൻ എത്തുന്നു; W/Z ഫുട്പാത്ത് എന്ന കന്നടച്ചിത്രവുമായി. ഈ കുട്ടിസംവിധായകന്റെ ചിത്രത്തിലെ നായകനും നായികയും ആരാണെന്നോ? ജാക്കിഷ്രോഫും ദേശീയ അവാർഡ് ജേതാവ് കന്നഡ നടി താരയും. സംവിധാനത്തിന്റെ കാര്യത്തിൽ അത്ര കട്ടിയൊന്നുമല്ല കിഷൻ എന്നാണ് ജാക്കിഷ്രോഫ് പറയുന്നത്.

# ഇനി സുനാമിയെ ഭയക്കേണ്ട




അപ്രതീക്ഷിതമായി ആഞ്ഞടിച്ച സുനാമിത്തിരമാലകൾ സൃഷ്ടിച്ച ആഘാതത്തിന്റെ നടുക്കത്തിൽ നിന്ന് ഇനിയും കേരളം പൂർണമായും മുക്തമായിട്ടില്ല. ഇനിയൊരു ദുരന്തത്തിൽപ്പെടാതിരിക്കാൻ മുൻകരുതലെടുക്കേണ്ടത് വളരെ പ്രധാനവുമാണ്. ഇതിനായി വിഴിഞ്ഞത്ത് സീവേർഡ് ബ്രേക്ക് വാട്ടർ ബണ്ടിനു സമീപം സുനാമി മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ചു. അപകടം തുടങ്ങുമ്പോൾ ഈ ഉപകരണങ്ങൾ ശബ്ദം പുറപ്പെടുവിക്കുകയും ചെന്നൈ കേന്ദ്രത്തിൽ അടിയന്തര സന്ദേശം എത്തിക്കുകയും ചെയ്യും.

## റിപ്പബ്ലിക് ദിന പരേഡിൽ കേരള എൻ.സി.സിക്ക് സ്വർണമെഡൽ

കേരള ലക്ഷദ്വീപ് എൻ.സി.സി. ഡയറക്ടറേറ്റിൽ നിന്നും ന്യൂഡൽഹി റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത എൻ.സി.സി. കേഡറ്റുകൾക്ക് സ്വർണമെഡൽ ലഭിച്ചു. ഒമ്പതാം കേരള നേവൽ യൂണിറ്റിലെ അശ്വന്ത്.പി.യെ ബെസ്റ്റ് കേഡറ്റായി തെരഞ്ഞെടുത്തു. സ്വർണമെഡലും ലഭിച്ചു. ഫ്ളൈയിംഗിന് ദർശൻ. സ്വർണ മെഡൽ ലഭിച്ചു. ഗ്രൂപ്പ്ഡാൻസിനും സ്വർണ മെഡലുണ്ട്. ആർ.വി.സിയ്ക്ക് ഒരു സ്വർണവും രണ്ട് വെള്ളിയും. എയ്റോ മോഡലിംഗിന് രണ്ട് വെള്ളി മെഡലും ലഭിച്ചു.




## കർണാടകയിൽ പുതിയ മുഖ്യമന്ത്രി



കർണാടകയിലെ പുതിയ മുഖ്യമന്ത്രിയായി എച്ച്.ഡി. കുമാരസ്വാമി ചുമതലയേറ്റു. 2006 ഫെബ്രുവരി 3ന് ബാംഗ്ലൂരിൽ സത്യപ്രതിജ്ഞ ചെയ്താണ് ചുമതലയേറ്റത്. മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡയുടെ പുത്രനും ജനതാദൾ (എസ്) നേതാവുമാണ് ഇദ്ദേഹം. മുഖ്യമന്ത്രിയായിരുന്ന എൻ. ധരംസിംഗ് (കോൺഗ്രസ്) ഫെബ്രുവരി 28ന് രാജിവച്ചതിനെത്തുടർന്നാണ് ഇദ്ദേഹം സ്ഥാനമേറ്റത്.

## നേതാജി അവാർഡ് 2006



പ്രസിദ്ധ ഫിലിം നിർമാതാവ് ശ്യാംബെനഗൽ, ശ്രദ്ധേയനായ നാടക കലാകാരൻ സച്ചിൻ വഡേക്കർ, നേതാജി സുഭാഷ് ചന്ദ്രബോസിന്റെ അടുത്ത സഹചാരിയായിരുന്ന അന്തരിച്ച കേണൽ ഹബീബുർ റഹ്മാൻ എന്നിവർ 2006-ലെ നേതാജി അവാർഡിനർഹരായി. കൊൽക്കത്തയിലെ നേതാജി റിസർച്ച് ബ്യൂറോയാണ് അവാർഡ് നൽകിയത്.

## കമ്മ്യൂണൽ ഹാർമണി അവാർഡ്

ആസ്സാമിലെ അറിയപ്പെടുന്ന ഗാന്ധിയൻ ഹേമാഭറാലി 2005-ലെ മതസൗഹാർദത്തിനുള്ള വ്യക്തിഗത അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടു. സംഘടനാ തലത്തിൽ രാമകൃഷ്ണമിഷനാണ് ഈ അവാർഡിന് അർഹത നേടിയിരിക്കുന്നത്.

## ഇർഫാൻ പത്താന് ബഹുമതി



ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിൽ ആദ്യത്തെ ഓവറിൽ തന്നെ ഹാട്രിക് നേടിയ ക്രിക്കറ്റ് കളിക്കാരനെന്ന ബഹുമതി ഇർഫാൻ പത്താൻ കരസ്ഥമാക്കി. 2006 ജനുവരി 29ന് കറാച്ചിയിൽവച്ച് പാകിസ്ഥാനുമായുള്ള മൂന്നാം ടെസ്റ്റിലാണ് ഈ നേട്ടം അദ്ദേഹം കൈവരിച്ചത്.

## കാനഡാ പ്രധാനമന്ത്രി



കാനഡയിലെ പുതിയ പ്രധാനമന്ത്രിയായി കൺസർവേറ്റീവ് പാർട്ടി നേതാവ് സ്റ്റീഫൻ ഹാർപർ തെരഞ്ഞെടുക്കപ്പെട്ടു. 2006 ജനുവരി 23ന് നടന്ന തെരഞ്ഞെടുപ്പിലാണ് ഇദ്ദേഹം മുന്നിലെത്തിയത്. ലിബറൽ പാർട്ടിയിലെ പോൾമാർട്ടിനെ പിൻതുടർന്നാണ് ഇദ്ദേഹം ഈ സ്ഥാനത്തെത്തിയത്.

## ലോക സാമ്പത്തിക ഫോറം

2006-ലെ ലോക സാമ്പത്തികഫോറം (വേൾഡ് എക്കണോമിക് ഫോറം) ജനുവരി 25 മുതൽ 29വരെ സ്വിറ്റ്സർലണ്ടിലെ ദാവൂസിൽ സംഘടിപ്പിച്ചു. ഈ വർഷത്തെ സമ്മേളനത്തിന്റെ പ്രധാന തീം 'ഇന്ത്യ എല്ലായിടത്തും' (India Everywhere), എന്നതായിരുന്നു. 89 രാജ്യങ്ങളിൽ നിന്ന് 2000 പേർ ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഓരോ രാജ്യങ്ങളിലെയും വിവിധ സംസ്ഥാനങ്ങളുടെ തലവന്മാർ, മന്ത്രിമാർ, മതനേതാക്കന്മാർ, സംഘടനാ നേതാക്കന്മാർ, എൻ.ജി.ഒ. തലവന്മാർ മുതലായവർ ഇക്കൂട്ടത്തിൽ പെടുന്നു.

## നൂറ്റാണ്ടിലെ ചൂട് കൂടിയ വർഷം

ഈ നൂറ്റാണ്ടിലെ ഏറ്റവും ചൂടുകൂടിയ വർഷമാണ് 2005 എന്ന് നാസ. 2006 ജനുവരി 24ന് പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് നാസയുടെ ഈ കണ്ടെത്തൽ. 1998 ആയിരുന്നു ചൂടുകൂടിയ വർഷത്തിൽ 2005ന് തൊട്ടു പിന്നിൽ നിൽക്കുന്നത്. ഈ നൂറ്റാണ്ടിലെ ചൂടുകൂടിയ അഞ്ചു വർഷങ്ങൾ കഴിഞ്ഞ എട്ടുവർഷത്തിനുള്ളിലാണെന്നും നാസയുടെ പഠനങ്ങൾ വെളിപ്പെടുത്തുന്നു.

## വിജയ്. കെ. നമ്പ്യാർ – കോഫി അന്നാന്റെ ഉപദേഷ്ടാവാകുന്നു



ദേശീയ സുരക്ഷാ ഡപ്യൂട്ടി ഉപദേഷ്ടാവും സുരക്ഷാ കൗൺസിൽ സെക്രട്ടറിയുമായ മലയാളി നയതന്ത്രജ്ഞൻ വിജയ്.കെ. നമ്പ്യാർ യു.എൻ. സെക്രട്ടറി ജനറൽ കോഫി അന്നാന്റെ ഉപദേഷ്ടാവായി നിയമിതനാകും. ഏപ്രിൽ ഒന്നു മുതൽ ഒരു വർഷത്തെയ്ക്കാണ് നിയമനം. യു.എന്നിലെ രണ്ടാമത്തെ വലിയ ഔദ്യോഗിക പദവിയായ ഡപ്യൂട്ടി സെക്രട്ടറി ജനറലിന്റെ കസേര ഏപ്രിൽ ഒന്നിന് ഒഴിയുന്നതിനാൽ ആ ചുമതലകളാണ് നമ്പ്യാർ വഹിക്കുക.


## Statement of ownership and other particulars of Janapatham Monthly

(Form IV – See rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Jiji Thomson IAS |
| | Whether citizen of India | : | Yes |
| | Address | : | Principal Secretary Information and Public Relations, Thiruvananthapuram |
| 4. | Publisher's Name | : | Jiji Thomson IAS |
| | Whether citizen of India | : | Yes |
| | Address | : | Principal Secretary Information and Public Relations, Thiruvananthapuram |
| 5. | Editor's Name | : | Jiji Thomson IAS |
| | Whether citizen of India | : | Yes |
| | Address | : | Principal Secretary Information and Public Relations, Thiruvananthapuram |
| 6. | Name and Address of individual who own the newspaper | : | Government of Kerala |

I, Jiji Thomson IAS declare that the particulars given above are true to the best of my knowledge and belief.

Sd/-
Jiji Thomson IAS
Publisher

Thiruvananthapuram,
28.02.2006.


FLIGHT TICKET
HOUSE BOAT









ചിത്രങ്ങൾ: **പ്രവീൺ എം.വി.**

# പാപനാശം

പ്രശസ്തമെങ്കിലും തിരക്കില്ലാത്ത, നീന്താനും ക്രിക്കറ്റ് കളിക്കാനും കഴിയുന്ന തീരം. യോഗ നടത്തുവാൻ ആവശ്യമായ സ്വകാര്യത. നീണ്ട മണൽത്തിട്ടയ്ക്ക് അതിരു തീർത്ത് കിഴുക്കാംതൂക്കായ ചെമ്മൺതിട്ട. പ്രകൃതിയുടെ കനിവായി ധാതുജല നിർത്ധരി. എട്ടു നൂറ്റാണ്ടുകൾക്കു മുൻപേ തീർത്ഥാടനകേന്ദ്രമെന്ന നിലയിൽ പ്രസിദ്ധമായ വർക്കല പാപനാശം തീരം, ആയിരങ്ങളുടെ പിതൃതർപ്പണ കേന്ദ്രവും കൂടിയാണ്.

